www.malankaralibrary.com

ഡിസംബർ 2025

# ക്രൈസ്തവ കാഹളം



## കൃപാഭിഷേക നിറവിൽ

മെത്രാഭിഷേക പ്രത്യേക പതിപ്പ്

www.malankaralibrary.com



കൃപ നിറഞ്ഞ മറിയമേ, നീ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ, ദുഃഖിതരെപ്പോലെയായിരുന്നെങ്കിലും നീ സദാ ആനന്ദിച്ചുകൊണ്ടിരുന്നു; ദരിദ്രയായിരുന്നെങ്കിലും അനേകരെ സമ്പന്നരാക്കുന്നു; ഒന്നുമില്ലാത്തവരെപ്പോലെയായിരുന്നെങ്കിലും നീ എല്ലാം ഉള്ളവളാകുന്നു. എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസിയും സഹപ്രവർത്തകയുമാണെന്നു നീ കാണിച്ചുകൊണ്ടിരുന്നു. പുനരൈക്യത്തിൻ മാതാവേ, ഞങ്ങൾ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസരും സഹപ്രവർത്തകരുമായിരിക്കാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ആമ്മേൻ.

www.malankaralibrary.com

# നവാഭിഷിക്തർക്ക് പ്രാർത്ഥനാ മംഗളങ്ങൾ!



www.malankaralibrary.com

# ക്രൈസ്തവ കാഹളം

# ഉള്ളടക്കം

ഡിസംബർ 2025
വാല്യം 86 ലക്കം 12




രക്ഷാധികാരി
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ

പ്രിന്റർ ആന്റ് പബ്ലിഷർ
റൈറ്റ് റവ. ജെയിംസ് പാറവിള
കോർ എപ്പിസ്കോപ്പാ

എഡിറ്റർ
റവ. ഫാ. ഷീൻ പാലക്കുഴി

ചീഫ് എഡിറ്റർ
റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com

പത്രാധിപ സമിതി
റവ. ഡോ. ജോൺ പടിപ്പുരക്കൽ
റവ. ഫാ. ജോസഫ് വള്ളിയാട്ട്
റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ
റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ
റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി
ഡോ. കെ. വി. തോമസ്കുട്ടി
റവ. സി. ഡോ. ആർദ്ര എസ്.ഐ.സി.
റവ. സി. ഡോ. അഞ്ജലി തെരേസ് ഡി.എം.
ഡോ. ഷേർളി സ്റ്റുവർട്ട്
ശ്രീ. രാജു മാത്യു

ഉപദേശക സമിതി
ശ്രീ. ജേക്കബ് പുന്നൂസ്
റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ
റവ, ഫാ. തോമസ് കയ്യാലക്കൽ
ഡോ. തോമസ്കുട്ടി പനച്ചിക്കൽ
ശ്രീ. ബോബി എബ്രഹാം

സർക്കുലേഷൻ മാനേജർ
റവ. ഫാ. തോമസ് മുകളുംപുറത്ത്
9446703056

കവർ & ലേഔട്ട്
Fingraph - 9387811920
fingraphtvm@gmail.com

പ്രിന്റിംഗ്
സെന്റ് മേരീസ് പ്രസ്,
പട്ടം, തിരുവനന്തപുരം-4

വിലാസം
ക്രൈസ്തവ കാഹളം,
സമന്വയ പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് കാമ്പസ്,
പട്ടം, തിരുവനന്തപുരം-4

എഡിറ്റോറിയൽ 05
പിതൃമൊഴി 07
മെത്രാൻ - ക്രിസ്തു സാന്നിധ്യത്തിന്റെ ദൃശ്യവും മൂർത്തവുമായ പ്രതിനിധി 09
ക്രിസ്തുവിന്റെ ഗന്ധമുള്ള ഇടയൻ: മെത്രാന്റെ വിളിയും ദൗത്യവും 17
ഞാൻ എന്തായിരിക്കുന്നോ അത് ദൈവകൃപയാലാണ് 26
ദൈവമേ, എന്നെ അങ്ങയുടെ സ്നേഹത്തിന്റെ ഒരുപകരണമാക്കണമേ 35
ആടുകളുടെ മണമുള്ള ഇടയരാവുക 53
ആഹ്ലാദവും അഭിനന്ദനവും 58
മേൽപ്പട്ട ശുശ്രൂഷ, ദൈവ ശുശ്രൂഷ ദൈവജന ശുശ്രൂഷ 61
പ്രിയ സുഹൃത്തിന് "ഓക്സിയോസ്" 64
എന്റെ സഹപാഠി, എന്റെ പിതാവ് 67
നോമ്പിന്റെ പുത്രനും ഉത്സാഹിയായ കാര്യവിചാരകനും 71
ആരാധനാക്രമ സംരക്ഷകനായ മാർ ഒസ്താത്തിയോസ് 79
മെത്രാഭിഷേക വാർത്തയും ദൃശ്യങ്ങളും 81

www.malankaralibrary.com

എഡിറ്റോറിയൽ

# ദൈവകൃപയുടെ പുതിയ അദ്ധ്യായം

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ രണ്ട് പുതിയ എപ്പിസ്കോപ്പാമാർ അഭിഷിക്തരായിരിക്കുന്നു. സഭയ്ക്ക് അഭിമാനവും സഭാജീവിതത്തിൽ നാം പുലർത്തുന്ന പ്രത്യാശയുടെ പുതുക്കവുമാണ് ഈ അഭിഷേകം സൂചിപ്പിക്കുന്നത്. സഭാചരിത്രത്തിലെ ആണ്ടും മാസവും തീയതിയും രേഖപ്പെടുത്താവുന്ന ഒരു സംഭവം എന്നതിലുപരി ദൈവം നമ്മുടെ സഭയോട് തുടർച്ചയായി ചെയ്തുകൊണ്ടിരിക്കുന്ന പരിപാലനയുടെയും സ്ഥിര ചൈതന്യത്തിന്റെയും പാവനമായ നാഴികക്കല്ലാണ് മെത്രാഭിഷേകം. ഈ അഭിഷേക ശുശ്രൂഷ സഭാ സമൂഹത്തിന്റെ ശിഷ്യത്വം, ജീവകാരുണ്യ ശുശ്രൂഷ, ക്രിസ്തുവിൽ രൂഢമായ ഐക്യം, ഇടയനടുത്ത നേതൃത്വം തുടങ്ങിയ കാര്യങ്ങളിലേക്കുള്ള ആഴമായ അന്വേഷണത്തിന്റെയും കണ്ടെത്തലിന്റെയും സന്ദർഭമാണ്. എല്ലാ കാലഘട്ടത്തിലും ദൈവം തന്റെ ജനത്തിനായി അവരുടെ ഇടയിൽ നിന്നും നല്ല ഇടയന്മാരെ തെരഞ്ഞെടുത്ത് അവരെ നയിക്കുന്നതിനും വിശുദ്ധീകരിക്കുന്നതിനും പഠിപ്പിക്കുന്നതിനുമായി നൽകുന്നു. ഈ അഭിഷേകം നമ്മെ പരിശുദ്ധാത്മാവ് നിശബ്ദമായും എന്നാൽ ശക്തമായും നയിക്കുന്നുവെന്നതിന്റെ കൃത്യമായ അടയാളപ്പെടുത്തലാണ്. പുതിയ എപ്പിസ്കോപ്പാമാർ തങ്ങളോട് ചോദിച്ച ചോദ്യങ്ങൾക്ക് 'യെസ്' എന്ന് മറുപടി പറഞ്ഞപ്പോൾ വിശ്വാസസമൂഹത്തിന്റെ ഉള്ളിൽ ശക്തമായ പ്രചോദനമാണ് ഉണ്ടായത്. അവരുടെ ഉള്ളിൽ ദൈവത്തോടുള്ള വിശ്വാസവും ഈ ആധുനിക കാലഘട്ടത്തിൽ ആ വിശ്വാസത്തെ പ്രോജ്ചലിപ്പിക്കുന്ന പ്രകാശവുമാണ് ലഭിച്ചത്. ഒരു ക്രിസ്തീയ സമൂഹം എന്ന നിലയിൽ ദൈവമുമ്പാകെ നാം നന്ദി നിറഞ്ഞ ഹൃദയത്തോടെയാണ് നിൽക്കുന്നത്. നമ്മുടെ സഭയ്ക്ക് അടിസ്ഥാനമിട്ട് വളർത്തിയ പൂർവ്വ പിതാക്കന്മാരും, അജപാലകരും, ഭാവിയിലേക്ക് നൽകിയ വാഗ്ദാനത്തിന്റെ പൂർത്തീകരണമാണ് ചരിത്രത്തിൽ ഓരോ സമയത്തും നമുക്ക് ലഭിച്ച ശ്ലൈഹീക പിന്തുടർച്ചക്കാരായ മെത്രാന്മാർ. അവരുടെ നേതൃത്വം വിശ്വാസത്തിൽ നമ്മുടെ പ്രേഷിത ശുശ്രൂഷയെ പുതുക്കുവാൻ സഹായിച്ചിട്ടുണ്ട്. ദൈവരാജ്യത്തിലെ

www.malankaralibrary.com

ശക്തമായ ശുശ്രൂഷകൾക്ക് പരിശുദ്ധാത്മാവ് നമ്മെ ഓരോരുത്തരെയും വിളിക്കുമ്പോൾ ഈ പുതിയ പിതാക്കന്മാരുടെ അഭിഷേക ശുശ്രൂഷ അതിന് നമ്മെ കൂടുതൽ പ്രാപ്തരാക്കുന്നു. ഇത് ദൈവകൃപയുടെ പുതിയ അധ്യായമാണ്. ഇത് കർത്താവിന്റെ സഭ കർത്താവിന്റെ ജീവിക്കുന്ന സാന്നിധ്യം ലോകത്തിന് നൽകുവാൻ നമ്മെ ഓരോരുത്തരെയും ക്ഷണിക്കുകയാണ്.

യൂറോപ്പിലേക്ക് മലങ്കര കത്തോലിക്കാ വിശ്വാസ സമൂഹത്തിന്റെ അപ്പസ്തോലിക വിസിറ്റേറ്ററായി നിയമിതനായിരിക്കുന്ന അഭിവന്ദ്യ കുര്യാക്കോസ് മാർ ഒസ്താത്തിയോസ് പിതാവ് നമ്മുടെ സഭയുടെ വ്യത്യസ്ഥമായ ശുശ്രൂഷകളിൽ നാളിതുവരെ നൽകിയിട്ടുള്ള നേതൃത്വവും സമർപ്പണവും എടുത്തുപറയേണ്ടതാണ്. പ്രത്യേകിച്ചും നമ്മുടെ സജീവമായ ആരാധനക്രമത്തിനും വൈദിക പരിശീലനത്തിനും അദ്ദേഹം നൽകിയിട്ടുള്ള ത്യാഗപൂർവ്വമായ ശുശ്രൂഷകൾ ശ്രദ്ധേയമാണ്. യൂറോപ്പിലെ വിവിധ രാജ്യങ്ങളിൽ കുടിയേറി പാർക്കുന്ന നമ്മുടെ സഭാമക്കൾക്ക് ശക്തമായ നേതൃത്വം കൊടുക്കുവാൻ അഭിവന്ദ്യ പിതാവിന് സാധിക്കും.

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സഹായമെത്രാനായി നിയമിതനായിരിക്കുന്ന അഭിവന്ദ്യ യൂഹാനോൻ മാർ അലക്സിയോസ് പിതാവ് നമ്മുടെ മേജർ അതിരൂപതയിൽ വ്യത്യസ്ഥമായ ചുമലതകൾ വഹിച്ചിട്ടുള്ള വ്യക്തിയാണ്. അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനിയുടെ സെക്രട്ടറി, വൈദിക സമിതി സെക്രട്ടറി, മൈനർ സെമിനാരി റെക്ടർ, ചാൻസിലർ, പാളയം ബസിലിക്ക അടക്കമുള്ള വിവിധ ഇടവകകളുടെ വികാരി എന്നീ നിലകളിൽ അഭിവന്ദ്യ പിതാവ് കാര്യക്ഷമമായി തന്റെ ശുശ്രൂഷകൾ നിർവ്വഹിച്ചിട്ടുണ്ട്. സഹായ മെത്രാൻ എന്ന നിലയിൽ അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനിയോടൊപ്പം മേജർ അതിരൂപതയുടെ വൈവിധ്യമാർന്ന അജപാലന ആവശ്യങ്ങളിൽ കൃത്യതയോടെ സഹായിക്കുവാൻ അഭിവന്ദ്യ പിതാവിന് സാധിക്കും.

പരിശുദ്ധ സഭയിൽ നിയമിതരായിരിക്കുന്ന പുതിയ പിതാക്കന്മാർക്ക് എല്ലാവിധമായ ആശംസകളും പ്രാർത്ഥനയും നേരുന്നു.



**ഫാ. ബോവസ് മാത്യു**
ഫോൺ: 9447661943
bovasmathew@gmail.com

www.malankaralibrary.com





# ഇടയ ശുശ്രൂഷയിലെ ദൈവ സംരക്ഷണം

മലങ്കര സുറിയാനി കത്തോലിക്കാസഭയെ സംബന്ധിച്ച് ഇത് ദൈവാനുഗ്രഹ നിറവിന്റെ അവസരമാണ്. പരിശുദ്ധ ശ്ലീഹൻമാരുടെ പിൻ ഗാമികളായി നമ്മുടെ അപ്പസ്തോലിക സഭയിലൂടെ ശുശ്രുഷ ചെയ്യുന്നതിന് രണ്ട് അഭിവന്ദ്യരായ പിതാക്കൻമാരെ നമുക്ക് അനുഗ്രഹമായി ലഭിച്ചി രിക്കുന്നു - അഭിവന്ദ്യനായ ഡോ. കുര്യാക്കോസ് മാർ ഒസ്താത്തിയോസ് എപ്പിസ്കോപ്പാ തിരുമേ നിയും അഭിവന്ദ്യനായ ഡോ. യൂഹാനോൻ മാർ അലക്സിയോസ് എപ്പിസ്കോപ്പാ തിരുമേനിയും. വന്ദ്യപിതാക്കൻമാർക്കായി അനന്ത കാരുണ്യവാ നായ ദൈവത്തിന് നന്ദി പറയുന്നു.

എനിക്ക് ഇഷ്ടപ്പെട്ട ഇടയൻമാരെ ഞാൻ നൽകുമെന്നുള്ള ദൈവത്തിന്റെ സ്ഥിരീകരണ ത്തിന്റെ സാക്ഷ്യമെന്നവണ്ണം ഏറ്റവും അനുയോ ജ്യരായ രണ്ടു മേൽപ്പട്ടക്കാരെ ദൈവം നമുക്കു നൽകിയിരിക്കുന്നു. ഈ രണ്ടു പിതാക്കൻമാരും സഭയുടെ അടിസ്ഥാനശുശ്രൂഷകളിലും സഭയുടെ മുഖ്യധാരാ ശുശ്രൂഷകളിലും ചേർന്നുനിൽക്കു ന്നവരാണ്. അഭിവന്ദ്യനായ ഡോ. കുര്യാക്കോസ് മാർ ഒസ്താത്തിയോസ് തിരുമേനി നമ്മുടെ മലങ്കര സെമിനാരിയുടെ ദീർഘകാല അധ്യാപകനും റെക്ടറുമായിരുന്നു. പുതിയ നിയോഗം തേടിയെ ത്തുമ്പോൾ വന്ദ്യപിതാവ് യുകെയിൽ ഇടവക കളുടെ വികാരിയായും നമ്മുടെ യുകെ റീജിയന്റെ കോർഡിനേറ്ററായും കഴിഞ്ഞ നാലു വർഷമായി ചുമതല വഹിക്കുകയായിരുന്നു. നമ്മുടെ സഭയിൽ ആരാധനക്രമപഠനം നടത്തിയിട്ടുള്ള, അതിൽ ഗവേഷണം നടത്തിയിട്ടുള്ള, ഹൃദയം കൊണ്ട് അതിനെ ചേർത്തുനിർത്തിയിട്ടുള്ള ഒരു വൈദിക മേലധ്യക്ഷനാണ് അദ്ദേഹം. അഭിവന്ദ്യ പിതാവ് യൂറോപ്പിലെ ശുശ്രൂഷയ്ക്കാണ് പ്രത്യേകമായി നിയോഗിതനായിരിക്കുന്നത്. പരിശുദ്ധ ലെയാ പതിനാലാമൻ മാർപാപ്പ നമ്മുടെ എപ്പിസ്കോപ്പൽ സൂനഹദോസിന്റെ അപേക്ഷയെ മാനിച്ച് നമുക്കു നൽകിയ അനുഗ്രഹമാണ് ഈ നിയോഗം.

www.malankaralibrary.com

അഭിവന്ദ്യനായ ഡോ. കുര്യാക്കോസ് മാർ ഒസ്താത്തിയോസ് തിരുമേനിയെ നമ്മുടെ സഭയുടെ പേരിൽ ഞാൻ അഭിനന്ദിക്കുന്നു.

അഭിവന്ദ്യനായ ഡോ. യൂഹാനോൻ മാർ അലക്സിയോസ് എപ്പിസ്കോപ്പാ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സഹായ മെത്രാനായി നിയമിതനായിരിക്കുന്നു. അദ്ദേഹം നമ്മുടെ മേജർ അതിഭദ്രാസനത്തിന്റെ ചാൻസലറായും മണ്ണന്തല, ഉളിയാഴിത്തുറ ഇടവകകളുടെ വികാരിയായും സേവനമനുഷ്ഠിക്കുകയായിരുന്നു. സഭാനിയമത്തിൽ പാണ്ഡിത്യമുള്ള, സഭാശാസ്ത്രത്തിൽ അവഗാഹമായ അറിവു സമ്പാദിച്ചിട്ടുള്ള അഭിവന്ദ്യ തിരുമേനി നമ്മുടെ സഭാ ശുശ്രൂഷയുടെ വിവിധ തലങ്ങളിൽ തന്റെ അജപാലന ഔൽസുക്യം കരുണാർദ്രമായ ഭാവത്തോടെ നിർവഹിച്ചിട്ടുള്ള ആളാണ്. പാളയം ബസലിക്കയുടെ റെക്ടർ ആയിരിക്കുമ്പോഴും രാജാജി നഗർ കോളനിയിൽ അവിടുത്തെ പാവപ്പെട്ട മനുഷ്യരോടു ചേർന്നു നിന്ന് ശുശ്രൂഷ നിർവഹിച്ചിട്ടുള്ള ആളാണ്. കരുണയോടെ എപ്പോഴും അവരെ ചേർത്തുപിടിച്ചിട്ടുള്ള ആളാണ്. അഭിവന്ദ്യനായ ഡോ. യൂഹാനോൻ മാർ അലക്സിയോസ് എപ്പിസ്കോപ്പായ്ക്ക് നമ്മുടെ സഭയുടേയും മേജർ അതിഭദ്രാസനത്തിന്റെയും അഭിനന്ദനവും പ്രാർത്ഥനയും അറിയിക്കുന്നു.

കത്തോലിക്കാ സഭയിൽ, മെത്രാൻ സ്ഥാനം ഒരു സ്ഥാനമല്ല, മറിച്ച് ക്രിസ്തുവിന്റെ ദൃശ്യമായ സാന്നിധ്യം സൂചിപ്പിക്കുന്ന അടയാളമാണ്. കൂടാതെ സഭയുടെ അപ്പസ്തോലിക പൈതൃകത്തിന്റെ സംരക്ഷകനുമാണ് ഒരു മേൽപ്പട്ടക്കാരൻ. ഓരോ ഭദ്രാസനത്തിലും സത്യവിശ്വാസത്തിന്റെ കേന്ദ്രമായി അദ്ദേഹം നിലകൊള്ളുന്നു. പഠിപ്പിക്കാനും വിശുദ്ധീകരിക്കാനും നയിക്കാനും അദ്ദേഹം നിയോഗിക്കപ്പെട്ടിരിക്കുന്നു.

2025 നവംബർ 22 ന് പട്ടം സെന്റ് മേരീസ് മേജർ ആർക്കി എപ്പാർക്കിയൽ കത്തീഡ്രലിൽ വച്ചുനടന്ന മെത്രാഭിഷേക ശുശ്രൂഷകളിൽ സാന്നിദ്ധ്യം കൊണ്ടും പ്രാർഥന കൊണ്ടും നമുക്കു ബലം പകർന്ന നമ്മുടേയും സഹോദരീ സഭകളിലെയും അഭിവന്ദ്യരായ മെത്രാപ്പോലീത്താമാർ, വന്ദ്യരായ കോർഎപ്പിസ്കോപ്പാമാർ, റമ്പാച്ചൻമാർ, മേജർ സുപ്പീരിയേഴ്സ്, ബഹുമാന്യരായ വൈദികർ, സന്യസ്തർ, സെമിനാരി വിദ്യാർത്ഥികൾ പ്രിയപ്പെട്ട വിശ്വാസിസമൂഹം, മത, രാഷ്ട്രീയ, സാമൂഹ്യ തലങ്ങളിലെ നേതാക്കൻമാർ, മാധ്യമ പ്രവർത്തകർ, സാങ്കേതിക പ്രവർത്തകർ തുടങ്ങി എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി!

ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ മാധ്യസ്ഥ ശക്തി നമ്മുടെ സഭ അനുഭവിക്കുന്ന ഒരു കാലയളവുകൂടിയാണിത്. പുനരൈക്യ ശതാബ്ദിയിലേക്കുള്ള ഒരുക്കത്തിന് കരുത്തുപകരാൻ, ദിശാബോധം നൽകാൻ രണ്ടു മേൽപ്പട്ടക്കാരെക്കൂടി ദൈവം നമുക്കു തന്നിരിക്കുന്നു. ഒരിക്കലും ഒരു കാലത്തും ഈ സഭയ്ക്കു ലഭിക്കേണ്ട നന്മകൾ ദൈവം നിഷേധിച്ചിട്ടില്ല എന്നു മാത്രമല്ല അർഹതയ്ക്കും അപ്പുറത്ത് അനുഗ്രഹിച്ചിട്ടേയുള്ളൂ എന്ന് കൃതജ്ഞതയുടെ കണ്ണീരോടെയല്ലാതെ എങ്ങനെ ഓർക്കാനാണ്! നമുക്കു ദൈവത്തിന്റെ കരങ്ങളിൽ മുറുകെപ്പിടിക്കാം. സ്വർഗ്ഗത്തിലിരുന്ന് ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ നമുക്കു വേണ്ടി പ്രാർത്ഥിക്കും.

നവാഭിഷിക്തരായ നമ്മുടെ ഇടയൻമാർക്ക് കരുത്തു പകരാൻ നമ്മുടെ പ്രാർത്ഥനകൾ കർതൃസന്നിധിയിൽ സമർപ്പിക്കാം.

നിങ്ങളുടെ പിതാവ്,


+Baselios Cleemis

✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവ**
**മേജർ ആർച്ചുബിഷപ്-കാതോലിക്കോസ്**

www.malankaralibrary.com



# മെത്രാൻ ക്രിസ്തു സാന്നിധ്യത്തിന്റെ ദൃശ്യവും മൂർത്തവുമായ പ്രതിനിധി



**ആർച്ചുബിഷപ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**
തിരുവല്ലാ അതിഭദ്രാസനം

നമ്മുടെ സഭയിൽ രണ്ട് പുതിയ എപ്പിസ്ക്കോപ്പാമാർ വാഴിക്കപ്പെട്ട സന്ദർഭമാണല്ലോ ഇത്. യൂറോപ്പിലെ വിവിധ രാജ്യങ്ങളിൽ മെച്ചമായ ജോലി സാധ്യതയും പഠന സാധ്യതയും തേടി പോയിട്ടുള്ള പ്രവാസികളായ നമ്മുടെ സഭാമക്കളുടെ ആത്മീയകാര്യങ്ങൾ ക്രമീകരിക്കുന്നതിനായി അപ്പസ്തോലിക്ക് വിസിറ്റേറ്ററായി നമ്മുടെ അതിഭദ്രാസനാംഗം തന്നെയായ അഭിവന്ദ്യ ആബൂൻ കുര്യാക്കോസ് മാർ ഒസ്താത്തിയോസ് തിരുമേനിയേയും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ നമ്മുടെ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ തിരുമേനിയ്ക്ക് സഹായ മെത്രാനായി അഭിവന്ദ്യ ആബൂൻ യൂഹാനോൻ മാർ അലക്സിയോസ് എപ്പിസ്കോപ്പായേയും പരിശുദ്ധ സുന്നഹദോസ് നിയമിക്കുകയും അവർ സഭയുടെ പാരമ്പര്യമനുസരിച്ചുള്ള റമ്പാൻ പദവിയും മെത്രാഭിഷേകവും സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാകുന്നുവല്ലോ. അങ്ങനെ നമ്മുടെ സഭയിൽ പ്രധാന ആചാര്യപദവിയിൽ രണ്ട് ശ്രേഷ്ഠപുരോഹിതരെ കൂടി നമുക്ക് ലഭിക്കുകയാണ്. ഇത് സഭയെ സംബന്ധിച്ച് സന്തോഷത്തിന്റെ സന്ദർഭമാണ്.

മെത്രാന്മാർ അഥവ പ്രധാനാചാര്യന്മാർ അപ്പസ്തോലന്മാരുടെ പിൻഗാമികളായിട്ടാണല്ലോ സഭയിൽ നിയമിക്കപ്പെടുന്നത്.

www.malankaralibrary.com


യേശുതമ്പുരാൻ അപ്പസ്തോലന്മാർക്ക് ഏതൊരു കടമയും ശുശ്രൂഷയും ചുമതലയും ഭരമേല്പിച്ചുവോ അതേ ശുശ്രൂഷയിൽ ഈ കാലഘട്ടത്തിൽ സഭയെ നയിക്കുവാനും പ്രബോധിപ്പിക്കുവാനും ശുദ്ധീകരിക്കുവാനുമുള്ള ചുമതല ഏല്പ്പിക്കപ്പെടുന്നവരാണ് സഭയിലെ പ്രധാനാചാര്യന്മാർ. മെത്രാന്മാരുടെ ചുമതലയായിട്ട് സഭ നിർദ്ദേശിക്കുന്നത് പ്രധാനാചാര്യൻ ദൈവജനത്തിന്റെ മുഖ്യ ഗുരുവായിരിക്കണം, അദ്ധ്യാപകനായിരിക്കണം. ദൈവജനത്തെ നയിക്കേണ്ടവരായിരിക്കണം. ദൈവവചനത്തിന്റെ പ്രബോധകരും ദൈവജനത്തെ വിശുദ്ധീകരിക്കുന്നവരുമായിരിക്കണം മെത്രാന്മാർ. പ്രധാനാചാര്യനാണല്ലോ വിശുദ്ധ മൂറോൻ കൊണ്ട് ദൈവജനത്തെ സൈര്യലേപനം നൽകി വിശുദ്ധീകരിക്കുന്നതും, വൈദികാർത്ഥിയെ പട്ടത്വത്തിന്റെ പദവികളിലേക്ക് അഭിഷേകം ചെയ്ത് വിശുദ്ധീകരിക്കുന്നതും. വിശുദ്ധീകരണം മേല്പട്ടക്കാരന്റെ പ്രധാന ചുമതലയിൽ പെടുന്നതാണ്. അതുപോലെ തന്നെ പ്രധാനമാണ് ദൈവജനത്തിന്റെ ശുശ്രൂഷാ ഭരണക്രമീകരണങ്ങൾ നടത്തുക എന്നുള്ളത്. ദൈവജനത്തിന്റെ സാമൂഹ്യവും വ്യക്തിപരവും ആത്മീയവും ഭൗതികവുമായ കാര്യങ്ങളിലെ ഭരണപരവും ശുശ്രൂഷാപരവുമായ ചുമതല മെത്രാനിൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്നു. സഭയുടെ നിയമസംഹിതകൾ ദൈവജനത്തെ ഉദ്ബോധിപ്പിക്കുന്നതിനും അവർ അവ അഭംഗുരം കാത്തു പരി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും പ്രധാനാചാര്യനാണ്.



തന്റെ അജഗണത്തിന്റെ ആത്മീക-സാമൂഹിക വളർച്ചയ്ക്കുതകുന്ന നിയമങ്ങളും ആരാധന ക്രമീകരണങ്ങൾക്കുതകുന്ന നിർദ്ദേശങ്ങളും വചന പ്രഘോഷണത്തിനായി വേണ്ടുന്നതായ ക്രമീകരണങ്ങളും വിശ്വാസികളുടെ ധാർമികതയുടെ നൈയാമിക വശങ്ങളും ക്രമീകരിക്കേണ്ടതും സംരക്ഷിക്കേണ്ടതും മെത്രാനാണ്.

മെത്രാൻ സഭയുടെ ഔദ്യോഗിക പ്രതിനിധിയാണ്. സഭ മെത്രാനിലൂടെയാണ് ഒരു പ്രദേശത്ത് പ്രകാശിതമാകുന്നത്. അന്ത്യോഖ്യായിലെ വിശുദ്ധ ഇഗ്നേഷ്യസിന്റെ വാക്കുകൾ ഇത്തരുണത്തിൽ ശ്രദ്ധേയമാണ്: ‘മെത്രാൻ എവിടെ ഉണ്ടോ ആളുകൾ അവിടെ ഉണ്ടാകട്ടെ; യേശുക്രിസ്തു എവിടെയാണോ അവിടെ കത്തോലിക്കാ സഭയുണ്ട്‘. മേല്പട്ടക്കാരും പ്രാദേശിക ക്രിസ്ത്യൻ സമൂഹവും തമ്മിലുള്ള അടുത്ത

ബന്ധത്തെ ഊന്നിപ്പറയാൻ വിശുദ്ധ ഇഗ്നേഷ്യസ് ഈ വാക്യം ഉപയോഗിക്കുന്നു. അവരുടെ ഐക്യത്തെ ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധവുമായി തുലനം ചെയ്യുന്നു. മിശിഹാതമ്പുരാൻ സഭ അവിടുന്ന് തന്നെ തിരഞ്ഞെടുത്തയച്ച അപ്പസ്തോലന്മാരിലൂടെ ഒരോ പ്രദേശത്തുംപ്രകാശിതമായതുപോലെ ഇന്ന് അവരുടെ പിൻഗാമികളായ മെത്രാന്മാരിലൂടെയാണ് സഭ ഒരോ പ്രദേശത്തും വെളിപ്പെടുന്നത്.

നമുക്ക് ലഭിച്ചിരിക്കുന്ന രണ്ട് മെത്രാന്മാരും ഈ ശുശ്രൂഷകളെ ഏറ്റവും ഭംഗിയായി നിർവ്വഹിക്കുവാൻ പ്രാപ്തരും പാണ്ഡിത്യമുള്ളവരും അനുഭവജ്ഞാനമുള്ളവരും ജീവിതവിശുദ്ധിയുള്ളവരുമാണെന്ന് സഭ കണ്ടെത്തിയതുകൊണ്ടും പരിശുദ്ധാത്മാവ് അത് മുദ്രവച്ച് നൽകിയതുകൊണ്ടുമാണ് അവർ ഈ സ്ഥാനത്തേക്ക് വിളിക്കപ്പെട്ട് തിരഞ്ഞെടുക്കപ്പെട്ട് ഉയർത്തപ്പെട്ടിരിക്കുന്നത്. സഭയ്ക്കിത് വലിയ സന്തോഷത്തിന്റെ സന്ദർഭമാണ്. ഈ രണ്ട് അഭിനവ എപ്പിസ്കോപ്പാമാരും സഭയ്ക്ക് വലിയ മുതൽക്കൂട്ടായിരിക്കും എന്നുള്ളതിന് സഭാമക്കൾക്ക് സംശയമില്ല. അവരുടെ ജീവിതാനുഭവവും പഠനത്തിലൂടെയും ഗവേഷണത്തിലൂടെയും അവർ നേടിയിട്ടുള്ള അറിവും ഇത്രയും കാലത്തെ അജപാലനപ്രവർത്തനങ്ങളിലൂടെ അവർക്ക് ലഭിച്ച പരിചയവും അനുഭവവും വ്യക്തിബന്ധങ്ങളും ആത്മീയജീവിതത്തിലൂടെ ലഭ്യമായിട്ടുള്ള ദൈവകൃപയും ശക്തിയും അവർക്ക് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന വിശ്വാസികൾക്ക് പങ്കുവച്ചുകൊടുക്കുവാൻ അവർ പ്രാപ്തരാണെന്നതിൽ സംശയമില്ല. സഭയുടെ ഈ സന്തോഷത്തിൽ തിരുവല്ലാ അതിഭദ്രാസനം ഒന്നാകെ എല്ലാ ദൈവമക്കളോടും ചേർന്ന് സന്തോഷം പങ്കുവയ്ക്കുകയും ഈ അഭിനവ എപ്പിസ്കോപ്പാമാർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈ സന്ദർഭത്തിൽ സുറിയാനി സഭാ പാരമ്പര്യം മെത്രാന്മാരെക്കുറിച്ച് എന്ത് പഠിപ്പിക്കുന്നു എന്ന് അറിയുന്നത് അഭികാമ്യമാണ്. സുറിയാനി സഭാ പാരമ്പര്യത്തിലെ മെത്രാൻ സമിതി സുറിയാനി സഭാ പിതാക്കന്മാരുടെ പഠനങ്ങളിലും ദൈവശാസ്ത്രത്തിലും ആഴത്തിൽ വേരൂന്നിയതാണ്. സഭാപിതാക്കന്മാർ ബിഷപ്പിനെ ആത്മീയ നേതാവായി മാത്രമല്ല, സഭയെയും ദൈവത്തെയും പ്രതിനിധീകരിക്കുന്ന ഒരു ഭരണ തലവനായും വീക്ഷിച്ചു. വിശ്വാസികൾക്കും ദൈവികർക്കും ഇടയിൽ ഒരു മദ്ധ്യസ്ഥനായി ബിഷപ്പ് പ്രവർത്തിക്കുന്നു, അപ്പസ്തോലിക പിന്തുടർച്ചയിലൂടെ സ്ഥാപിതമായ അജപാലന, കൂദാശ അധികാരത്തെ മെത്രാൻ ഉൾക്കൊള്ളുന്നു.

ബിഷപ്പ് തന്റെ രൂപതയിലെ ക്രിസ്തുവിന്റെ സാന്നിധ്യത്തിന്റെ ദൃശ്യവും മൂർത്തവുമായ പ്രതിനിധിയാണെന്ന ആശയം സുറിയാനി സഭാ പിതാക്കന്മാർ ഉയർത്തിപ്പിടിച്ചു. സഭാസമൂഹത്തിന്റെ പക്വതയും വിശുദ്ധീകരണവും വളർത്തിയെടുക്കുന്ന ആത്മീയ തലവനായി അദ്ദേഹം സേവനമനുഷ്ഠിക്കുന്നു, കൂടാതെ സഭയുടെ അച്ചടക്കവും ക്രമവും ഉറപ്പാക്കുന്ന ഭരണപരമായ ചുമതലകളും വഹിക്കുന്നു. ബിഷപ്പിന്റെ അധികാരം പിതാവായ ദൈവത്തിൽ നിന്നാണ് വരുന്നതെന്ന് വ്യക്തമാക്കുന്നു, ഇത് അദ്ദേഹത്തെ തന്നെ ഭരമേല്പിച്ചിട്ടുള്ള വിശ്വാസി സമൂഹത്തിന് പിതൃതുല്യനാക്കി മാറ്റുന്നു. ആത്മീയമായ കാര്യങ്ങൾക്കപ്പുറം തന്റെ ആട്ടിൻകൂട്ടത്തിന്റെ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നതിനായി അദ്ദേഹം ചുമതലപ്പെട്ടിരിക്കുന്നു.

ആദ്യകാല സുറിയാനി സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രപരമായ പ്രതിഫലനങ്ങൾ ബിഷപ്പിനെ ദൈവികർക്കും വിശ്വാസികൾക്കും ഇടയിലുള്ള ഒരു മദ്ധ്യസ്ഥനായി ചിത്രീകരിക്കുന്നു, തിരുവെഴുത്തുകളിലും അപ്പസ്തോലിക പാരമ്പര്യത്തിലും വേരൂന്നിയ ഒരു ഉത്തരവാദിത്വം ആണിത്. സഭാപിതാക്കന്മാർ ബിഷപ്പിൽ നിക്ഷിപ്തമായിരിക്കുന്ന ഭൗതികവും ആത്മീയവുമായ അധികാരത്തെ ഊന്നിപ്പറയുന്നു, അദ്ദേഹത്തെ രൂപതയിലെ ക്രിസ്തുവിന്റെ സാന്നിധ്യത്തിന്റെ മൂർത്തമായ രൂപമായി കാണുന്നു.

സുറിയാനി സഭാപിതാവായ മാർ അപ്രേം (AD.306-373) വിശ്വാസത്തിന്റെ സംരക്ഷ

www.malankaralibrary.com


കനായും, ദൈവികപഠിപ്പിക്കൽ ഒഴുകിവരുന്ന നീരുറവയായും, സഭയുടെ കെട്ടുപണിയെ പിന്തുണയ്ക്കുന്ന ഒരു ആത്മീയ വ്യക്തിയായും ബിഷപ്പിന്റെ പങ്ക് അടിവരയിടുന്നു. അദ്ദേഹം പറയുന്നു: "ശിമയോനെ, എന്റെ പിൻഗാമി, ഞാൻ നിന്നെ വിശുദ്ധ സഭയുടെ അടിത്തറയാക്കിയിരിക്കുന്നു. നീ അതിന്റെ എല്ലാ നിർമ്മിതികളെയും പിന്തുണയ്ക്കുന്നതിനാൽ ഞാൻ നിന്നെ പത്രോസ് എന്ന് വിളിച്ചിരുന്നു. ഭൂമിയിൽ എനിക്കായി ഒരു പള്ളി പണിയുന്നവരുടെ പരിശോധകനാണ് നീ. വ്യാജമായത് പണിയാൻ അവർ ആഗ്രഹിക്കുന്നുവെങ്കിൽ, അടിത്തറയായ നീ അവരെ കുറ്റം വിധിക്കും. എന്റെ പഠിപ്പിക്കൽ ഒഴുകിവരുന്ന നീരുറവയുടെ തലവനാണ് നീ; എന്റെ ശിഷ്യന്മാരിൽ പ്രധാനിയാണ് നീ." ആധികാരിക ഉപദേശത്തിന്റെ സംരക്ഷകനെന്ന നിലയിൽ ബിഷപ്പിന്റെ അടിസ്ഥാന പങ്കും അധ്യാപന അധികാരവും ഇത് എടുത്തുകാണിക്കുന്നു. ദിവ്യജ്ഞാനത്തിനും സത്യത്തിനുമുള്ള ഒരു ചാലകശക്തിയായി ബിഷപ്പിനെ വരച്ചുകാട്ടുന്നു. ഉപദേശത്തിന്റെ വിശുദ്ധിയും സംരക്ഷണവും ഉറപ്പാക്കുന്ന ആത്മീയ നേതാവായി മെത്രാൻ പ്രവർത്തിക്കുന്നു.

സാറൂഗിലെ മാർ യാക്കോബ് (AD.451521) എഴുതിയ രചനകളിൽ, മാർഗനിർദേശത്തിലൂടെയും പഠിപ്പിക്കലിലൂടെയും സമൂഹത്തെയും, വിശുദ്ധീകരണത്തെയും വളർത്തുന്നതിൽ ബിഷപ്പിന്റെ പങ്കിനെ സ്ഥിരമായി ഊന്നിപ്പറയുന്നു. അദ്ദേഹത്തിന്റെ ദൈവശാസ്ത്രപരമായ നിരീക്ഷണങ്ങൾ പലപ്പോഴും



ദൈവിക സ്ഥാനാരോഹണത്തിലും അപ്പസ്തോലിക പിന്തുടർച്ചയിലും അധിഷ്ഠിതമായ അപ്പസ്തോലിക അധികാരത്തിന് പിതാക്കന്മാർ നൽകുന്ന ഊന്നലുമായി യോജിക്കുന്നു. സത്യവിശ്വാസത്തിന്റെ അധ്യാപകനും സംരക്ഷകനുമായി ബിഷപ്പ്, പാഷണ്ഡതകൾ തിരുത്തുന്നതിനും യഥാർത്ഥ ദൈവശാസ്ത്ര സിദ്ധാന്തത്തിൽ സമൂഹത്തെ നയിക്കുന്നതിനും ഉത്തരവാദിയാണ്. ബിഷപ്പിന്റെ അജപാലന ദൗത്യത്തിൽ ആട്ടിൻകൂട്ടത്തിന്റെ ആത്മീയ ക്ഷേമം പരിപാലിക്കുക, മാനസാന്തരം, വിശുദ്ധി, കൂദാശകളിൽ പങ്കാളിത്തം എന്നിവ പ്രോത്സാഹിപ്പിക്കുക എന്നിവ ഉൾപ്പെടുന്നു. ബിഷപ്പിനെ ദൈവത്തിനും ആളുകൾക്കും ഇടയിലുള്ള ഒരു മദ്ധ്യസ്ഥനായി ചിത്രീകരിക്കുവാൻ മാർ യാക്കോബ് കാവ്യാത്മകവും വ്യാഖ്യാനപരവുമായ രീതികൾ ഉപയോഗിക്കുന്നു.

വിശ്വാസം, ദർശനം, ആരാധനാക്രമം എന്നീ കാര്യങ്ങളിൽ ആത്യന്തിക അധികാരികളായി സുറിയാനി പാരമ്പര്യത്തിൽ ബിഷപ്പുമാരെ വിവക്ഷിക്കുന്നു, പലപ്പോഴും സഭയ്ക്കുള്ളിൽ സത്യവിശ്വാസം എന്താണെന്ന് തീരുമാനിക്കേണ്ടത് അവരാണ്. ഈ അധികാരം അപ്പസ്തോലിക പിന്തുടർച്ചയിൽ നിന്നാണ് ഉരുത്തിരിഞ്ഞത്. ബിഷപ്പിന്റെ ഉത്തരവാദിത്വം അപ്പസ്തോലന്മാരുമായും ആത്യന്തികമായി ക്രിസ്തുവുമായും ബന്ധിപ്പെട്ടിരിക്കുന്നു.

സുറിയാനി സഭാ പശ്ചാത്തലത്തിൽ, ബിഷപ്പിന്റെ ദൗത്യം ആത്മീയ ശുശ്രൂഷയും ഭരണപരമായ ശുശ്രൂഷയുമാണ്. ആത്മീയമായി, ബിഷപ്പ് വിശ്വാസത്തിന്റെ സംരക്ഷകനും തന്റെ ആട്ടിൻകൂട്ടത്തെ രക്ഷയിലേക്ക് നയിക്കുന്നവനുമാണ്, അതേസമയം ഭരണപരമായി, അദ്ദേഹം സഭാ ഘടനകളെ കൈകാര്യം ചെയ്യുകയും കാനോനിക നിയമങ്ങളും സഭാ ചട്ടങ്ങളും അനുസരിച്ച് സമൂഹം ശരിയായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. ബിഷപ്പ് ഒരു രൂപതയുടെ തലവനെന്നനിലയിൽ അതിനെ പൂർണ്ണമായും പ്രതിനിധീകരിക്കുന്നുണ്ടെങ്കിലും, സാർവത്രിക സഭയുടെ ഐക്യത്തിനും ഭരണക്രമീകരണ ങ്ങൾക്കും വേണ്ടി മറ്റ് ബിഷപ്പുമാരുമായി സഹകരിച്ച് പ്രവർത്തിക്കുന്ന എപ്പിസ്കോപ്പൽ സിനഡിലെ അംഗം കൂടിയാണ്.

ചുരുക്കത്തിൽ, സുറിയാനി സഭാപിതാക്കന്മാർ ബിഷപ്പിനെ സഭയ്ക്കും ദൈവത്തിനും ഇടയിലുള്ള ഒരു മദ്ധ്യസ്ഥനായി അവതരിപ്പിച്ചു. അദ്ദേഹം ആത്മീയ പിതാവും സഭാ അധികാരിയുമാണ്, വിശ്വാസം സംരക്ഷിക്കുക, കൂദാശകൾ നൽകുക, സഭാ സമൂഹത്തെ വിശുദ്ധിയിലും അച്ചടക്കത്തിലും നയിക്കുക എന്നിവയ്ക്കായി നിയോഗിക്കപ്പെട്ടിരിക്കുന്നു.

ദൈവപരിപാലനയിൽ സാർവ്വത്രിക സഭാ സേസർഗ്ഗത്തിലേക്ക് കടന്നുവന്ന മലങ്കര സഭാസമൂഹമാണല്ലോ നാം. പുനരൈക്യ സംഭവത്തിന്റെ ആലോചനാകാലം മുതൽ ഇന്നുവരെയും എറ്റവും ഉചിതമായ ആചാര്യ ശ്രേഷ്ഠരെ തെരഞ്ഞെടുത്ത് ദൈവം തമ്പുരാൻ നമുക്ക് നൽകിയിട്ടുണ്ട്. നമ്മുടെ സഭയുടെ ഇതുവരെയുള്ള ചരിത്രം നിരീക്ഷിച്ചാൽ നമുക്ക് അത് വ്യക്തമായി ഗ്രഹിക്കുവാൻ കഴിയും. ഒരോസമയത്തും ഉചിതമായ നേതൃത്വം ഉചിതമായ രീതിയിൽ ദൈവത്തിന്റെ പരിശുദ്ധറൂഹാ നമുക്ക് നൽകികൊണ്ടിരിക്കുകയാണ്. അജപാലന മേഖലയിലും, സാമൂഹ്യ മേഖലയിലും, പാവപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടിയുള്ള പരിശ്രമങ്ങളിലും, പാർശ്വവൽക്കരിക്കപ്പെട്ടവരെ ചേർത്തുനിർത്തി അവരെ വളർത്തുന്ന പ്രക്രിയയിലും ശുശ്രൂഷയിലും ഒരോ കാലഘട്ടത്തിലും നമ്മുടെ സഭയിലെ പ്രധാനാചാര്യന്മാർ വൈദികരോട് ചേർന്ന് അല്മായ നേതൃത്വത്തെയും സമർപ്പിതരുടെ ശുശ്രൂഷയെയും ഉൾക്കൊണ്ടുകൊണ്ട് എപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുന്നതാണ് നമ്മുടെ സഭയുടെ ചരിത്രം. അങ്ങനെയുള്ള മേല്പട്ടക്കാരുടെ ശ്രേണിയിലേക്കാണ് പുതിയ രണ്ട് എപ്പിസ്കോപ്പമാർ കൂടി കൂട്ടി ചേർക്കപ്പെടുന്നത്. അവരുടെ ഇതുവരെയുള്ള അജപാലന ശുശ്രൂഷാപാരമ്പര്യം അതാണ് നമ്മെ ബോധ്യപ്പെടുത്തുന്നത് അവരിലൂടെ സഭയ്ക്കും സമൂഹത്തിനും വളരെ വലിയ നേതൃത്വവും ദൈവരാജ്യ പ്രഘോഷണത്തിൽ മലങ്കര സുറിയാനി

www.malankaralibrary.com


കത്തോലിക്കാസഭയ്ക്ക് പ്രബുദ്ധതയുമുണ്ടാകുവാൻ നമുക്ക് പ്രാർത്ഥിക്കാം. അവരുടെ ശുശ്രൂഷകളിൽ പ്രാർത്ഥനകൊണ്ടും ഏതെല്ലാം തരത്തിൽ അവർക്ക് നമ്മുടെ പിൻബലം ആവശ്യം ഉണ്ടോ ആ മാർഗങ്ങളിലൂടെയെല്ലാം പിതാക്കന്മാരെ നമുക്ക് സഹായിക്കാം.

നമ്മുടെ സഭയുടെ ശക്തി എന്നു പറയുന്നത് മെത്രാന്മാരും വൈദികരും സമർപ്പിതരും ദൈവജനവും ഏക ഹൃദയത്തോടെ പ്രവർത്തിക്കുന്നു എന്നതാണ്. ഈ ഏകതാ മനോഭാവം സഭയിൽ കൂടുതൽ ശക്തമാകുവാൻ വേണ്ടി നമുക്ക് പ്രവർത്തിക്കാം പ്രാർത്ഥിക്കാം. മേലധ്യക്ഷനോട് ചേർന്ന് പുരോഹിതരും സമർപ്പിതരും ദൈവജനവും ഒന്നാകെ പ്രവർത്തിക്കുമ്പോൾ നമ്മുടെ സഭ, മിശിഹാ തമ്പുരാൻ ആഗ്രഹിക്കുന്ന തരത്തിലുള്ള 'ലോകത്തിന്റെ പ്രകാശവും പുളിപ്പും' ആയിട്ട് കൂടുതൽ ശോഭിക്കും അനുഭവവേദ്യമാകും എന്നുള്ളതിൽ സംശയമില്ല. ഈ അവസരം നമുക്ക് ഒരു പ്രതിജ്ഞക്കുള്ള അവസരമാകട്ടെ. നമ്മുടെ സഭ പുനരൈക്യത്തിലൂടെ വീണ്ടും സാർവ്വത്രിക സഭാകൂട്ടായ്മയിലേക്ക് കടന്നുവന്നതിന്റെ ശതാബ്ദിയിലേക്ക് അടുക്കുമ്പോൾ ഏറ്റവും ഊർജ്ജസ്വലരായി സുവിശേഷം ജീവിക്കുന്ന, അതിന് സാക്ഷ്യം വഹിക്കുന്ന, അത് പ്രഘോഷിക്കുന്ന സഭാസമൂഹമായി വളർന്നു നിലനിൽക്കുന്ന സകലർക്കും മാതൃകയായി തീരട്ടെ എന്ന് നമുക്ക് ആഗ്രഹിക്കാം പ്രാർത്ഥിക്കാം. അതിനുവേണ്ടി നമ്മെത്തന്നെ ഈ സന്ദർഭത്തിൽ സമർപ്പിക്കുകയും ചെയ്യാം.

മലങ്കര സുറിയാനി കത്തോലിക്കാസഭ അതിവേഗം വളരുന്ന സഭ എന്ന് പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ പറഞ്ഞത് ഏറെ അന്വർഥമാക്കുന്ന അനുഭവമാണ് യൂറോപ്പിനുവേണ്ടി മെത്രാൻ സ്ഥാനികനായ ഒരു അപ്പസ്തോലിക്ക് വിസിറ്റേറ്റർ ഉണ്ടാവുന്നു എന്നത്. ഏറെ നാളായി നാം ആഗ്രഹിച്ചു പ്രാർത്ഥിച്ചിരുന്ന വിഷയം ദൈവപരിപാലനയാൽ മഹാജൂബിലി വർഷത്തിലും, പുനരൈക്യത്തിന്റെ 95-ാം വാർഷികത്തിലും, മാർ ഈവാനിയോസ് പിതാവിന്റെ മെത്രാഭിഷേക ശതാബ്ദി ആഘോഷവേളയിലും ലഭിച്ചു എന്നതിന് സഭയായി നമുക്ക് ദൈവത്തിന് നന്ദി പറയാം. ദൈവം നമ്മെ അനുഗ്രഹിക്കുന്നത് അവിടുത്തെ കരുണകൊണ്ടാണെന്ന് നമുക്കറിയാമല്ലൊ. ഈ കരുണയിൽ നിലനിൽക്കുവാനുള്ള ആഗ്രഹവും ഔദാര്യവും നമുക്കുണ്ടാകണം. ഇസ്രയേലിന്റെ അവസ്ഥപോലെ നാമും രൂപഭംഗിയോ ആകർഷണീയമായ എന്തെങ്കിലുമൊ ഉള്ളവരായിരുന്നില്ല. ഉള്ളത് ദൈവസന്നിധിയിലെ ഏറ്റം എളിയതും എന്നാൽ ദൈവത്തിന് പ്രീതകരവുമായിരുന്ന ഒരു പാത്രം എന്നതാണ്. ഒരിക്കലും ദൈവം തന്റെ സംരക്ഷണം കുറയാതെ കാത്തുസൂക്ഷിച്ചത് നമുക്ക് തീർച്ചയായും അഭിമാനവും സന്തോഷവുമാണ്. ദൈവം ഞങ്ങളെ ഓർക്കു



വാൻമാത്രം ഞങ്ങൾ ആരാണ് സങ്കീ. 80/15 പറയുന്നതുപോലെ "നിന്റെ വലതുകരം നട്ട ഈ മുന്തിരിവള്ളിയോട് നീ കരുണയായിരിക്കേണമെ'. പുണ്യപിതാവായ ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ സമർപ്പണം ദൈവം കണ്ട് അനുഗ്രഹിച്ചു. വിശ്വസ്തനായി ചേർന്നുനിന്ന പിതാവിനെ എല്ലാ നന്മ കൊണ്ടും അനു ഗ്രഹിക്കുന്നു. ഈ വലിയ സത്യം നാം എപ്പോഴും പ്രഘോഷിക്കണം; ഊണിലും ഉറക്കത്തിലും സന്ധ്യയിലും

പ്രവർത്തിച്ച സഭയുടെ വിവിധ ദർശനങ്ങളെക്കു റിച്ചും സമർപ്പണത്തെക്കുറിച്ചും കേരളത്തിന്റെ ആദരണീയനായ മുഖ്യമന്ത്രി സംസാരിച്ചത് ശ്രദ്ധേയമായി. ഏറെ ദുർഘടവും ഒരുപക്ഷേ അസാദ്ധ്യമെന്ന് കരുതിയിരുന്നതുമായ സമയത്താണ് വന്ദ്യ പിതാവിന്റെ അജപാലന ശുശ്രൂഷയിൽ സാമൂഹിക, വിദ്യാഭ്യാസ-ആതുരശുശ്രൂഷകൾ ആരംഭിക്കുന്നതും അത് പുരോഗമിക്കുന്നതിനും നിലനിൽക്കുന്നതിനും ശ്രദ്ധേ



പ്രഭാതത്തിലും സത്കീർത്തിയിലും ദുഷ്കീർത്തിയിലും. ഈ പ്രാവശ്യത്തെ പുനരൈക്യ വാർഷികത്തിന്റെ സമാപനത്തിൽ പുണ്യ പിതാവിന്റെ ദർശനങ്ങളെക്കുറിച്ചും ഈ പൊതുസ മൂഹത്തിന് നൽകിയതും നൽകിക്കൊണ്ടിരിക്കുന്നതുമായ സേവനങ്ങളെക്കുറിച്ചും നാടിന്റെ പൊതു നന്മയെ മനസിലാക്കിക്കൊണ്ട് നാളിതുവരെയും

യമായ സ്ഥാപനങ്ങൾ ആരംഭിക്കുകയും ചെയ്തത്. അത് തുടർന്നു പോകാനും കാലഘട്ടമനുസരുച്ചുള്ള വിവിധ ശുശ്രൂഷാ മേഖലകൾ ആരംഭിക്കുവാനും ഈ സഭാ സമൂഹം ശ്രദ്ധിച്ചു. ഒന്നുമില്ലായ്മയിൽ നിന്നും ആരംഭിച്ച ഈ സഭാഗാത്രത്തിന് തുണയായിരുന്നത് മിസ്രേമിൽ യൗസേപ്പിനെ സംരക്ഷിച്ച ദൈവം ആയിരുന്നു. പലർക്കും

www.malankaralibrary.com




നമ്മെപറ്റി പലതും പറയാനുണ്ടാകാം. നാം സത്യപാതയിലും നീതിയുക്തവുമായി ചരിച്ച് ദൈവത്തെ മഹത്വപ്പെടുത്തുന്നു.

അഭിവന്ദ്യ ആബൂൻ കുര്യാക്കോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ പുതിയ നിയോഗത്തിൽ നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം. വന്ദ്യ പിതാവിന്റെ നാളിതുവരെയുള്ള ശുശ്രൂഷകളും നേതൃത്വവും സഭയ്ക്കാകമാനം അനുഗ്രഹവും വളർച്ചയ്ക്ക് നിദാനവുമായിരുന്നു. ആരാധനപരമായ കാര്യങ്ങളിൽ അദ്ദേഹം പ്രദർശിപ്പിക്കുന്ന പ്രത്യേക നിഷ്ഠയും താൽപര്യവും അദ്ദേഹത്തെ ഏറെ സ്വീകാര്യനാക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കസഭയുടെ അന്തസ്സും വ്യക്തിത്വവും ആരാധനയിലൂടെ പ്രദർശിപ്പിക്കുവാൻ വന്ദ്യ പിതാവ് പ്രത്യേകം ശ്രദ്ധിക്കുന്നു. ദൈവജനത്തെ വളർത്തുവാനും അവരുടെ വേദനകളിൽ പങ്കുചേരുവാനും എല്ലാം അച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അമയന്നൂർ ഇടവകയിൽ നിന്ന് രണ്ടാമത്തെ മെത്രാൻ സ്ഥാനികനായി അച്ചൻ തെരഞ്ഞെടുക്കപ്പെടുമ്പോൾ ആ ഇടവക ആകമാനം സന്തോഷിക്കുന്നു. ഇടയന്റെ ഏറ്റവും വലിയ ദൗത്യം ദൈവത്തിൽ പരിപൂർണ്ണമായി ആശ്രയിച്ച് അവിടത്തേക്കു വേണ്ടി ദൈവജനത്തെ നയിക്കുക വിശുദ്ധീകരിക്കുക പഠിപ്പിക്കുക എന്നതാണ്. എന്റെ ഹൃദയത്തിനിണങ്ങിയ അജപാലകരെ ഞാൻ നിങ്ങൾക്കു നൽകും എന്ന് കർത്താവിന്റെ വാഗ്ദാനം സഫലീകരിക്കപ്പെടുന്നു. അച്ചന്റെ മൺമറഞ്ഞുപോയ മാതാപിതാക്കളെയും പിതൃസഹോദരിയും മിഷൻ പ്രവർത്തനങ്ങളിൽ തീഷ്ണമതിയുമായിരുന്ന സിസ്റ്റർ ബോനിഫസ് എസ്. ഐ. സിയേയും നന്ദിയോടെ ഓർക്കുന്നു. അനുഗ്രഹീതമായ ഈ മുഹൂർത്തം സഭയ്ക്കാകമാനം ചൈതന്യവും ശക്തിയും പകരുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

# ക്രിസ്തുവിന്റെ ഗന്ധമുള്ള ഇടയൻ
## മെത്രാന്റെ വിളിയും ദൗത്യവും





**റവ. ഡോ. മാത്യു ചാർത്താക്കുഴിയിൽ**

**ആമുഖം**

യേശുക്രിസ്തു തന്റെ അപ്പസ്തോലന്മാരെ ഭരമേൽപിച്ച സുവിശേഷപ്രഘോഷണ ദൗത്യത്തിന്റെയും അജപാലന പൈതൃകത്തിന്റെയും അവകാശികളാണ് ബിഷപ്പുമാർ. ഈ വലിയ ദൗത്യം ലോകമാനദണ്ഡങ്ങൾക്കനുസരിച്ചുള്ള അധികാരപ്രയോഗത്തിലല്ല ദൈവീക കരുണയിൽ അധിഷ്ഠി തമായ സേവനത്തിന്റെ മാതൃകയിലാണ് രൂപപ്പെട്ടിരിക്കുന്നത്. നല്ല ഇടയനായ യേശുവിനെ മാതൃകയാക്കി ദൈവജനത്തെ സ്വർഗീയ ആലയിലേക്കു നയിക്കുന്നതിനായിട്ടാണ് അദ്ദേഹം നിയോഗിക്കപ്പെട്ടിരിക്കുന്നത്. "നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനും നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം. ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനാണ്...." (മത്തായി 20:28) എന്ന ക്രിസ്തോപദേശം ഹൃദയത്തിൽ ഏറ്റുവാങ്ങി ഈ ദൗത്യം അദ്ദേഹം നിർവഹിക്കണം.

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ ഒരു ബിഷപ്പിന്റെ വിളിയും ദൗത്യവും അടങ്ങിയി രിക്കുന്നത് സാർവത്രിക കത്തോലിക്കാ സഭയുടെ വിശ്വാസത്തിൽ അടിയുറച്ച് നിന്നുകൊണ്ട്, പുരാതന അന്ത്യോക്യൻ സുറിയാനി പാരമ്പര്യങ്ങളിൽ ആരാധനയ്ക്ക് നേതൃത്വം നൽകി, ഭാരതീയസംസ്കാ രത്തിൽ

www.malankaralibrary.com


ജീവിക്കാൻ ദൈവജനത്തിന് നേതൃത്വം നൽകുക എന്നതിലാണ്. സത്യവിശ്വാസത്തിന്റെ സംരക്ഷകനായിരുന്നുകൊണ്ട് സ്നേഹം, അച്ചടക്കം, ആത്മീയ ഉന്നതി എന്നിവ തന്റെ ജീവിതത്തിൽ പ്രതിഫലിപ്പിച്ച് ക്രിസ്തുവിന്റെ പ്രതിപുരുഷനാവുക. അദ്ദേഹത്തിന്റെ സ്വരം സ്നേഹവും ഐക്യവും സംവേദനം ചെയ്യുന്നതും, മാതൃക അനുകരണീയവും, സേവനം ദൈവജനത്തെ വിശുദ്ധീകരിക്കുന്നതുമായിരിക്കണം. ബിഷപ്പിന് കൈവയ്പിലൂടെ ലഭിച്ചിരിക്കുന്ന അപ്പസ്തോലിക അനുഗ്രഹങ്ങൾ ദൈവജനത്തിന് അനുഭവവേദ്യമാവുന്ന കൃപയിൽ അദ്ദേഹം ജീവിക്കുകയും അങ്ങനെ കൂടുതൽ ദൈവ മഹത്വം കൈവരികയും വേണം. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാമൂഹിക, സാംസ്കാരിക ചുറ്റുപാടുകളിൽ ഒരിക്കലും മാറ്റമില്ലാത്ത യേശുക്രിസ്തുവിനെ പകർന്നു നൽകാൻ കഴിയുന്ന ആത്മീയ നേതൃത്വങ്ങൾ നമുക്ക് അനിവാര്യമാണ്.

**മേൽപ്പട്ടശുശ്രൂഷ വിശുദ്ധ ഗ്രന്ഥത്തിൽ**

ബിഷപ്പിന്റെ വിളിയും ദൗത്യവും പുതിയ നിയമത്തിൽ കാണുന്ന യേശുവിന്റെയും അപ്പസ്തോലന്മാരുടെയും നേതൃത്വശൈലിയിൽ അധിഷ്ഠിതമാണ്. വി. മർക്കോസ് എഴുതുന്നു: "തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്കരിക്കാൻ അധികാരം നൽകുന്നതിനുമായി അവൻ പന്ത്രണ്ടുപേരെ നിയോഗിച്ചു" (മർക്കോസ് 3:14-15). യേശു അപ്പസ്തോലന്മാരെ തിരഞ്ഞെടുത്തത് തന്റെ സഹകാരികളും, ശിഷ്യന്മാരും, ദൗത്യത്തിൽ പങ്കാളികളുമായിട്ടാണ്. യേശുവിന്റെ പുനരുത്ഥാനത്തിന് ശേഷം അവർ അവിടുന്ന് ഭരമേൽപിച്ച സുവിശേഷ പ്രഘോഷണം, രോഗസൗഖ്യം, പാപികളുടെ മാനസാന്തരം തുടങ്ങിയ ദൗത്യങ്ങൾ അഭംഗുരം തുടർന്നു. സഭ വളരെ വേഗം വളർന്നതോടുകൂടി ഈ ദൗത്യം എല്ലായിടത്തും തുടരുന്നതിനായി എപ്പിസ്കോപ്പാമാരെയും (മേൽനോട്ടം വഹിക്കുന്നവർ) പ്രസ്ബിറ്റർമാരെയും(മുതിർന്നവർ) അപ്പസ്തോലന്മാർ തിരഞ്ഞെടുത്തു. ഇതാണ് പിന്നീട് ഇന്നത്തെ രീതിയിലുള്ള മെത്രാന്മാരും പുരോഹിതന്മാരുമായി മാറിയത്.

നടപടി പുസ്തകത്തിൽ പൗലോസ് ശ്ലീഹായും ബർണബാസും എല്ലാ സഭാസമൂഹങ്ങളിലും നേതാ ക്കന്മാരെ നിയമിക്കുന്നതായി പറഞ്ഞിരിക്കുന്നു. കൈവെപ്പു വഴി പരിശുദ്ധാത്മാവിന്റെ മാർഗദർശനം അവർക്ക് ലഭിക്കുന്നതിന് പ്രാർഥിച്ചുകൊണ്ടാണ് അവർ ഈ കർമ്മം ചെയ്യുന്നത് (അപ്പ. 14: 23). വി. പൗലോസ് ശ്ലീഹ ഇങ്ങനെ തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഉണ്ടായിരിക്കേണ്ട ഗുണഗണങ്ങളെക്കുറിച്ചു വിശദമായി പ്രതിപാദിക്കുന്നുണ്ട്. അടിയുറച്ച സത്യവിശ്വാസം, സംശുദ്ധ



സ്വഭാവം, ആതിഥ്യമര്യാദ, സത്യസന്ധത (1 തിമോത്തി 3: 17) തുടങ്ങിയ ഗുണങ്ങൾ അദ്ദേഹത്തിന് ഉണ്ടായിരിക്കണം. അദ്ദേഹം വെറുമൊരു സംഘാടകനല്ല, പിന്നെയോ സത്യവിശ്വാസ സംരക്ഷകനും ക്രിസ്തീയ പുണ്യങ്ങളുടെ മാതൃകയുമാണ്. പൗലോസ് ശ്ലീഹ പറയുന്നു: "നിങ്ങളെയും അജഗണം മുഴുവനെയുംപറ്റി നിങ്ങൾ ജാഗരൂകരായി


രിക്കുവിൻ. കർത്താവ് സ്വന്തം രക്തത്താൽ നേടിയെടുത്ത ദൈവത്തിന്റെ സഭയെ പരിപാലിക്കാൻ പരിശുദ്ധാത്മാവ് നിയോഗിച്ചിരിക്കുന്ന അജപാലകരാണു നിങ്ങൾ'' (അപ്പ. 20: 28) വിശുദ്ധ ഗ്രന്ഥത്തിൽ അധിഷ്ഠിതമായ ഈ മാതൃക നല്ലിടനായ ക്രിസ്തുവിനെ അനുകരിക്കലാണ്.

**ശുശ്രൂഷാ നിയോഗം: പ്രബോധനം, വിശുദ്ധീകണം, നേതൃത്വം**

"നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോസ് 16:15) എന്ന വലിയ നിയോഗം അപ്പസ്തോലിക ശുശ്രൂഷയുടെ അടിസ്ഥാനമായി നിലകൊള്ളുന്നു. ഒന്നാമതായി, അവർ സുവിശേഷം പ്രഘോഷിക്കണം. ഇങ്ങനെ പൈതൃകമായി ലഭിച്ച വിശ്വാസം കലർപ്പില്ലാതെയും, ഭയമില്ലാതെയും തലമുറകൾക്ക് പകർന്നുനൽകുന്നുവെന്ന് അവർ ഉറപ്പാക്കണം. രണ്ടാമതായി, കൂദാശകൾവഴി ദൈവജനത്തെ വിശുദ്ധീകരിക്കണം. സഭയുടെ ആരാധനാജീവിതത്തിന് നേതൃത്വം കൊടുത്തുകൊണ്ട് വിശുദ്ധ കുർബാനയും മറ്റു കൂദാശകളും ദൈവജനത്തിന് ആവശ്യാനുസരണം അനുഭവവേദ്യമാക്കണം. മൂന്നാമതായി, ക്രിസ്തീയ സമൂഹത്തിന് കുറ്റമറ്റ നേതൃത്വം നൽകണം. എന്നാൽ ഇത് ലോകത്തിന്റെ മാതൃകയിൽ അധികാരപ്രയോഗത്തോടെ ആയിരിക്കരുത്, ദൈവജനത്തിന്റെ ദാസന്മാരായിരുന്നുകൊണ്ടാവണം. ബിഷപ്പ് അജപാലനദൗത്യങ്ങൾക്ക് നേതൃത്വം നൽകി, വിശ്വാസപ്രശ്നങ്ങൾ പരിഹരിക്കുകയും സഭയുടെ വളർച്ച ലക്ഷ്യം വയ്ക്കുകയും വേണം. ആധികാരികതയോടെയും, ശാന്തമായും എളിമയോടെയും ചെയ്യുന്ന ഈ കർമ്മം ക്രിസ്തുവിന്റെ മാതൃക പിന്തുടർന്നുകൊണ്ടായിരിക്കണം.

**ക്രിസ്തുദൗത്യത്തിന്റെ അപ്പസ്തോലിക പിന്തുടർച്ച**

യേശുക്രിസ്തുവിന്റെ ദൗത്യം അവിടുത്തെ രണ്ടാം വരവുവരെ ചരിത്രത്തിലുടനീളം സഭയിലൂടെ തുടർന്നുകൊണ്ട് പോകുന്നതിന് നേതൃത്വം നൽകാനാണ് ഓരോ കാലഘട്ടത്തിലെയും ബിഷപ്പുമാർ വിളിക്കപ്പെട്ടിരിക്കുന്നത്. കൈവയ്പ്പുവഴി അപ്പസ്തോലന്മാരെ ശക്തിപ്പെടുത്തി വഴിനടത്തിയ അതേ ആത്മാവ് തന്നെയാണ് അവരിലേക്കും സന്നിവേശിപ്പിക്കപ്പെട്ടിരിക്കുന്നത്. ഇത് പ്രതീകാത്മകമല്ല, പിന്നെയോ ഒരു സജീവദൗത്യത്തിന്റെ, അധികാര തുടർച്ചയുടെ, അജപാലന ഉത്തരവാദിത്വത്തിന്റെ സംക്രമണമാണ്. മലങ്കരസഭയിൽ ഈ അപ്പസ്തോലിക അധികാരത്തിന് ക്രിസ്തുശിഷ്യനായ മാർ തോമാശ്ലീഹായുടെയും പുരാതന അന്ത്യോക്യൻ സഭയുടെയും പൈതൃകമാണുള്ളത്. കാലാകാലങ്ങളിൽ ബിഷപ്പുമാരുടെ നേതൃത്വത്തിൽ ആരാധനയിലൂ



ടെയും, ദൈവശാസ്ത്രത്തിലൂടെയും, ധാർമ്മിക ചര്യകളിലൂടെയും നമ്മുടെ സമൂഹങ്ങൾ ക്രിസ്തുവുമായി ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു.

**സഭാപിതാക്കന്മാരുടെ സാക്ഷ്യം**

**അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ്**

ബിഷപ്പ് പദവിയെക്കുറിച്ചു ആധികാരികമായി എഴുതിയിട്ടുള്ള ആദ്യകാല പിതാക്കന്മാരിലൊരാളാണ് അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ്. പ്രാദേശികസഭയെ ഒന്നി പ്പിച്ചു നിർത്തുന്ന പ്രധാന ഘടമായിട്ടാണ് ബിഷപ്പ് പദവിയെ അദ്ദേഹം കാണുന്നത്. അദ്ദേഹം എഴുതി: "യേശുക്രിസ്തു എവിടെ ആയിരുന്നുവോ അവിടെയാണ് കത്തോലിക്കാ സഭ എന്നതുപോലെ എവിടെ ബിഷപ്പായിരിക്കുന്നുവോ, അവിടെയായിരിക്കണം ദൈവജനവും'' (*Letter to the Smyrnaeans*, 8:2). സമൂഹത്തിൽ ദൈവസാന്നിധ്യത്തിന്റെ അടയാളമായിട്ടാണ് അദ്ദേഹം ബിഷപ്പിനെ അവതരിപ്പിക്കുന്നത്. അത് സ്ഥാനത്തിൽ മുന്തിയ ആൾ എന്നതിനേക്കാൾ - സേവനത്തിൽ, സ്നേഹത്തിൽ, അജപാലന ശുശ്രൂഷയിൽ - ഒന്നാമൻ എന്ന അർഥത്തിലാണ്. ദൈവജനം ബിഷപ്പുമായി എപ്പോഴും ഐക്യത്തിലായിരിക്കുകയും വിഭജനവും തെറ്റായ പ്രബോധനങ്ങളും ഉപേക്ഷിക്കുകയും വേണം. വി. ഇഗ്നേഷ്യസിന്റെ ഈ കാഴ്ചപ്പാട് ആരാധനയിലുള്ള ഐക്യം നിലനിർത്തുന്നതിനും സഭാപരമായ അനന്യത പാലിക്കുന്നതിനും സുറിയാനി സഭയെ സഹായിച്ചു.

**കാർത്തേജിലെ വി. സിപ്രിയാൻ**

സഭയിലെ ഐക്യത്തിന്റെ കാണപ്പെടുന്ന അടയാളമാണ് ബിഷപ്പെന്ന് വി. സിപ്രിയാൻ എഴുതി. സഭയുടെ ഐക്യം ബിഷപ്പുമായുള്ള ഐക്യത്തിൽനിന്ന് വേർതിരിക്കാൻ സാധിക്കില്ലെന്ന് അദ്ദേഹം പഠിപ്പിച്ചു. 'സമാധാനത്തിന്റെ ആത്മബന്ധം' ബിഷപ്പിലൂടെ അപ്പസ്തോലിക പൈതൃകത്തെ അടിസ്ഥാപ്പെടുത്തി നമ്മിൽ എത്തുന്നു. "ബിഷപ്പ് സഭയിൽ ആയിരിക്കുന്നു, സഭ ബിഷപ്പിൽ ആയിരിക്കുന്നു; ബിഷപ്പിനോടൊത്ത് ആയിരിക്കാത്തവർ സഭയോടൊപ്പമല്ല." (*Letter* 66, 8). അതിനാൽ ഒരു ബിഷപ്പിന് അജപാലന ഹൃദയം ഉണ്ടായിരിക്കണമെന്ന് അദ്ദേഹം പറയുന്നു. അച്ചടക്കത്തിൽ കർക്കശനും കരുണയിലും അനുരഞ്ജനത്തിലും അഗ്രഗണ്യനുമായിരിക്കണം അദ്ദേഹം. അധികാരം എളിമയോടെയും സ്നേഹത്തോടെയും അദ്ദേഹം നിർവഹിക്കുകയും എപ്പോഴും സമൂഹത്തിന്റെ നന്മയും അഭിവൃദ്ധിയും ലക്ഷ്യം വയ്ക്കുകയും വേണം.

**വി. അപ്രേമും സുറിയാനി പിതാക്കന്മാരും**

സുറിയാനി പാരമ്പര്യത്തിൽ ബിഷപ്പുമാർ ആത്മീയ ശോഭയുടെ അവതാരങ്ങളാണ്. വി. അപ്രേം ബിഷപ്പിനെ ക്രിസ്തുവിന്റെ പ്രകാശം ക്രിസ്തീയസമൂഹ ത്തിൽ പ്രസരിപ്പിക്കുന്ന ആത്മീയവിളക്കായിട്ടാണ് അവതരിപ്പിക്കുന്നത്. ദൈവീക മേച്ചിൽപ്പുറങ്ങളിലേക്ക് ശാന്തതയോടെ തന്റെ സമൂഹത്തെ നയിക്കാൻ ബിഷപ്പിനു കഴിയണം: ''തന്റെ ആട്ടിൻകൂട്ടത്തിനു പാലമായി മാറുന്ന ഇടയൻ ഭാഗ്യവാൻ, സ്വച്ഛജീവിതത്തിന്റെ മേച്ചിൽപ്പുറങ്ങളിലേക്ക് അവരെ അവൻ സൗമ്യതയോടെ നയിക്കുന്നു." (*Hymns on the Church*, 37:12) അതിനാൽ ആഴമായ പ്രാർഥനയുടെയും, സന്യാസ അച്ചടക്കത്തിന്റെയും, ആരാധനാഭക്തിയുടെയും മാതൃകയായിരിക്കണം ബിഷപ്പ്. സുറിയാനി പാരമ്പര്യത്തിൽ ബിഷപ്പ് 'ആബ്ബാ' (പിതാവ്) ആയിരിക്കുന്നതിനാൽ ദൈവത്തിന്റെ കാരുണ്യം അവനിലൂടെ പ്രതിഫലിപ്പിക്കണം. ഈ ആത്മീയ, മിസ്റ്റിക്കൽ ശൈലിയിലാണ് മലങ്കര പിതാക്കന്മാർ രൂപപ്പെട്ടിരിക്കുന്നതും; ഒരേസമയം സത്യവിശ്വാസത്തിന്റെ സംരക്ഷകരും ആഴമായ ആത്മീയതയുടെ അധികാരികളും.

**സഭാപ്രബോധനങ്ങളിൽ**

ബിഷപ്പിന്റെ സഭയിലെ സവിശേഷ സ്ഥാനത്തെക്കുറിച്ചു നിരവധി പ്രബോധനങ്ങളുണ്ട്. ഒരു ബിഷപ്പിന്റെ ഉത്തരവാദിത്വങ്ങൾ, കൂദാശാപരമായ അധികാരങ്ങൾ, ബിഷപ്പുമാരുടെ ഇടയിലെ ഐക്യം എന്നിവയെക്കുറിച്ചു സഭയ്ക്ക് നിയതമായ പ്രബോധനങ്ങളുണ്ട്. ബിഷപ്പുമാർ സത്യവിശ്വാസം പഠിപ്പിക്കുകയും, നീതിയോടെ ഭരിക്കുകയും, പാവങ്ങളെ കരുതുകയും, ദൈവവിളിപ്രോത്സാ

ഹിപ്പിക്കുകയും, കൂദാശകൾ യോഗ്യതയോടു കൂടി പരികർമ്മം ചെയ്യുന്നുവെന്ന് ഉറപ്പാക്കുകയും വേണം.

മേൽപ്പട്ട സ്ഥാനത്തെക്കുറിച്ചു ആഴത്തിലുള്ള ആധികാരിക പ്രബോധനങ്ങളാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ നടത്തിയിരിക്കുന്നത്. 'ജനതകളുടെ പ്രകാശം' (*Lumen Gentium*) എന്ന പ്രമാണരേഖയിൽ ബിഷപ്പ് *Dominus*) എന്ന കൗൺസിൽ ഡിക്രിയിൽ ആധുനികലോകത്തിൽ ബിഷപ്പുമാരുടെ അജപാലനപരമായ ഉത്തരവാദിത്വങ്ങളെക്കുറിച്ചാണ് പറയുന്നത്. തങ്ങളുടെ വിശ്വാസികളെ വ്യക്തിപരമായി അവർ അറിയണമെന്നും വൈദികരും വിശ്വാസികളുമായി സഹകരിച്ച് സുവിശേഷദൗത്യങ്ങൾ നിർവഹിക്കണമെന്നും ഈ ഡോക്യുമെന്റ് ആവശ്യ



യേശുവിന്റെ പൗരോഹിത്യത്തിന്റെ പൂർണ്ണതയിൽ പങ്കുപറ്റുന്നു എന്നും തന്റെ ആടുകളുടെ ശരിയായ ഇടയനായിരിക്കണമെന്നും പറയുന്നു. അതുപോലെ "മെത്രാൻമാരുടെ പ്രഥമ കർത്തവ്യം സുവിശേഷ പ്രസംഗമാണ" (*Lumen Gentium* 25) ഈ പ്രമാണരേഖ ബിഷപ്പുമാരുടെ ത്രിവിധ ദൗത്യത്തെക്കുറിച്ചു പറയുകയും അവരുടെ ഇടയിൽ ഐക്യമുണ്ടാവണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. 'കർത്താവായ ക്രിസ്തു' (*Christus*

പ്പെടുന്നു. പരസ്പര സഹക രണത്തിന്റെയും സംഭാഷണത്തിന്റെയും മാർഗം സ്വീകരിച്ച് എല്ലാവർക്കും മാതൃകയായി അവർ പ്രവർത്തിക്കണമെന്നും സഭ അവരോട് ആവശ്യപ്പെടുന്നു. "എല്ലാ സഭകളോടും ബിഷപ്പുമാർ കരുതലുള്ളവരായിരിക്കണം... വിശ്വാസത്തിൽ ഐക്യവും സഭ മുഴുവനുമായുള്ള പൊതുവായുള്ള അച്ചടക്കവും പ്രോത്സാഹിപ്പിക്കാനും സംരക്ഷിക്കാനും അവർ ബാധ്യസ്ഥരാണ്" (*Christus Dominus* 6)

www.malankaralibrary.com


### സമകാലീന പ്രബോധനങ്ങൾ

ബിഷപ്പിന്റെ വിളിയും ദൗത്യവും സേവന നേതൃത്വമായി അവതരിപ്പിക്കുന്നതാണ് ആധുനിക സഭാ പ്രബോധനങ്ങൾ. പൗരസ്ത്യ കാനൻ നിയമത്തിൽ ബിഷപ്പിന്റെ കടമയെക്കുറിച്ചു ഇപ്രകാരം പറയുന്നു: “സ്നേഹത്തിലും വിനയത്തിലും ജീവിതലാളിത്യത്തിലും വിശുദ്ധിയുടെ മാതൃക കാണിക്കാൻ കടപ്പെട്ടിരിക്കുന്ന ബിഷപ്പ് ഓരോ ക്രിസ്തീയ വിശ്വാസിയുടെയും ദൈവവിളിക്കനുസരിച്ച് അവരിലെ വിശുദ്ധിയെ പ്രോത്സാഹിപ്പിക്കാൻ എല്ലാ ശ്രമങ്ങളും നടത്തണം” (CCEO 197). കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥത്തിൽ പറയുന്നത്, സഭയുടെ തലവനായ ക്രിസ്തുവിന്റെ സാന്നിധ്യം വിശ്വാസി കളുടെ ഇടയിൽ ദൃശ്യമാക്കുന്നതിന് അഭിഷിക്തരുടെ ശുശ്രൂഷയിലൂടെ സാധിക്കുന്നു എന്നാണ്. (Cf. CCC 1549) ഫ്രാൻസിസ് മാർപാപ്പ ‘ആടുകളുടെ മണമുള്ള ഇടയന്മാർ’ ആകാനാണ് അഭിഷിക്തരോട് ആവശ്യപ്പെട്ടത്. ലളിതമായി ജീവിച്ചുകൊണ്ട്, ആഴമായി ദൈവജനത്തെ ശ്രവിച്ചുകൊണ്ട്, പാവപ്പെട്ടവരെ കൂടുതൽ കരുതാൻ മാർപാപ്പ ആഹ്വാനം ചെയ്തു. ലിയോ പതിമൂന്നാമൻ മാർപാപ്പ ഈ അടുത്ത കാലത്ത് ബിഷപ്പുമാരെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞത് ക്രിസ്തുവിന്റെ അപ്പസ്തോലന്മാരും അവിടുത്തെ ജനങ്ങളുടെ വിശ്വാസത്തിന്റെ സേവകരുമാണ് തങ്ങളെന്ന ധാരണയിൽ ബിഷപ്പു മാർ ജീവിക്കണമെന്നാണ്. “... ദൈവത്തിൽ ഉറച്ചുനിൽക്കുകയും സഭയുടെ സേവനത്തിനായി പൂർണ്ണമായും സമർപ്പിക്കുകയും ചെയ്യുന്ന തങ്ങളുടെ ജീവിതമാതൃകയിലൂടെ ബിഷപ്പുമാർ പ്രത്യാശയുടെ സാക്ഷികളാണ്. വ്യക്തിജീവിതത്തിലും അപ്പോസ്തലിക ശുശ്രൂഷയിലും നിങ്ങൾ ക്രിസ്തുവിനോട് അനുരൂപപ്പെടുമ്പോൾ മാത്രമേ ഇത് സാധ്യമാവൂ. അപ്പോൾ കർത്താവിന്റെ ആത്മാവ് നിങ്ങളുടെ ചിന്താരീതിയെയും വികാരങ്ങളെയും പ്രവൃത്തികളെയും രൂപപ്പെടുത്തും.” (Saint Peter's Basilica, 25 June 2025)

### മെത്രാന്റെ ത്രിവിധ ശുശ്രൂഷകൾ ‘മൂനുസ് ദൊചെന്തി’ (The Office of Teaching)

ഒരു രൂപതയിലെ ആദ്യത്തെ അധ്യാപകൻ ബിഷപ്പാണ്. സുവിശേഷം ധൈര്യത്തോടെ പ്രഘോഷിക്കുകയും ആധുനിക വെല്ലുവിളികൾക്ക് ക്രിസ്തീയവിശ്വാസത്തിന്റെ വെളിച്ചത്തിൽ ഉത്തരം നൽകുകയും ചെയ്യുക എന്നത് അദ്ദേഹത്തിന്റെ കടമയാണ്. ഭാരതം പോലെയുള്ള വൈവിധ്യമാർന്ന സമൂഹത്തിൽ ക്രിസ്തീയവിശ്വാസത്തെ



അതിന്റെ മഹത്വത്തിൽ അവ തരിപ്പിക്കാനും മറ്റു സംസ്കാരങ്ങളെ സംഭാഷണങ്ങളിലൂടെ അടുത്തറിയാനും ശ്രമിക്കുകയും അതിന നുസരിച്ച് വിശ്വാസഗണത്തെ പഠിപ്പിക്കു കയും വേണം. അദ്ദേഹത്തിന്റെ ഈ കടമ യുടെ ഭാഗം തന്നെയാണ് വൈദികരുടെ സമഗ്രപരിശീലനം, മതാധ്യാപകരുടെ പരിശീലനം, കുടുംബങ്ങളെ സഹായിക്കുക, യുവജനങ്ങൾക്ക് ആത്മീയനിർദേശങ്ങൾ നൽകുക എന്നതും. ഇടയലേഖനങ്ങൾ, പ്രസംഗങ്ങൾ, വ്യക്തി പരമായ സാന്നിധ്യം, എന്നിവയിലൂടെ തന്റെ രൂപതയിൽ വിശ്വാസം വളർത്താൻ അദ്ദേഹം പരിശ്രമി ക്കണം.

**'മൂനുസ് സാഗ്തിഫിക്കാന്തി'**
**(The Office of Sanctifying)**

രൂപതയുടെ പ്രധാന പുരോഹിതനാണ് രൂപതാ ബിഷപ്പ്. തന്റെ ആരാധനയി ലൂടെ പ്രത്യേകിച്ചും വിശുദ്ധ കുർബാന യിലൂടെ വിശ്വാസികളെ വിശുദ്ധീകരിക്കുന്ന വനാണ് ബിഷപ്പ്. മലങ്കര പാരമ്പര്യത്തിൽ ഉപയോഗിക്കുന്ന അംശവസ്ത്രങ്ങൾ, അടയാ ളങ്ങൾ, പ്രാർഥനകൾ എല്ലാംതന്നെ സുറി യാനി സഭയിലെ ആഴമായ പ്രാർഥനയുടെ പ്രതീകങ്ങളാണ്. ആരാധനയിലെ ബിഷ പ്പിന്റെ സ്ഥാനം ആചാരപരം മാത്രമല്ല, ദൈവജനത്തെ വിശുദ്ധിയിൽ നയിക്കാനുള്ള നിയോഗത്തിന്റെ അടയാളം കൂടിയാണ്. പുരോഹിതരെ വാഴിക്കുക, ദേവാലയങ്ങൾ കൂദാശ ചെയ്യുക, കൂദാശകൾക്ക് നേതൃത്വം നൽകുക, എന്നിവയിലൂടെ പ്രാദേശിക സഭയിൽ ക്രിസ്തു വിന്റെ വിശുദ്ധീകരിക്കുന്ന സാന്നിധ്യമായി അദ്ദേഹം മാറുന്നു.

**'മൂനുസ് റീജന്തി'**
**(The Office of Governing)**

ഒരു നല്ല ഇടയനെപ്പോലെ തന്റെ രൂപതയെ നയിക്കു കയും അനുധാവനം ചെയ്യുകയും സേവിക്കുകയും ചെയുന്നവനായിരിക്കണം രൂപതാ ബിഷപ്പ്. അജപാലന പദ്ധതികൾ കൂടിയാലോചനകളിലൂടെ നടപ്പാക്കുക, ഉത്തര വാദിത്വത്തോടെ രൂപതയുടെ വിഭവ ങ്ങൾ കൈകാര്യം ചെയ്യുക, ദൈവവിളികൾ പ്രോത്സാഹിപ്പിക്കുക, നീതി നടപ്പാക്കുക, എല്ലാറ്റിലുമുപരി സുതാര്യതയോടെ കാര്യങ്ങൾ



ചെയ്യുക. എല്ലാത്തിനെയും നിയന്ത്രിക്കുക എന്നതിനേക്കാൾ, വിശ്വാസത്തിലും സുവി ശേഷ ചൈതന്യത്തിലും രൂപതയെ നയിക്കുന്ന തിന്നേതൃത്വം നൽകുക എന്നതാണ് ബിഷപ്പി ന്റെ ഉത്തരവാദിത്വം.

**പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ**

സുറിയാനി പാരമ്പര്യത്തിൽ ബിഷപ്പിനെ ഇടയനായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. സിറിയാ യിലെ വി. അപ്രേം തന്റെ കീർത്ത നങ്ങളിൽ തന്നെത്തന്നെ ഇടയന്റെ കൂട്ടുകാര നായും (herdsman) ബിഷപ്പിനെ ഇടയനായും (shepherd), ദൈവജനത്തെ ആലയിലെ ആടു കളോടുമാണ് (fold) ഉപമിച്ചിരിക്കുന്നത്. ബിഷപ്പിന്റെ അധികാരം ജ്ഞാനത്തിലും, ആർ ദ്രതയിലും അധിഷ്ഠിതമായിട്ടാണ് നടപ്പാക്കേ ണ്ടത്. തന്റെ ആടുകളെ സംരക്ഷിക്കുകയും, കാണാതെപോയതിനെ തേടിയിറങ്ങുകയും, ആരാധന യിലൂടെയും ശരിയായ പ്രബോധന ത്തിലൂടെയും ആത്മീയ പരിപോഷണം നടത്തി നയിക്കുന്നവനുമായിരിക്കണം ബിഷപ്പ്.

മലങ്കര പാരമ്പര്യത്തിൽ ക്രിസ്തുവിന്റെ പ്രതിപുരുഷനായിട്ടാണ് ബിഷപ്പ് ആരാധ നയ്ക്ക് നേതൃത്വം നൽകേണ്ടത്. സുറിയാനി ആരാധന സ്വർഗീയ അടയാളങ്ങളാൽ സമ്പന്നമാണ്. പറുദീസയാകുന്ന മദ്ബഹാ യിൽ സ്വർഗീയ മാലാഖമാരെപ്പോലെ പുരോഹിതർ ദൈവാരാധനയ്ക്ക് നേതൃത്വം നൽകുന്നു. വ്യക്തിപരമായ വിശുദ്ധിയോ

www.malankaralibrary.com





ടെയും ആത്മീയ അച്ചടക്കത്തോടെയും മാത്രമേ ഈ ദൗത്യം ഏറ്റെടു ക്കാവൂ. കൂടാതെ പൗരസ്ത്യപാരമ്പര്യം കൂടിയാലോചനയുടേതാണ്. ബിഷപ്പുമാർ തങ്ങളുടെ സഹബിഷപ്പുമാരുമായി കൂടിയാലോചിച്ചു തീരുമാനമെടുക്കുകയും നടപ്പാക്കുകയും വേണം. ഈ ഐക്യം സഭയുടെ സാക്ഷ്യത്തെ സഹായിക്കുകയും ഉത്തരവാദിത്വത്തോടെ സഭയെ നയിക്കാൻ അവരെ സഹാ യിക്കുകയും ചെയ്യും. മലങ്കര കത്തോലിക്കാ സഭയിൽ ഇത് കാതോലിക്കാ ബാവയുടെ നേതൃത്വത്തിലുള്ള പരിശുദ്ധ സിനഡിലൂടെയാണ് ഇന്ന് നിർവഹിക്കപ്പെടുന്നത്.

**ആധുനിക വെല്ലുവിളികൾ**

എല്ലാത്തരത്തിലുള്ള നേതൃത്വങ്ങളും വലിയ സമർപ്പണവും സുതാര്യതയും എളിമയും കാഴ്ചവയ്ക്കേണ്ട ഒരു കാലഘട്ടമാണ് ഇത്. ആത്മീയനേതൃത്വം മറ്റുള്ളവർക്ക് മാതൃകയായിരിക്കണമെന്ന് സഭ അഭിലഷിക്കുന്നു. ആഗോള, ദേശീയ, പ്രാദേശിക വെല്ലുവിളികൾ നേരിടാൻ പക്വതയും പരിശീലനവും നേടിയ നേതാക്കന്മാർ മലങ്കര കത്തോലിക്കാ സഭയിൽ എക്കാലത്തും ഉണ്ടായിട്ടുണ്ട്. വിദേശ രാജ്യങ്ങളിലേക്കുള്ള കുടിയേറ്റം, കുടുംബ ബന്ധങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ, സാംസ്കാരിക വ്യതിയാനങ്ങൾ, കുറഞ്ഞുവരുന്ന ദൈവവിളികൾ, കൂടിവരുന്ന അജപാലന ആവശ്യങ്ങൾ, ചെറിയ കുടുംബങ്ങൾ, സാമ്പത്തിക പരാധീനതകൾ, സെക്കുലർ ചിന്താഗതികൾ, ഡിജിറ്റൽ യുഗത്തിലെ വെല്ലുവിളികൾ, ഇങ്ങനെ അനവധി അജപാലനശ്രദ്ധ വേണ്ട മേഖലകൾ നേതൃത്വത്തിന് വെല്ലുവിളികൾ ഉയർത്തുന്നു. വിവിധ മതങ്ങളും സംസ്കാരങ്ങളും ഭാഷയും ഇടകലർന്നു ജീവിക്കുന്ന ഭാരതത്തിൽ വിശാലമായ കാഴ്ചപ്പാടോടെ കാര്യങ്ങളെ കാണുന്നതിനും വിവിധ ക്രൈസ്തവ സഭകളോട് ചേർന്നു പ്രവർത്തിക്കുന്നതിനും ഭാരതത്തിലെ വിവിധ റീത്തുകളെ മനസ്സിലാക്കി മുന്നോട്ടു പോകേണ്ടതും ഇന്നിന്റെ അനിവാര്യതയാണ്. ഇക്കാര്യങ്ങളിലൊക്കെ വിശ്വാസികൾക്ക് ശരിയായ നേതൃത്വം കൊടുക്കേണ്ട ആളാണ് ബിഷപ്പ്.

ഇന്നത്തെ ലോകത്തിന് ഏറ്റം അനിവാര്യമായിരിക്കുന്നത് ക്രിസ്തുവിനെ ശരിയായി സാക്ഷിക്കുക എന്നതാണ്. എളിമയും, സുതാര്യതയും പ്രവാചകതുല്യമായ നേതൃത്വഗുണങ്ങളും സുവിശേഷ വിജയത്തിന് ആവശ്യമാണ്. ആധികാരികത എല്ലാ നേതൃ

www.malankaralibrary.com


ത്വമേഖലകളിലും ഇന്ന് അനിവാര്യത ആയിരിക്കുകയാണ്. ക്രിസ്തുവിനെപ്പോലെ പാവങ്ങളുടെ പക്ഷം ചേരാനും മനുഷ്യമഹത്വം ഉയർത്തിപ്പിടിക്കാനും കഴിയുന്ന നേതാക്കന്മാരെ എപ്പോഴും ദൈവജനത്തിന് നൽകുന്നതിനായി അവർ നിരന്തരം പ്രാർഥിക്കണം. ജെറമിയ പ്രവാചകനിലൂടെ ദൈവം ഇന്ന് നമ്മോടും പറയുന്നു: "എനിക്ക് ഇഷ്ടപ്പെട്ട ഇടയൻമാരെ ഞാൻ നിങ്ങൾക്കു തരും; അവർ ജ്ഞാനത്തോടും വിവേകത്തോടും കൂടെ നിങ്ങളെ പാലിക്കും" (ജെറമിയ 3:15).

**ഉപസംഹാരം**

വി. യോഹന്നാൻ ഒഴികെ അപ്പസ്തോലന്മാരെല്ലാവരും തന്നെ രക്ഷസാക്ഷിത്വത്തിലൂടെ ക്രിസ്തു വിനെ സാക്ഷിച്ചവരാണ്. അതിനാൽത്തന്നെ, സുവിശേഷം അതിന്റെ ഏറ്റം തീവ്രതയിൽ - സേവനത്തിൽ - സാക്ഷാത്കരിക്കുക എന്ന വലിയ ദൗത്യമാണ് ഒരു ബിഷപ്പ് ഏറ്റെടുത്തിരിക്കുന്നത്. മഹാനായ വി. ഗ്രിഗറി മാർപാപ്പ സഭയിലെ ഏറ്റം ഉന്നതമായ സ്ഥാനം അലങ്കരിച്ചപ്പോൾ തനിക്ക് ലഭിച്ചിരിക്കുന്ന അധികാരത്തെ വിശേഷിപ്പിച്ചത് താൻ 'ദൈവത്തിന്റെ ദാസന്മാരുടെ ദാസൻ' ആയിരിക്കുന്നു എന്നാണ്. അധികാരത്തെ സംശയത്തോടെ വീക്ഷിക്കുകയും വലിയ ആത്മീകശിഥിലീകരണം എല്ലായിടത്തും ദൃശ്യമാവുകയും ചെയുന്ന ഒരു കാലഘട്ടത്തിൽ ക്രിസ്തുവിനെ പൂർണ്ണമായും സേവനത്തിൽ സാക്ഷിച്ചുകൊണ്ടു മാത്രമേ നേതൃത്വ വിശ്വാസ്യത നിലനിർത്താൻ സാധിക്കൂ. സമൂഹജീവിതത്തിന്റെ അതിർവരമ്പുകളിൽ നിൽക്കുന്ന മുറിവേറ്റവരെയും വേദനിക്കുന്നവരെയും പാവങ്ങളെയും നിരാശരായവരെയും മുഖ്യധാരയിൽ കൊണ്ടുവന്ന് ക്രിസ്തീയപ്രത്യാശ പ്രദാനം ചെയ്യുന്ന അനേകം നേതാക്കന്മാർ നമ്മുടെ സഭയിൽ അവതരിക്കുന്നതിനായി നമുക്കിന്ന് പ്രാർഥിക്കാം. ബിഷപ്പിന്റെ വിളി അതിന്റെ ആഴവും അർഥവും വെളിവാക്കുന്നത് ദൈവജനത്തോടുള്ള ഐക്യദാർഢ്യത്തിലാണെന്നു വി. അഗസ്തീനോസ് ഓർമ്മപ്പെടുത്തികൊണ്ടേയിരിക്കുന്നു: "നിങ്ങൾക്കു വേണ്ടി ഞാൻ ഒരു ബിഷപ്പാണ്, പക്ഷേ നിങ്ങൾക്കൊപ്പം ഞാൻ ഒരു ക്രിസ്ത്യാനിയാണ്. ആദ്യത്തേത് ഒരു ഉത്തരവാദിത്വമാണ്, രണ്ടാമത്തേത് ഒരു കൃപയാണ്. ആദ്യത്തേത് അപകടം നിറഞ്ഞതും, രണ്ടാമത്തേത് രക്ഷാദായകവുമാണ്" (St. Augustine, *Sermon* 340, 1). മലങ്കര കത്തോലിക്കാ സഭയിൽ വിശ്വാസികളോടൊപ്പം നിന്ന് അവരെ ശക്തിപ്പെടുത്തുന്ന നേതൃത്വത്തിൽ നമുക്ക് അഭിമാനിക്കാം. സഭയിലെ പിതാക്കന്മാരുടെ ദൈവസന്നിധിയിലേക്ക് ഉയർത്തിപ്പിടിക്കുന്ന കരങ്ങൾ താഴ്ന്നുപോകാതിരിക്കാൻ നമ്മുടെ പ്രാർഥനകൾ കൊണ്ട് അതിനെ താങ്ങിനിർത്താം.

**മെത്രാന്മാർക്കുവേണ്ടിയുള്ള പ്രാർഥന**

നല്ലിടയനായ യേശുവേ, അവിടുന്ന് തന്റെ സഭയെ നിത്യം പരിപാലിക്കുന്നവാനാണല്ലോ, അവിടുത്തെ ആട്ടിൻകൂട്ടത്തിന്റെ ഇടയയന്മാരാകാൻ തിരഞ്ഞെടുത്തിരിക്കുന്ന തന്റെ ദാസന്മാരെ അനുഗ്രഹിക്കണമേ,

എല്ലാവിധ ആപത്തിൽ നിന്നും അവരെ സംരക്ഷിക്കണമേ, അവരെ വിജ്ഞാനത്തിലും വിശുദ്ധിയിലും പരിപാലിക്കണമേ,

എളിമയുള്ള ഹൃദയവും, തുറവിയുള്ള മനോഭാവവും, ദൈവജനത്തെ സ്നേഹത്തിലും സത്യത്തിലും നയിക്കാനുള്ള ധൈര്യവും, അവർക്ക് പ്രദാനം ചെയ്യണമേ,

തങ്ങളുടെ സംരക്ഷണയിൽ ഏൽപിക്കപ്പെട്ടവരെ വിശ്വസ്തതയോടെ നയിച്ചുകൊണ്ട്, ലോകത്തിൽ രക്ഷയുടെ അടയാളമായി അവർ അവിടുത്തെ സഭയെപുടുത്തുയർത്തട്ടെ. ആമ്മേൻ.



www.malankaralibrary.com

# ഞാൻ എന്തായിരിക്കുന്നോ അത് ദൈവകൃപയാലാണ്



നവാഭിഷിക്തനായ ആബൂൻ കുര്യാക്കോസ് മാർ ഒസ്താത്തിയോസ് എപ്പിസ്കോപ്പായുമായി ശ്രീ രാജു മാത്യു നടത്തിയ അഭിമുഖം

www.malankaralibrary.com



'കുര്യാക്കോസ്' എന്ന ഗ്രീക്ക് പേരിന്റെ അർഥം ദൈവത്തിനുള്ളത് എന്നാണ്. താൻ ദൈവത്തിനുള്ളതാണെന്ന് നവാഭിഷിക്തനായ കുര്യാക്കോസ് മാർ ഒസ്താത്തിയോസ് തിരുമേനി ഉറക്കെപ്പറയുന്നത് പത്തിൽ പഠിക്കുമ്പോഴാണ്. അതിനു മുൻപു തന്നെ വിശ്വാസവഴിയേ സഞ്ചരിച്ചു തുടങ്ങിയിരുന്നെങ്കിലും അധ്യാപകനായ സുഗുണൻ സാർ ചോദിച്ചപ്പോഴാണ് വൈദികനാകാനാണ് ആഗ്രഹമെന്ന് തിരുമേനി ആദ്യമായി പറഞ്ഞത്. നമ്മുടെ ആരാധനാക്രമത്തെ സംബന്ധിച്ചുള്ള അവഗാഹമായജ്ഞാനവും താൽപര്യവുമാണ് തിരുമേനിയുടെ മറ്റൊരു പ്രത്യേകത. ആരാധനാക്രമത്തിലെ ഗാനങ്ങൾ അദ്ദേഹം ഇമ്പമോടെ പാടും. അതു കേൾക്കുന്നവരിലും ഉൾപ്പുളകമുണ്ടാക്കും.



നവീകരണത്തെക്കുറിച്ചാണ് തിരുമേനി സംസാരിച്ചു തുടങ്ങിയത്. നന്മയ്ക്കായി തുടങ്ങിയ പലതും നമ്മൾ പോലും അറിയാതെ തിന്മയാകുമെന്നും അതു കൊണ്ടാണ് ആത്മീയ ജീവിതത്തിലും നവീകരണം ആവശ്യമാകുന്നതെന്നും അദ്ദേഹം സമർഥിക്കുന്നു. ആത്മശോധന ആ ദുഷിപ്പിനെ തിരിച്ചറിയാൻ സഹായിക്കുന്ന നല്ല ആത്മീയ അഭ്യാസമാണെന്നും പറയുന്നു. വന്ന വഴികളെക്കുറിച്ചും ബോധ്യങ്ങളെക്കുറിച്ചും പോകാനുള്ള വഴികളെക്കുറിച്ചുമെല്ലാം തിരുമേനി ഉള്ളു തുറക്കുകയാണ്.

**എന്റെ വഴി പൗരോഹിത്യമാണെന്ന് തിരിച്ചറിഞ്ഞത് എന്നാണ്?**

എന്റെ അമ്മ യാക്കോബായ സഭാംഗമായിരുന്നു. വൈദികരുള്ള കുടുംബമായിരുന്നു ഞങ്ങളുടേത്. ബുധനാഴ്ചയും വെള്ളിയാഴ്ചയും അമ്മ നോമ്പെടുക്കുമായിരുന്നു. സാധാരണ കർഷക കുടുംബത്തിലെ സ്ത്രീയായിരുന്നെങ്കിലും നിഷ്ഠാപരമായ ജീവിതമാണ് നയിച്ചിരുന്നത്. മണർകാട് പള്ളിയിലെ ആരാധനകളിൽ കൃത്യമായി പങ്കെടുക്കുകയും നോമ്പിൽ പങ്കുകൊള്ളുകയും ചെയ്യുമായിരുന്നു. മണർകാട് പള്ളിയിൽ വിശുദ്ധ കുർബാന എഴുന്നള്ളിക്കുമ്പോൾ അമ്മമാർ കുഞ്ഞുങ്ങളെ എടുത്ത് ഉയർത്തി കാണിക്കുമായിരുന്നു. അന്നേ വൈദികരെയും തിരുമേനിമാരെയുമെല്ലാം കാണുമ്പോൾ ഏറെ ആകർഷണം തോന്നിയിരുന്നു. ഞാനും പെങ്ങളും നല്ലവണ്ണം പാടുകയും വേദപുസ്തകം വായിക്കുകയും ചെയ്യുമായിരുന്നു. പത്താം ക്ലാസിൽ സുഗുണൻ സാർ ഭാവിയിൽ എന്താകാനാണ് ആഗ്രഹമെന്ന് ചോദിച്ചപ്പോൾ വൈദികനാകണം എന്നാണ് പറഞ്ഞത്.

www.malankaralibrary.com




**എപ്പോഴെങ്കിലും ഒരു മടക്കയാത്രക്ക് തോന്നിയിട്ടുണ്ടോ?**

ഇല്ല, ഒരിക്കലുമില്ല. സെമിനാരി ജീവിതത്തിലും ചിട്ടകൾ വിട്ടൊരു കാര്യം ചെയ്തിട്ടില്ല. ആത്മീയ പിതാവായിരുന്ന മാലിപ്പറമ്പിൽ അച്ചൻ, വൈദിക വൃത്തിയിൽ സ്ഥാനക്കയറ്റം പ്രതീക്ഷിക്കരുതെന്ന് പറയുമായിരുന്നു. കാരണം, വൈദികവൃത്തി തന്നെ ഒരു നല്ല പ്രമോഷനാണ്. എവിടെ നട്ടിരിക്കുന്നുവോ അവിടെ നിന്ന് നല്ലവണ്ണം പുഷ്പിക്കുക എന്ന് അദ്ദേഹം പറയുമായിരുന്നു. കിട്ടിയതെല്ലാം വലിയ ഔദാര്യമായിട്ടേ കണ്ടിട്ടുള്ളൂ. പഠിപ്പിക്കാൻ വിദേശത്ത് അയച്ചു. പഠിച്ചു തിരിച്ചു വന്നപ്പോൾ സെമിനാരി റെക്ടറാക്കി. ആരാധനക്രമത്തിന്റെ കാര്യങ്ങൾ ഏൽപ്പിച്ചു. പിന്നെ വളരെ ഫ്രീ ആയിട്ട് നടക്കാൻ കഴിയുന്നു. പൈസാ ഇല്ലാതിരുന്ന കാലത്തു പോലും സന്തോഷമായിരുന്നു. പത്തിപ്പറമ്പിൽ അച്ചൻ വല്ലപ്പോഴും പണം തരുമായിരുന്നു. തിമോത്തിയോസ് തിരുമേനിയാണ് എന്നെ വിദേശത്ത് പഠിക്കാൻ അയച്ചത്. ചെന്ന സ്ഥലത്തും ആളുകൾ എന്നെ സഹായിച്ചു. സ്കോളർഷിപ്പ് ഇല്ലാതെ തിരികെ പോരേണ്ടി വരുമോ എന്നു തോന്നിയ കാലം ഉണ്ടായിരുന്നു. സ്വിറ്റ്സർലണ്ടിലെ റാസൽ ഇടവകയിലെ വികാരി അച്ചൻ ഒരാളെ സ്പോൺസറായി കണ്ടുപിടിച്ചു തന്നു. അദ്ദേഹം മൂന്നുവർഷം എന്നെ സഹായിച്ചു. അവസാനം അദ്ദേഹത്തെ കാണാൻ ആഗ്രഹിച്ചു. എന്നാൽ വികാരി അച്ചൻ ഇക്കാര്യം പറഞ്ഞപ്പോൾ,വേണ്ട എനിക്കു വേണ്ടി ഒരു സ്വർഗസ്ഥനായ പിതാവേ പ്രാർഥന ചൊല്ലിയാൽ മതി എന്നാണ് ആ സ്പോൺസർ പറഞ്ഞത്. അന്നു തീരുമാനിച്ചു മറ്റുള്ളവരെ പഠിക്കാൻ സഹായിക്കണമെന്ന്. വഴിയിൽ പരിചയപ്പെട്ട ഒരു വിദ്യാർഥിയെ എൻജിനിയറിങ് പഠിപ്പിച്ചു. സത്യത്തിൽ ഞാൻ അവന് എത്ര കൊടുത്തോ അതിനേക്കാൾ കൂടുതൽ പ്രസംഗത്തിലൂടെയും മറ്റും തിരിച്ചു കിട്ടിയിട്ടുണ്ട്. നൽകിയാൽ ഒരിക്കലും ദോഷം വരില്ല എന്ന് ഉറച്ച വിശ്വാസമുണ്ട്. ഇപ്പോൾ യുകെയിലേക്കു പോകുമ്പോൾ വലിയ ആശങ്കകളില്ല. ദൈവം എനിക്ക് നൽകും എന്ന ഉറച്ച വിശ്വാസമാണ് ഉള്ളത്.

**മെത്രാൻ പദവിയെ എങ്ങനെ കാണുന്നു?**

ക്ലേശത്തിലേക്കുള്ള വിളി കൂടിയാണിത്. ഇതുവരെ സ്വാതന്ത്ര്യമായിട്ടാണ് എല്ലാവരും ഇടപഴകിയിരുന്നത്. ഞാൻ മെത്രാച്ചനാകുന്നു എന്ന് കേട്ടപ്പോൾ അനീഷ് എന്ന സുഹൃത്തും പറഞ്ഞു, ഇനി പഴയ അച്ചനെ പോലെ പെരുമാറാൻ കഴിയില്ലല്ലോ എന്ന്. സുഹൃത്തായ മാത്യു പുനക്കുളം അച്ചനും മറ്റു ചിലരും പറഞ്ഞു, ഇനി എടാ എന്നു വിളിക്കാൻ കഴിയില്ലല്ലോ എന്ന്. സ്വാതന്ത്ര്യം നഷ്ടപ്പെട്ടു. ക്ലേശങ്ങളാണ് ഇനി വരുന്നത്. എന്നാൽ അപ്പൊസ്തോലന്മാരുടെ പിൻഗാമികളുടെ ഗണത്തിൽപ്പെട്ടു എന്ന സന്തോഷമാണ് ഉള്ളത്. അപ്പൊസ്തോലന്മാരുടെ പിൻഗാമികൾ എല്ലാം രക്തസാക്ഷികളായിട്ടുണ്ട്.

**നമ്മുടെ ആരാധനക്രമത്തിന്റെ പ്രത്യേകതകൾ?**

അന്ത്യോക്യൻ സുറിയാനി സഭയാണ് സത്യവിശ്വാസത്തെ ശരിയായി വ്യാഖ്യാനി

www.malankaralibrary.com


ച്ചിരിക്കുന്നത്. ആരാധനക്രമത്തിന്റെ അന്തഃസത്ത മുഴുവൻ അതിന്റെ പ്രാർഥനകളിലും ഗീതങ്ങളിലുമാണ്. നമ്മുടെ വിശുദ്ധ കുർബാനയും ശുശ്രൂഷാ സംവിധാനങ്ങളും ഗംഭീരമാണ്. അതിന്റെ ലിറ്റർജിക്കൽ ക്രമീകരണങ്ങൾ വളരെ ശ്രേഷ്ഠമാണ്. അത് ഭംഗിയായി ചൊല്ലാൻ കഴിഞ്ഞാൽ പ്രത്യേക സംതൃപ്തിയാണ്. നമ്മുടെ വിവാഹം, മാമോദീസാ എന്നിവയുടെ ഗീതങ്ങളെല്ലാം വളരെ ഇമ്പമാർന്നതാണ്. യാക്കോബായ സഭയിലെ ഒസ്താത്തിയോസ് തിരുമേനി വളരെ ഹൃദ്യമായി ചൊല്ലും. നമ്മുടെ സഭയുടെ ചടങ്ങുകൾക്കെല്ലാം വളരെ നല്ല ചിട്ടയുണ്ട്. അതു കൊണ്ട് അത് കാണുന്നവരിലും ഒരു പ്രത്യേക അനുഭൂതി ഉണ്ടാകും. സുറിയാനി ഈണത്തിൽ ചൊല്ലുമ്പോൾ മെറ്റാഫിസിക്കൽ ഫീൽ ഉണ്ടാകും. നമ്മുടെ കർത്താവ് സംസാരിച്ച ഭാഷയുടെ അവാന്തരമാണല്ലോ സുറിയാനി.

**ഏറെ സന്തോഷിച്ച നിമിഷം?**

ജീവിതത്തിൽ മുഴുവൻ അദ്ഭുതവും സന്തോഷവുമാണ്. വൈദികനാകാൻ യോഗ്യനാണ് എന്ന് പറഞ്ഞ നിമിഷം ഏറ്റവും സന്തോഷകരമായി. ഗ്രിഗോറിയോസ് തിരുമേനിയിൽ നിന്നാണ് പട്ടം സ്വീകരിച്ചത് എന്നത് അഭിമാനകരമാണ്.

**വിശ്വാസം അരക്കിട്ട് ഉറപ്പിച്ച നിമിഷങ്ങൾ?**

നമ്മുടെ ബാവാ തിരുമേനി എന്നോട് യൂറോപ്പിലേക്ക് പോകാൻ പറഞ്ഞപ്പോൾ പ്രായം കുറഞ്ഞ ആരെങ്കിലും പോരേ എന്നാണ് ഞാൻ ചോദിച്ചത്. എന്നാൽ ബാവായുടെ ആ നിർദേശം ഒരു ദൈവനിയോഗം പോലെയായി എന്നത് പിന്നീട് മനസ്സിലായി.

യൂറോപ്പിലുള്ള അച്ചന് ഒരു പള്ളി അവിടെ ഓഫർ ചെയ്തിരുന്നു. അദ്ദേഹം ആ പള്ളിയിലേക്ക് പോകുമ്പോൾ എനിക്ക് മറ്റൊരു പള്ളി തരാം എന്നാണ് പറഞ്ഞിരുന്നത്. എന്നാൽ ആ അച്ചന് പള്ളി കിട്ടിയില്ല. അതുകൊണ്ട് ഞാൻ ഒരു വൈദികന്റെ കൂടെ റസിഡന്റ് പ്രീസ്റ്റായി മാത്രം കഴിയേണ്ടി വന്നു, ഒൻപതു മാസത്തോളം. അലവൻ



സൊന്നുമില്ലാതെ ഒരു ജീവിതം. അദ്ദേഹം ഒരു നല്ല വൈദികനായിരുന്നു. ഞാൻ എല്ലാ ഞായറാഴ്ചയും മിഷൻ സ്ഥലങ്ങൾ പോയി കാണുമായിരുന്നു. അതൊരു അനുഗ്രഹമായി. ഇതിനിടെ എന്റെ പിതാവ് മരിച്ചു. കോവിഡിന്റെ സമയമായിരുന്നു അത്. വളരെ പ്രയാസപ്പെട്ട് സംസ്കാരത്തിന് എത്തി. 40 ദിവസവും കല്ലറയിൽ പ്രാർഥന കഴിഞ്ഞ് പോയാൽ പോരേ എന്ന് ബാവായോടു ചോദിച്ചു. എന്നാൽ ഒരു ഞായറാഴ്ച കുർബാന നടത്തിയിട്ട് അച്ചൻ പോകണം എന്ന് ബാവാ പറഞ്ഞു. ഞാൻ ചെല്ലുമ്പോൾ എന്നെ കാത്ത് നിയമന ഉത്തരവ് കിടപ്പുണ്ടായിരുന്നു.

ഏതായാലും സെപ്റ്റംബർ ഒന്നിന് ഞാൻ പുതിയ പള്ളിയിൽ ചാർജെടുത്തു. അവിടെ നല്ല ഒരു കെട്ടിടമാണ് കിട്ടിയത്. അഞ്ചു മുറികളും ചാപ്പലും ഉള്ള , രണ്ട് ഓഫിസ് മുറികൾ ഉൾപ്പെടുയുള്ള സൌകര്യങ്ങളുള്ള കെട്ടിടം. എന്നാൽ എന്നെ അപ്പൊസ്തൊലിക് വിസിറ്റേറ്ററായി നിയമിച്ചു കൊണ്ടുള്ള ബാവാ തിരുമേനിയുടെ പ്രഖ്യാപനം 19നാണ് ഉണ്ടായത്. അതും അനുഗ്രഹകരമായി. ദൈവത്തിന്റെ ഇടപെടൽ അദ്ഭുതകരമായി ഉണ്ടെന്ന് എനിക്ക് വീണ്ടും ബോധ്യമായി. ദൈവത്തിന് പദ്ധതിയും സമയവും നമ്മൾക്ക് എപ്പോഴും ബോധ്യപ്പെടണമെന്നില്ല. എന്തു മാത്രം പ്രതിസന്ധികളിലൂടെയാണ് നമ്മുടെ സഭ വളർന്നത്. ദൈവം നടത്തുന്നത് നമ്മൾ ആഗ്രഹിച്ചതു പോലെയോ കാണുന്നതു പോലേയോ ആകില്ല എന്നു മാത്രം.

**യൂറോപ്പിലേക്കു പോകുമ്പോഴുള്ള വിചാരങ്ങൾ, പദ്ധതികൾ?**

അവിടെ നാമമാത്ര ക്രിസ്ത്യാനികളാണ് ഉള്ളത്. പള്ളിയിൽ പോകുന്ന യഥാർഥ ക്രിസ്ത്യാനികൾ ന്യൂനപക്ഷമായിരിക്കുകയാണ്. 43 ശതമാനം മാത്രമാണ് ശരിയായ അർഥത്തിൽ എല്ലാ വിഭാഗം ക്രിസ്ത്യാനികളും ഉള്ളത്.രണ്ട് ശതമാനം ഹിന്ദുക്കളും ഒന്നേകാൽ ശതമാനം ജൂതന്മാരുണ്ട്.ആറ് ശതമാനം മുസ്ലിംങ്ങളുണ്ട്. ബാക്കിയുള്ളവർ പേരു കൊണ്ട് ക്രിസ്ത്യാനികളാണെങ്കിലും



പള്ളിയിൽ പോകാത്തവരോ അവിശ്വാസികളോ ആണ്. എന്നാൽ ഇങ്ങനെ പോയാൽ പോരാ എന്ന് ഇപ്പോൾ അങ്ങിങ്ങ് ചില നല്ല ബോധ്യങ്ങൾ ഉണ്ടായിട്ടുണ്ട്. വിശ്വാസപരമായ കാര്യങ്ങളിലും ആത്മീയ ജീവിതത്തിലും അവരെ ശക്തീകരിക്കുക എന്നതാണ് പ്രധാന ദൌത്യം. ഭാഷയും ഒരു പ്രശ്നമാണ്. അവിടെ പഠിച്ചു വളർന്നവർ പറയുന്ന ഇംഗ്ലിഷ് അവർക്ക് കൂടുതൽ മനസ്സിലാകും. വിശ്വാസമില്ലാത്ത ഭൂരിപക്ഷത്തിന്റെ ഇടയിൽ വിശ്വാസിയായി ജീവിക്കുന്നത് അവിടെ പ്രയാസകരമാണ്. പള്ളിയിൽ വരുന്നതിന് പോലും കുട്ടികൾ കളിയാക്കപ്പെടുന്നു. ഞങ്ങളുടെ തനിമ കാത്ത് സൂക്ഷിക്കാൻ , കൂടിവരവിൽ ചേരാൻ പോകുന്നു എന്ന് മറുപടി പറയണം എന്നാണ് ഞാൻ പറഞ്ഞിട്ടുള്ളത്. നമ്മുടെ ഭാഷ പഠിക്കുന്നതും മോശമല്ല എന്ന ചിന്തയും വരണം. സഭയു

മായി ചേർന്നു നിന്ന് വിശ്വാസം കാത്തു സൂക്ഷിക്കുക എന്ന സന്ദേശമാണ് പകരുന്നത്. പിന്നെ ഭാഷയും ഒരു പ്രശ്നമാണ്. അവിടെ പഠിച്ചു വളർന്നവർ പറയുമ്പോൾ കൂടുതൽ സ്വീകാര്യത ലഭിക്കും.

ആദ്യസമയങ്ങളിൽ കുട്ടികളെ ദേവാലയത്തിൽ വരാൻ നിർബന്ധിക്കണം. എല്ലാം നിർബന്ധത്താലാണല്ലോ തുടരുന്നത്. ദൈവത്തിലേക്ക് തിരിയണം എന്ന് ചിന്ത ഇംഗ്ലീഷ് കാർക്കിടയിലും വളർന്നു വരുന്നുണ്ട്. ഇതര മതസ്ഥർ അവരുടെ മതം പഠിച്ച് ശക്തമായി മുന്നോട്ട് പോകുന്നതും അവർ ആശങ്കയോടെ കാണുന്നു എന്നതിന് തെളിവാണ് അടുത്തിടെ ലണ്ടനിൽ നടന്ന വൻ പ്രതിഷേധം.

1. ദൈവം, 2. സഭ, 3 കുടുംബം. നാലാമതേ ജോലി വരുന്നുള്ളൂ. ഇത് മേൽകീഴ് മറിയരുത്. ദൈവത്തെ കണ്ടു മുട്ടുന്ന സ്ഥലമാണ് സഭ. കുടുംബവും ദൈവത്തെ കാണാവുന്ന സ്ഥലമാണ്. യൂറോപ്പിൽ ആദ്യ പ്രാധാന്യം ജോലിയായി. ഒരു രാജ്യത്തിന്റെ ഏറ്റവും ശക്തി അവരുടെ ജനസംഖ്യയാണ്. എന്നാൽ കുടുംബം എന്ന പ്രസ്ഥാനത്തെ അവിടുള്ളവർ ഒരു ശക്തമായി എടുത്തില്ല. യൂറോപ്പിലുള്ള, യുകെയിലുള്ളവർ ചോദിക്കുന്നത് വൈ എന്നാണ്. അവരുടെ ചോദ്യങ്ങൾക്ക് ബോധ്യപ്പെടുത്തുന്ന ഉത്തരങ്ങൾ നൽകണം.

ആത്മീയത എന്നാൽ മനസ്സിലുള്ള കാര്യമാണ്. അത് പ്രോജ്വലിപ്പിക്കണം. അവിടുള്ള



**അവിടെയുള്ള യുവതീ യുവാക്കളോടുള്ള പ്രധാന ഉപദേശം?**

ജീവിതത്തിൽ മൂന്നു കാര്യം പ്രധാനമാണെന്ന് പറയും.

നല്ല യുവാക്കളെ പഠിപ്പിക്കുകയും പരിശീലിപ്പിക്കയും ചെയ്യണം. അവർ വഴിയായി ഈ വിവരങ്ങൾ പുറം ലോകത്തെ അറിയിക്കണം. എന്നാൽ അവർക്ക് ഇവിടുത്തെ സണ്ടേ

www.malankaralibrary.com




ഞങ്ങളുടെ പഠനത്തിലും അവർ വളരെ ശ്രദ്ധ കാട്ടി. മക്കളുടെ കാര്യത്തിന് ഏതറ്റം വരെയും പോകുമായിരുന്നു പിതാവ്. സാധുക്കളോട് വളരെ കാരുണ്യവും മറ്റുള്ളവരെ സഹായിക്കാനുള്ള മനസ്സും ഉണ്ടായിരുന്നു.

എന്നെ സെമിനാരിയിൽ സ്വീകരിച്ചത് തിമോത്തിയോസ് തിരുമേനിയാണ്. റെക്ടറായിരുന്നു ചുണ്ടേവാലിൽ അച്ചൻ. തിമോത്തിയോസ് തിരുമേനിയുടെ പിതാവ് ചുണ്ടേവാലിൽ ജേക്കബ് കത്തനാരും എന്റെ വല്ല്യപ്പനും വകയിൽ അളിയന്മാരായിരുന്നു. അവർ രണ്ടുപേരുമാണ് നാട്ടിൽ പള്ളി ആരംഭിച്ചത്. വളരെ സത്യസന്ധനായ വ്യക്തമായിരുന്നു അദ്ദേഹം. അത്തനാസിയോസ് തിരുമേനി ആരാധനയിൽ വളരെ നിഷ്ഠയുള്ള വ്യക്തിയായിരുന്നു. തിമോത്തിയോസ് തിരുമേനിയാണ് എന്നെ പഠിക്കാൻ വിദേശത്ത് വിട്ടത്. സിറിൾ തിരുമേനിക്ക് എന്നെ കൊച്ച് അച്ചനായിരിക്കുമ്പോഴേ അറിയുമായിരുന്നു. തിരുമേനിയാണ് എന്നെ



സ്കൂൾ പഠനം പോലെ അവിടെ നടത്താൻ ആകില്ല. അതിന് പറ്റുന്ന രീതിയിൽ ക്രമീകരണം ചെയ്യുന്നുണ്ട്. വളരെ ഉൽസാഹികളായ യുവാക്കൾ വഴി ആ സമൂഹത്തിലേക്ക് പോകാനാണ് ശ്രമിക്കുന്നത്. ജീസസ് യൂത്ത് വഴിയൊക്കെ ശ്രമിക്കുന്നു. യുവാക്കളുടെ കൂട്ടായ്മ എല്ലാം നടത്തുന്നുണ്ട്. അവരുടെ സമപ്രായക്കാർ ക്രിസ്തുവിനെ സംസാരിക്കുമ്പോൾ കൂടുതൽ സ്വീകാര്യമാവും. അവരോട് സംസാരിക്കാൻ കഴിയുന്ന ഭാഷാ സ്വാധീനമുള്ള വൈദികരും വേണം.

**നന്ദിയുടെ വാക്ക്?**

ദൈവത്തോട് ആദ്യം. മാതാപിതാക്കന്മാരോടാണ് പിന്നെ നന്ദി പറയാനുള്ളത്. പ്രാർഥനകളും നോമ്പുമൊക്കെയായി നിഷ്ഠാപരമായ ജീവിതം നടത്തിയവരാണ് അവർ.

സഭയുടെ വാഴിക്കൽ ചടങ്ങുകളിലെല്ലാം എംസിയായി നിയമിച്ചത്. 20 വർഷമായിട്ട് ഞാൻ തന്നെയാണ് അത് സഭയിൽ ചെയ്തത്. ക്ലീമീസ് ബാവായോടൊപ്പം സെമിനാരിയിൽ ഉണ്ടായിരുന്നു. അദ്ദേഹം സീനിയറായിരുന്നു. ആരാധനാക്രമം സംബന്ധിച്ച കാര്യങ്ങളിൽ ഞാൻ കൃത്യമായി ഇടപെടുമെന്നും നിഷ്ഠാപരമായി ചെയ്യുമെന്നും ബാവായ്ക്ക് അറിയാമായിരുന്നു. ഇവരോടെല്ലാം കടപ്പെട്ടിരിക്കുന്നു. ഞാൻ എന്തായോ അതെല്ലാം സഭ വഴിയാണ് ആയത്.

**സ്വാധീനിച്ച വചനങ്ങൾ?**

രണ്ടു വചനങ്ങൾ. ഞാൻ എന്തായിരിക്കുന്നോ അത് ദൈവകൃപയാലത്രേ. എന്റെ കൃപ നിനക്കു മതി. അതാണ് ഞാൻ എന്റെ ആപ്തവാക്യമാക്കിയിരിക്കുന്നതും.

**ആരാധനാക്രമത്തിലെ ഏറ്റവും ഇഷ്ടമുള്ള ഗീതം?**

പാപിനി മേൽത്തരമാം തൈലം....വ്യാപാരിയിൽ നിന്നും വാങ്ങി....എന്ന ദീർഘമായ വരികളാണ് ഇഷ്ടം. വൈദികരുടെ കന്തീലാ ശുശ്രൂഷയിൽ ചൊല്ലുന്നതാണ്.

### അന്ത്യോഖ്യയിലെ വിശുദ്ധ ഒസ്താത്തിയോസ്

നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന, സഭയിലെ പ്രമുഖ വേദശാസ്ത്രജ്ഞനും, സഭാപിതാവും അന്ത്യോഖ്യയിലെ പാത്രിയർക്കീസുമായിരുന്നു വി. ഒസ്താത്തിയോസ്. സത്യവിശ്വാസത്തിന് വേണ്ടി നിലകൊണ്ട ധീരനായ പോരാളിയായാണ് അദ്ദേഹം അറിയപ്പെടുന്നത്.




എ.ഡി. 325-ൽ നടന്ന ഒന്നാം നിഖ്യാ സുന്നഹദോസിലെ (First Council of Nicaea) ഏറ്റവും പ്രധാനപ്പെട്ട വ്യക്തികളിൽ ഒരാളായിരുന്നു മാർ ഒസ്താത്തിയോസ്. യേശുക്രിസ്തു ദൈവമല്ല എന്ന തെറ്റായ പഠിപ്പിക്കൽ (ആരിയൂസിന്റെ പാഷണ്ഡത) സഭയിൽ പടർന്നുപിടിച്ചപ്പോൾ, അതിനെതിരെ ശക്തമായി വാദിച്ചതും ത്രിത്വ വിശ്വാസം ഉറപ്പിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചതും ഇദ്ദേഹമാണ്. സുന്നഹദോസിൽ ചക്രവർത്തിയെ സ്വാഗതം ചെയ്തുകൊണ്ട് ആദ്യ പ്രസംഗം നടത്തിയത് ഇദ്ദേഹമാണെന്ന് വിശ്വസിക്കപ്പെടുന്നു. സുന്നഹദോസിന് മുമ്പ് അദ്ദേഹം അന്ത്യോഖ്യയിലെ പാത്രിയർക്കീസായി തിരഞ്ഞെടുക്കപ്പെട്ടു. പൗരസ്ത്യ സഭയുടെ വളർച്ചയിലും ദൈവശാസ്ത്ര രൂപീകരണത്തിലും അദ്ദേഹം വലിയ സംഭാവനകൾ നൽകി.

ആരിയൂസിന്റെ അനുയായികൾക്ക് (Arians) അദ്ദേഹത്തോട് വലിയ പകയുണ്ടായിരുന്നു. അവർ അദ്ദേഹത്തിനെതിരെ കള്ളക്കേസുകൾ ചമയ്ക്കുകയും ധാർമ്മികമായി തെറ്റായ ആരോപണങ്ങൾ ഉന്നയിക്കുകയും ചക്രവർത്തിയെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി കോൺസ്റ്റന്റൈൻ ചക്രവർത്തി അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കുകയും ത്രേസിലേക്ക് (Thrace) നാടുകടത്തുകയും ചെയ്തു.

നാടുകടത്തപ്പെട്ട നിലയിൽ എ.ഡി. 337-ൽ അദ്ദേഹം മരണമടഞ്ഞു. എന്നാൽ അദ്ദേഹത്തിന്റെ മരണശേഷം സഭ അദ്ദേഹത്തിന്റെ പരിശുദ്ധി തിരിച്ചറിയുകയും ആരോപണങ്ങൾ വ്യാജമായിരുന്നുവെന്ന് തെളിയുകയും ചെയ്തു. 100 വർഷങ്ങൾക്ക് ശേഷം അദ്ദേഹത്തിന്റെ ഭൗതികശരീരം വലിയ ആഘോഷങ്ങളോടെ അന്ത്യോഖ്യയിലേക്ക് തിരികെ കൊണ്ടുവന്നു.

# ജീവിതരേഖ



## ആബൂൻ കുര്യാക്കോസ് മാർ ഒസ്താത്തിയോസ് എപ്പിസ്കോപ്പാ

കോട്ടയം ജില്ലയിൽ അമയന്നൂർ തടത്തിൽ പരേതരായ തോമസിന്റെയും അന്നമ്മയുടെയും മകനായി 1962 മാർച്ച് 27-ന് ജനിച്ചു. തിരുവല്ല അതിഭദ്രാസനത്തിലെ അമയന്നൂർ സെന്റ് മേരീസ് മലങ്കര കത്തോലിക്ക ഇടവകാംഗമാണ്. 1987-ൽ ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായാൽ തിരുവല്ല അതിരൂപതയിലെ വൈദികനായി കുര്യാക്കോസ് തടത്തിൽ എന്ന പേരിൽ അഭിഷിക്തനായി. 2021 മുതൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യു.കെ. റീജിയന്റെ സഭാതല കോർഡിനേറ്റർ ആയി ശുശ്രൂഷ ചെയ്തു വരുന്നു.

വൈദിക പരിശീലനം തിരുവല്ല ഇൻഫന്റ് മേരീസ് മൈനർ സെമിനാരിയിലും പ്രീഡിഗ്രി പഠനം ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് കോളേജിലും പൂർത്തിയാക്കി. തുടർന്ന് തത്വ ശാസ്ത്ര, ദൈവശാസ്ത്ര പഠനങ്ങൾ ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നടത്തി. അജപാലന ശുശ്രൂഷയോടൊപ്പം തൃശൂർ സെന്റ് തോമസ് കോളേജിൽനിന്നും ആംഗലേയ സാഹിത്യത്തിൽ ബിരുദം നേടി. റോമിലെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ആരാധനക്രമ ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും കരസ്ഥമാക്കി. കേരളത്തിൽ കാനം, നെടുമാവ്, ചുമന്നമണ്ണ്, അടിപെരണ്ട, കൊമ്പഴ, ചക്കുണ്ട്, കുന്നംകുളം, വാഴാനി, തിരുവൽ വണ്ടൂർ, ചെങ്ങരൂർ എന്നീ ഇടവകകളുടെ വികാരിയായി സേവനമനുഷ്ഠിച്ചു. 2001 മുതൽ 2020 വരെ തിരുവനന്തപുരം മലങ്കര സെമിനാരിയിൽ അധ്യാപകനായും കോട്ടയം വടവാതൂർ, കുന്നോത്ത് ഗുഡ് ഷെപ്പേഡ് സെമിനാരികളിൽ വിസിറ്റിംഗ് പ്രൊഫസറായും സേവനമനുഷ്ഠിച്ച ബഹുമാനപ്പെട്ട തടത്തിൽ അച്ചൻ 2017 മുതൽ 2020 വരെ മലങ്കര മേജർ സെമിനാരിയുടെ റെക്ടറായും സേവനം നിർവഹിച്ചു. തിരുവല്ല അതിഭദ്രാസനത്തിന്റെ ചാൻസലർ, വിശ്വാസ പരിശീലന പദ്ധതിയുടെ അതിഭദ്രാസന ഡയറക്ടർ, സഭയുടെ ആരാധനക്രമ കമ്മീഷൻ സെക്രട്ടറി, 2001 മുതൽ 2020 വരെ സഭയുടെ മാസ്റ്റർ ഓഫ് സെറിമണി ആയും സ്തുത്യർഹമായ സേവനം ശുശ്രൂഷ നിർവഹിച്ചു. ആരാധനക്രമ ദൈവശാസ്ത്രത്തിൽ പണ്ഡിതനും ഇംഗ്ലീഷ്, ജർമ്മൻ, ഇറ്റാലിയൻ ഭാഷകളിൽ അവഗാഹം ഉള്ള വ്യക്തിയുമാണ്.

യൂറോപ്പിലെ കവന്റ്റി, പ്ളിമോത്ത് ഇടവകകളുടെ വികാരിയായി സേവനമനുഷ്ഠിക്കുന്ന വേളയിൽ 2025 നവംബർ 22 ന് യു. കെ. യിലെ അപ്പസ്തോലിക് വിസിറ്റേറ്റർ ചുമതലയിൽ മെത്രാനായി അഭിഷിക്തനായി. മാത്തുക്കുട്ടി, സാബു എന്ന രണ്ടു സഹോദരന്മാരും മിനി എന്ന സഹോദരിയുമുണ്ട്.

www.malankaralibrary.com



# ദൈവമേ, എന്നെ അങ്ങയുടെ സ്നേഹത്തിന്റെ ഒരു ഉപകരണമാക്കണമേ

**നവാഭിഷിക്തനായ ആബൂൻ യൂഹാനോൻ മാർ അലക്സിയോസ് എപ്പിസ്കോപ്പായുമായി ഫാ. ഷീൻ പാലക്കുഴി നടത്തിയ അഭിമുഖം**

www.malankaralibrary.com


മെത്രാൻ സ്ഥാനത്തേയ്ക്ക് അങ്ങയുടെ പേര് പരിഗണിക്കപ്പെടുന്നുണ്ടെന്നു കേട്ടല്ലോ! നേരാണോ?‘

ഞങ്ങൾ സഹപാഠികളുടെ സൗഹൃദ സംഭാഷണങ്ങൾക്കിടയിൽ പലവുരു ആവർത്തിക്കപ്പെട്ട ഒരു ചോദ്യമായിരുന്നു അത്. എന്നാൽ ആ ചോദ്യത്തിന് വ്യക്തമായ ഒരുത്തരം തരാതെ ഒഴിഞ്ഞുമാറുകയായിരുന്നു അദ്ദേഹത്തിന്റെ പതിവ്. പക്ഷെ ഞങ്ങൾക്കുറപ്പായിരുന്നു, ദൈവം ആഗ്രഹിക്കുന്നെങ്കിൽ ഒരു ദിവസം അതു സംഭവിക്കും.

സഭയിലെ മെത്രാൻ സ്ഥാനം - അകലെനിന്നു കാണുന്നവർക്ക് അതൊരു പദവിയുടേയും അധികാരത്തിന്റേയുമൊക്കെ അടയാളമാണ്. അരികെ നിൽക്കുന്നവർക്കും അതു സ്വീകരിച്ചിട്ടുള്ളവർക്കുമറിയാം യാഥാർത്ഥ്യം അതിൽ നിന്നൊക്കെ എത്രയോ അകലെയാണ്.

ഇതൊരു ത്യാഗപൂർണമായ ശുശ്രൂഷയാണ്. ഒട്ടനേകം സന്തോഷങ്ങൾ ഉപേക്ഷിച്ചുമാത്രം സ്വന്തമാക്കാവുന്ന ഒന്ന്. ചുമതലകളുടെ ഭാരം. കടമകളുടെ ബാഹുല്യം. മുപ്പതാം വയസിൽ പരസ്യജീവിതത്തിനിറങ്ങിയ ക്രിസ്തുവിന്റേതുപോലെ ഒന്നും നോക്കാതെയുള്ള ഒരു പുറപ്പെടൽ! തനിക്കുവേണ്ടി ജീവിക്കാൻ ആയുസ്സു ബാക്കിയില്ലാത്ത ഒരു ജീവിതം.

ആളും ആരവങ്ങളും ആവോളമുണ്ടെങ്കിലും മുന്നിൽ നിന്നു നയിക്കുമ്പോൾ ആദ്യം പാഞ്ഞുവരുന്ന കൂരമ്പുതന്നെ ഏറ്റുവാങ്ങാൻ നെഞ്ചുകാട്ടിനിൽക്കേണ്ടിവരും. ഗുരുസ്ഥാനീയനെങ്കിലും കൂടുതൽ ശിഷ്യനാവേണ്ടി വരും. സാഹചര്യങ്ങൾ മെച്ചമെങ്കിലും കൂടുതൽ സഹിക്കേണ്ടി വരും. സ്വയം നഷ്ടപ്പെടുത്തുന്നതിനെ നേട്ടമെന്ന് എണ്ണേണ്ടിവരും. സ്തുതിപാഠകർക്കിടയിൽ തിരുത്താനാളില്ലാതെ വരും. മിത്രമെന്നു ഭാവിക്കുന്ന ശത്രുക്കൾ പെരുകും. കൂടുതൽ വലിയ കുരിശുമെടുത്ത് അനുദിനം കാൽവരി കയറേണ്ടി വരും. ദൈവമല്ലാതെ മറ്റൊന്നിലും സന്തോഷിക്കാനില്ലാതെ വരും!

എല്ലാം ഓർത്തപ്പോഴുണ്ടായ സമ്മർദ്ദത്തിൽ സഹപാഠിയാണെങ്കിലും ക്രിസ്തുവിന്റെ ഒരു പുരോഹിതനോട് ചോദിക്കാൻ പാടില്ലാത്ത ഒരു ചോദ്യം എന്നിലെ പച്ചമനുഷ്യൻ ചോദിച്ചു: ‘എന്നാൽപ്പിന്നെ ഇക്കാര്യത്തിൽ സമ്മതം ചോദിച്ചപ്പോൾ നിരസിക്കാമായിരുന്നില്ലേ...?’

ഞങ്ങൾക്കിടയിൽ മൗനം കനത്ത തെല്ലിടയിൽ പരിശുദ്ധാത്മാവ് അദ്ദേഹത്തെപൊതിയുന്നതു ഞാൻ കണ്ടു. പൊള്ളലേൽക്കാതിരിക്കാൻ കണ്ണുകൾ താഴ്ത്തി ഞാൻ മുഖം മറച്ചു. അതുവരെയില്ലാത്ത വ്യക്തതയോടും ഉറപ്പോടുംകൂടി അദ്ദേഹമതിനു മറുപടി പറഞ്ഞു:

‘സഭയിലൂടെ കർത്താവ് ഒരു കുരിശെനിക്കു വച്ചുനീട്ടുമ്പോ അവന്റെ പുരോഹിതനായ ഞാൻ അതെങ്ങനെ വേണ്ടെന്നു പറയും. സ്വർഗത്തിന്റെ ഹിതമെന്ന നിലയിൽ അതെനിക്കു സ്വീകരിച്ചേ മതിയാവൂ!’

അതു മാംസരക്തങ്ങളുടെ മറുപടിയായിരുന്നില്ല. പരിശുദ്ധാത്മാവിന്റെ വെളിപ്പെടുത്തലായിരുന്നു!

ഉവ്വ്! ഞങ്ങളുടെ പ്രിയപ്പെട്ട ‘ജോൺ കുറ്റിയിലച്ചൻ’ ആ കുരിശ് വിനയത്തോടെ സ്വീകരിച്ചിരിക്കുന്നു. അദ്ദേഹം ആബൂൻ യൂഹാനോൻ മാർ അലക്സിയോസ് എന്ന പേരിൽ മേൽപ്പട്ടസ്ഥാനീയനായിരിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സഹായമെത്രാൻ! സഹപാഠികളും സുഹൃത്തുക്കളും സഹോദരങ്ങളുമായിരുന്ന ഞങ്ങൾക്കും സഭാമക്കൾക്കു മുഴുവനും ഇനിയദ്ദേഹം പിതാവാണ്.

*അദ്ദേഹവുമായി നടത്തിയ സംഭാഷണത്തിൽ നിന്ന്.*



www.malankaralibrary.com


**മേൽപ്പട്ടസ്ഥാനത്തേക്കുള്ള നിയോഗത്തെക്കുറിച്ച് കേട്ടപ്പോൾ എന്തായിരുന്നു ആദ്യം ചിന്തിച്ചത്?**

ഈ കാര്യത്തെക്കുറിച്ച് ആദ്യം കേട്ടപ്പോൾ എന്നിലുണ്ടായ സമ്മിശ്ര വികാരങ്ങളെ അതുപോലെ വാക്കുകളിൽ ആവിഷ്കരിക്കാൻ എനിക്കു കഴിയുമെന്നു തോന്നുന്നില്ല. ബലഹീനനായ ഒരു മനുഷ്യൻ അതിബൃഹത്തായ ഒരു ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ടിരിക്കുന്നു. എന്റെ പരിമിതികളെക്കുറിച്ചാണ് അഴപ്പാൾ ഞാനോർത്തത്. ബലഹീനതകളെക്കുറിച്ച് വീണ്ടും വീണ്ടും ചിന്തിച്ചു. ദൈവസന്നിധിയിലിരുന്ന് ഒരു സാധാരണ മനുഷ്യനായി എന്റെ അയോഗ്യതകളെക്കുറിച്ച് ഞാൻ ബോധവാനായി. പക്ഷെ ദൈവത്തിന്റെ കൃപയും പരിപാലനയും എന്റെ ബലഹീനതകൾക്കുപരിയാണെന്ന് ഞാൻ വിശ്വസിച്ചു. ഞാനതിൽ ആശ്രയിക്കുന്നു. കർത്താവിന്റെ കരമാണ് എന്റെ ബലം.

**ഇന്നത്തെ കാലഘട്ടത്തിൽ ഒരാത്മീയ നേതാവിന്റെ പ്രസക്തി എന്താണ്?**

വിവര സാങ്കേതിക വിദ്യ ഭരിക്കുന്ന ഇന്നത്തെ ലോകം എല്ലാത്തിനെയും മാധ്യമങ്ങളിലൂടെ വിചാരണയ്ക്കുവയ്ക്കുന്ന ഒരു ലോകമാണ്. ദൈവമുമ്പാകെ നീതിയോടെ ജീവിക്കുന്ന ഒരാളെപ്പോലും വേണമെങ്കിൽ പ്രതിക്കൂട്ടിൽ നിർത്താൻ തക്കവണ്ണം ശക്തമാണ് ഇന്നത്തെ മീഡിയ. അപ്പോൾ അതിനെയൊക്കെ മറികടക്കുന്ന ആത്മീയ ശക്തിയും ജീവിതമാതൃകയും കലർപ്പിലാത്ത വാക്കും പ്രവൃത്തിയും സുതാര്യതയും ഒരു ആത്മീയ നേതാവിനു വേണം. അതൊരു വലിയ ലക്ഷ്യമാണ്. ദൈവത്തേയും മനുഷ്യനേയും മാനിക്കുന്ന, സത്യസന്ധരായ, ഹൃദയത്തിൽ കാപട്യമില്ലാത്ത മനുഷ്യർക്ക് എക്കാലത്തും പ്രസക്തിയുണ്ട്.

**ഈ നിയോഗം സ്വീകരിക്കാനുള്ള അങ്ങയുടെ കാരണമെന്താണ്?**

ഈ നിയോഗം വേണ്ടെന്നു വയ്ക്കാൻ



www.malankaralibrary.com


ധാരാളം കാരണങ്ങളുണ്ട്. എന്നാൽ ഇതേറ്റെടുക്കുന്നത് ഇതൊരു ബലിയായതുകൊണ്ടാണ്. ഇതൊരു കുരിശായതുകൊണ്ടാണ്. ഒരു പുരുഷായുസു മുഴുവൻ കർത്താവിനു സമർപ്പിച്ചിട്ട്, മറ്റൊരു ക്രിസ്തുവാകുവാൻ അഭിഷേകം സ്വീകരിച്ചിട്ട് സഭയിലൂടെ കർത്താവ് ഒരു കുരിശെനിക്കു വച്ചു നീട്ടുമ്പോൾ ഞാനത് എങ്ങനെ വേണ്ടെന്നു പറയും! ഇതൊരു വലിയ പദവിയും സ്ഥാനവുമാണെന്നാണ് പലരും ചിന്തിക്കുന്നത്. പക്ഷെ സത്യത്തിൽ ഇതൊരു സഹനാനുഭവമാണ്. ആളും ആരവങ്ങളും സ്വീകരണങ്ങളുമൊക്കെ വേഗം അവസാനിക്കും. ഒരു ശ്രേഷ്ഠ പുരോഹിതനാവുമ്പോൾ ഇനി എനിക്കു മാത്രമായി ഒരു വ്യക്തിത്വമില്ല. ക്രിസ്തുവിന്റെ മുഖം എന്നിലൂടെ പ്രകാശിതമാവുക എന്നതല്ലാതെ എനിക്കിനി എന്താണു ചെയ്യാനുള്ളത്! അപ്രകാരം സ്വയം നിഹനിക്കാൻ എനിക്കിത്തിരി മുറിഞ്ഞേ മതിയാവൂ. ഇനി ഞാനല്ല എന്നിൽ ക്രിസ്തു ജീവിക്കുന്നു എന്ന് വി. പൗലോസ് ശ്ലീഹായെപ്പോലെയൊക്കെ പറയാൻ ഇനി വളരെ ക്കാതം സഞ്ചരിക്കേണ്ടിയിരിക്കുന്നു.

**നേതൃസ്ഥാനത്തിരിക്കുമ്പോൾ വിമർശനങ്ങളെ ഭയമുണ്ടോ?**

മാറിയ കാലഘട്ടത്തെക്കുറിച്ച് എനിക്ക് നല്ല ബോധ്യമുണ്ട്. നമ്മുടെ കാലഘട്ടത്തിന് സംഭവിക്കുന്ന മാറ്റത്തിന്റെ വേഗം അതിശയകരമാണ്. മുൻ കാലഘട്ടങ്ങളിലെ ഒരു നൂറ്റാണ്ടിന്റെ മാറ്റമാണ് ഇപ്പോൾ ഒരു വർഷത്തിൽ സംഭവിക്കുക. സമൂഹങ്ങൾ, സംസ്കാരങ്ങൾ, വിശ്വാസങ്ങൾ തുടങ്ങിയവയെല്ലാം വിശകലനങ്ങൾക്കു വിധേയമാകുന്ന കാലഘട്ടമാണിത്. നമ്മൾ പറയുന്ന ഓരോ വാക്കും വിവിധ കോൺടെക്സ്റ്റുകളിൽ വിശകലനവിധേയമാകും. സ്വഭാവികമായും പ്രതികരണങ്ങളുണ്ടാവും. അനുകൂലമായും പ്രതികൂലമായും അഭിപ്രായങ്ങൾ വരും. അതിന്റെ പേരിൽ ഭിന്നതകൾ ഉണ്ടായേക്കും. ഈ പശ്ചാത്തലത്തിൽ ഹാർമണി നിലനിർത്തുക എന്നത് വളരെ ചലഞ്ചിംഗ് ആണ്. വിമർശനങ്ങളോട് ഭയപ്പാടില്ല, പരിശുദ്ധാത്മാവിൽ ആശ്രയിക്കുന്നു. വിമർശനങ്ങളിൽ പ്രകോപിതരാവുകഎന്നതല്ല, പക്വതയോടെ അവയെ സ്വീകരിക്കുക എന്നതാണ് ക്രിസ്തീയത. സമർപ്പണമില്ലാതെ സഭാ നേതൃസ്ഥാനം എന്നല്ല ഒരു നേതൃസ്ഥാനവും ഈ കാലഘട്ടത്തിൽ അത്ര എളുപ്പമല്ല.

**എന്തു ധൈര്യത്തിലാണ് ഇങ്ങനെയൊരു കാലഘട്ടത്തെ അഭിമുഖീകരിക്കുക?**

എന്റെ ധൈര്യം ദൈവം മാത്രമാണ്.



അധൈര്യപ്പെടുത്തുന്ന മാനുഷിക സാഹചര്യങ്ങൾ ധാരാളമുണ്ടെങ്കിലും ദൈവം കൂടെയുണ്ട് എന്നതാണ് എന്റെ ഏറ്റവും വലിയ ധൈര്യം. ആ ദൈവത്തെ അനുഭവിച്ചു മുന്നോട്ടു ജീവിക്കുക എന്നതാണ് വെല്ലുവിളികളെ നേരിടാൻ എനിക്കു മുന്നിലുള്ള ഏക വഴി.



**ദൈവം കൂടെയുണ്ടെന്നു ബോധ്യപ്പെട്ട ഏതെങ്കിലും അനുഭവം?**

ധാരാളമുണ്ട്. ഒരെണ്ണം പറയാം. റോമിൽ ഉപരിപഠനം നടത്തുന്ന കാലത്താണ്. ഒരു ക്രിസ്മസ് കാലത്ത് മിലാനിലെ ഒരു പള്ളിയിൽ കുമ്പസാരിപ്പിക്കാൻ പോയി. നല്ല തണുപ്പായതു കൊണ്ട് കമ്പളി വസ്ത്രങ്ങളൊക്കെ ധരിച്ചാണ് പോയത്. പക്ഷെ എന്റെ പാന്റ്സ് തണുപ്പിനെ പ്രതിരോധിക്കാൻ പോന്നതരം തുണിയായിരുന്നില്ല. മണിക്കൂറുകൾ കുമ്പസാരത്തിനിരുന്നപ്പോഴേക്കും എന്റെ കാലുകൾ കിടുകിടാ വിറയ്ക്കാൻ തുടങ്ങി. കുമ്പസാരം തുടരാൻ വലിയ പ്രയാസം തോന്നി. പക്ഷെ ഞാനാരോടും ഒന്നും പറഞ്ഞില്ല. അടുത്ത ദിവസം വീണ്ടും കുമ്പസാരത്തിനു ചെന്നപ്പോ ഒരു പാവപ്പെട്ട വൃദ്ധ കാത്തു നിൽപ്പുണ്ടായിരുന്നു. കുമ്പസാരക്കൂട്ടിലിരുന്നപ്പോൾ അവർ അടുത്തു വന്ന് ഒരു പായ്ക്കറ്റ് വച്ചുനീട്ടി. കമ്പിളികൊണ്ടുള്ള ഒരു പാന്റ്സായിരുന്നു അത്.

'ഇന്നലെ കുമ്പസാരക്കൂട്ടിലിരുന്നപ്പോൾ നിന്റെ കാലുകൾ വിറയ്ക്കുന്നത് ഞാൻ കണ്ടു. നിന്റെ വസ്ത്രത്തിന് ഈ തണുപ്പിനെ പ്രതിരോധിക്കാൻ കഴിയില്ല. ഇതു ധരിച്ചോളൂ... നിനക്കിതു പാകമാകുമെന്നാണ് എന്റെ പ്രതീക്ഷ!'

അവരുടെ വാക്കുകൾ കേട്ടപ്പോൾ സത്യത്തിൽ എന്റെ കണ്ണു നിറഞ്ഞു പോയി. എന്റെ കൈവശം അത്തരമൊരു പാന്റ്സ് ഉണ്ടായിരുന്നില്ല. ചുക്കിച്ചുളിഞ്ഞ അവരുടെ മുഖത്തെ പുഞ്ചിരിയിൽ, സ്നേഹമസൃണമായ അവരുടെ കണ്ണുകളിൽ ഞാനപ്പോ എന്റെ കർത്താവിനെ കണ്ടു. കൊടുംതണുപ്പായിരുന്നിട്ടും ദൈവത്തിന്റെ സ്നേഹച്ചൂടിൽ എന്റെ ഹൃദയം ഉരുകിയൊലിച്ചു. കുമ്പസാരക്കൂട്ടിലിരുന്ന് ഞാൻ കരഞ്ഞു.

പിന്നീടന്വേഷിച്ചപ്പോൾ ആ സ്ഥലത്തെ ഏറ്റവും പാവപ്പെട്ട ഒരമ്മയാണ് അവരെന്ന് ഞാൻ മനസ്സിലാക്കി. ഭാഷ അധികം വശമില്ലാത്ത, അധികം പരിചയക്കാരില്ലാത്ത ഒരന്യദേശത്ത് ദൈവമെന്റെ കൂടെ നിൽക്കുന്നത് ഞാനറിഞ്ഞ ഒരു സംഭവമായിരുന്നുഅത്.

ഇതുപോലെ ദൈവം കരുതിയ എത്രയെത്ര അനുഭവങ്ങൾ!

**ഒരു പുരോഹിതനിൽ നിന്ന് മെത്രാനിലേക്കു വളരുമ്പോ എന്തു മാറ്റമാണ് അനുഭവപ്പെടുക?**

മാമ്മോദീസാ സ്വീകരിച്ച മുഴുവനാളുകളും ക്രിസ്തുശിഷ്യരാണ്. മേൽപ്പട്ട ശുശ്രൂഷയിലേക്കു വരുമ്പോൾ ശിഷ്യത്വത്തിന്റെ അടുത്തൊരു തലത്തിലേക്ക് ഒരാൾ പ്രവേശിക്കുകയാണ്. ശിഷ്യത്വത്തിൽ നിന്ന് അപ്പസ്

തോലിക ശുശ്രൂഷാ ഗണത്തിലേക്ക് ഒരാളെ തെരഞ്ഞെടുക്കുന്നു എന്നു പറയുമ്പോൾ കുറച്ചുകൂടി ഇന്നർ സർക്കിളിലേക്ക് അയാൾ പ്രവേശിക്കുകയാണ്. അതൊരു സ്ഥാനമോ മഹിമയോ ഒന്നുമല്ല. അത് കുറച്ചുകൂടി റാഡിക്കലായി ക്രിസ്തുവിൽ ജീവിക്കാനുള്ള വിളിയാണ്. കുറച്ചുകൂടി എളിമപ്പെടാനുള്ള വിളിയാണ്. അതാണ് ഞാൻ എത്തിച്ചേരേണ്ട മാറ്റം.

**തിന്മ പെരുകുന്ന ഈ കലഘട്ടത്തിൽ മെത്രാന്റെ കണ്ണുകളിലൂടെ മാനവ സമൂഹത്തെ പ്രതീക്ഷയോടെ കാണാനാവുന്നുണ്ടോ?**

തീർച്ചയായും! മനുഷ്യരിൽ നമുക്കിനിയും പ്രതീക്ഷ നഷ്ടപ്പെട്ടിട്ടില്ല. കാരണം മനുഷ്യന്റെ ഉള്ളിലെ നന്മ അസ്തമിച്ചു പോയിട്ടില്ല എന്നുള്ളതാണ്. നന്മ ചെയ്യുമ്പോൾ, നന്മ ചെയ്യുന്നതു കാണുമ്പോൾ നന്മ ചെയ്യുന്നവരെ കാണുമ്പോൾ നമ്മുടെ മനസ്സിൽ സന്തോഷമുണ്ടാകുന്നെങ്കിൽ നാം മനസ്സിലാക്കേണ്ടത് തിന്മ പെരുകുന്ന ഈ കാലഘട്ടത്തിലും മനുഷ്യരുടെ ഉള്ളിൽ ഒരു വെളിച്ചം അവശേഷിക്കുന്നു എന്നാണ്. അതൊരു വലിയ പ്രതീക്ഷയാണ്. വലിയ പോസിറ്റീവ് എനർജി തരുന്ന കാര്യമാണ്. അതുകൊണ്ടു തന്നെ ക്രിസ്തുശിഷ്യത്വം വളരെ പ്രസക്തമാണ്. കാരണം ക്രിസ്തുവിനെപ്പോലെ മനുഷ്യനന്മയ്ക്കുവേണ്ടി നിലകൊണ്ട മറ്റൊരാളില്ല. ക്രിസ്തുശിഷ്യനും അപ്രകാരം നിലകൊള്ളണം.

**ഇക്കാലത്ത് ക്രിസ്തുവിനെപ്പോലെ ജീവിക്കുന്ന ക്രിസ്തുശിഷ്യരുണ്ടോ?**

തീർച്ചയായും ഉണ്ട്! പക്ഷെ അവർ ഒരു ന്യൂനപക്ഷമാണ്. മറ്റുള്ളവരെ ക്രിസ്ത്യാനികൾ സഹായിക്കുന്നത് ഒരു വാർത്തയാകുന്നുണ്ടെങ്കിൽ ബഹു ഭൂരിപക്ഷവും അങ്ങനെ ജീവിക്കുന്നില്ല എന്നാണർത്ഥം. ഏതാനും നാളുകൾക്കു മുമ്പ് ഒരു സ്ത്രീയെക്കുറിച്ച് സോഷ്യൽ മീഡിയയിൽ നമ്മൾ കേട്ടു. ലോട്ടറിക്കച്ചവടക്കാരിയും അന്ധയായ ആ സ്ത്രീയുടെ ലോട്ടറി മോഷ്ടിച്ച ആളോട് അവർ ക്ഷമിച്ചിട്ടു പറഞ്ഞത് 'എനിക്കു ക്ഷമിക്കാതിരിക്കാൻ കഴിയില്ല, കാരണം ഞാനൊരു ക്രിസ്ത്യാനിയാണെന്നാണ്.' എന്തൊരു സാക്ഷ്യമായിരുന്നു അത്! എല്ലാ ക്രിസ്ത്യാനികളും അപ്രകാരമൊരു ശിഷ്യത്വത്തിലേക്കു വിളിക്കപ്പെട്ടവരാണ്. പുറമേയുള്ള നമ്മുടെ ആചാരാനുഷ്ഠാനങ്ങൾക്ക്



വലിയ കുറവുകളൊന്നും വന്നിട്ടുണ്ടാവില്ല. പക്ഷെ ഉള്ളിലെ ക്രൈസ്തവ സത്തയ്ക്ക്, മാതൃകയ്ക്ക് കുറവു വന്നിട്ടുണ്ട്. പുതിയ തലമുറയെ ഇത് അഭ്യസിപ്പിക്കുക എന്നത് പ്രധാനപ്പെട്ട കാര്യമാണ്. നമ്മൾ അപ്രകാരം ജീവിക്കുക, മറ്റുള്ളവരെ അതിനു പ്രേരിപ്പിക്കുക.

**അങ്ങയുടെ ദൈവവിളിയെക്കുറിച്ച് എന്താണു പറയാനുള്ളത്?**

ഞാൻ ജീവിതത്തിലനുഭവിച്ച ഏറ്റവും വലിയ ദൈവപരിപാലനയാണ് എന്റെ ദൈവവിളി. പത്താംക്ലാസ് വരെ ഞാൻ അൾത്താര ശുശ്രൂഷകനായിരുന്നു. സെമിനാരിയിൽ ചേരണമെന്നൊന്നും അക്കാലത്ത് ചിന്തിച്ചിട്ടില്ല. പക്ഷെ ഒരു തീരുമാനമെടുക്കേണ്ട നിർണായക സമയത്ത് ദൈവം ഒരു മനുഷ്യനിലൂടെ അതെന്നോടു ചോദിച്ചു. എന്റെ പിതാവിന്റെ അനുജൻ- അലക്സാണ്ടർ. ദൈവാലയകാര്യങ്ങളിൽ എന്റെ താൽപര്യം കണ്ടിട്ടാവണം അദ്ദേഹം എന്നോടു ചോദിച്ചു: 'നിനക്ക് സെമിനാരിയിൽ ചേരാൻ ആഗ്രഹമുണ്ടോ' എന്ന്. അതെന്റെ ഉള്ളിലെ ഒരു തീപ്പൊരിയായിരുന്നു. ഒരു പതിനഞ്ചുകാരന്റെ ഉള്ളിൽ കിടന്നു നീറിയ ആ കനൽ ദൈവത്തിന്റെ ഇഷ്ടമായിരുന്നു എന്ന് സെമിനാരിയിൽ ചേർന്നപ്പോൾ എനിക്കു മനസ്സിലായി. 1997 ലെ ജൂൺ മാസത്തിൽ ബഹുമാനപ്പെട്ട ജോൺ വെപ്പിലച്ചനാണ് എല്ലാ പ്രോത്സാഹനവും തന്ന് എന്നെ സെമിനാരിയിലേക്കയച്ചത്.

സെമിനാരിയാണ് ശരിക്കും എല്ലാ അർത്ഥത്തിലും എന്നെ രൂപപ്പെടുത്തിയത്. റീജൻസിക്കാലം കെ. സി. എസ്. എൽ സംഘടനയോടു ചേർന്നാണ് പ്രവർത്തിച്ചത്. ആ അനുഭവങ്ങളൊക്കെ എന്നെ ഒരുപാടു വളർത്തിയിട്ടുണ്ട്. പ്രായത്തിൽ എന്നെക്കാൾ അൽപം മാത്രം താഴെയുള്ള കുഞ്ഞുങ്ങളുമായി ചേർന്നു പ്രവർത്തിച്ചപ്പോൾ പൗരോഹിത്യത്തിന് ഈ കാലഘട്ടത്തിൽ വലിയ പ്രസക്തിയുണ്ടെന്ന് എനിക്കു മനസിലായി. എന്റെ മാതാപിതാക്കളും ഇടവക വികാരിമാരും പള്ളിയിലെ മിഷനറിമാരായിരുന്ന ഡി. എം. സിസ്റ്റേഴ്സുമെല്ലാം എന്റെ ദൈവ



വിളിയെ പ്രോത്സാഹിപ്പിച്ചവരാണ്. മരിക്കുന്നതിനുമുമ്പ് എന്നെ ഒരു വൈദികനായി കാണണമെന്ന് എന്റെ വല്യമ്മച്ചിക്ക് വലിയ ആഗ്രഹമായിരുന്നു. ദൈവം അതിനനുവദിച്ചു. ഞാൻ വൈദികനായി പിറ്റേ വർഷമാണ് അമ്മച്ചി ദൈവസന്നിധിയിലേക്കു യാത്രയായത്.

**ദൈവവിളിയിൽ വളർത്തിയ ഗുരുസ്ഥാനീയരെക്കുറിച്ച്?**

ധാരാളം പേരുണ്ട് അക്കൂട്ടത്തിൽ. കിഴക്കേതെരുവ് സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിൽ പഠിപ്പിച്ച അധ്യാപകരെ സംബന്ധിച്ച് അവർ പഠിപ്പിച്ച കുട്ടികളിൽ ഡോക്ടറോ എഞ്ചിനീയറോ ഒക്കെ ആയവരേക്കാൾ സ്നേഹവും സന്തോഷവും ബന്ധവും സെമിനാരിയിൽ ചേർന്ന ഞങ്ങളോട് അവർ പ്രകടിപ്പിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത ജീവിതാന്തസിന്റെ വില മനസ്സിലാക്കാൻ അതു സഹായിച്ചിട്ടുണ്ട്. സെന്റ്

അലോഷ്യസ് മൈനർ സെമിനാരിയിലേയും സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയിലെയും അധ്യാപകരെ എല്ലാവരേയും നന്ദിയോടെ സ്മരിക്കുന്നു. ഓരോ പുരോഹിത ഗുരുക്കൻമാരും മറ്റധ്യാപകരും ഞങ്ങൾക്ക് ഓരോ പാഠപുസ്തകങ്ങളായിരുന്നു എന്നു വേണം പറയാൻ.

**പൗരോഹിത്യാഭിഷേകം സ്വീകരിച്ചത്**

ത്തിന്റെ ചാൻസലറായും ശുശ്രുഷ ചെയ്യാൻ കഴിഞ്ഞു. ഉപരിപഠനാർത്ഥം എന്നെ റോമിലക്കയച്ചതും അദ്ദേഹമാണ്. ഒരുപാടു സ്നേഹവും തിരുത്തലുകളും കരുതലുമെല്ലാം തന്ന് എന്നെ വളർത്തിയവരിൽ ഏറ്റവും പ്രധാനപ്പെട്ടയാൾ അദ്ദേഹമാണ്. സഭാതലവനായ അദ്ദേഹത്തോടു ചേർന്നു നിന്ന കാലം സഭ എന്ന യാഥാർത്ഥ്യത്തെ



**കർദ്ദിനാൾ ക്ലീമീസ് ബാവാ തിരുമേനിയിൽ നിന്നല്ലേ?**

ശെമ്മാശപ്പട്ടം മുതൽ ഇപ്പോൾ ഈ മേൽപ്പട്ട സ്ഥാനം വരെയുള്ള എല്ലാ പ്രധാന പട്ടങ്ങളും ഞാൻ സ്വീകരിച്ചത് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായുടെ തൃക്കയ്യാലാണ്. 2008 ൽ പുരോഹിതനായ ശേഷം അദ്ദേഹത്തിന്റെ സെക്രട്ടറിയായും മേജർ അതിഭദ്രാസന

അതിന്റെ വിശാലാർത്ഥത്തിൽ മനസിലാക്കാനും സഭാ ബോധത്തിൽ വളരാനും എന്നെ സഹായിച്ചിട്ടുണ്ട്. ഇപ്പോൾ മേജർ അതിഭദ്രാസനത്തിന്റെ സഹായമെത്രാനായി ഒപ്പം ചേർത്തുനിർത്തുന്നതിലും അദ്ദേഹത്തോട് ഞാൻ കടപ്പെട്ടിരിക്കുന്നു.

ബാവാ തിരുമേനിയുമായി ബന്ധപ്പെട്ടാണ് എന്റെ പൗരോഹിത്യ ശുശ്രൂഷയുടെ സിംഹഭാഗവും ഞാൻ ചെലവഴിച്ചിട്ടുള്ളത്. ആ കാലയളവിൽ പിതാവുമായി നല്ലൊരു ബന്ധം രൂപപ്പെടുത്താൻ എനിക്കു കഴിഞ്ഞു. ആ ബന്ധമായിരുന്നു സഭാശുശ്രുഷകളിലെ

www.malankaralibrary.com


എന്റെ ഊർജം. ദൈവത്തോടും സഭാധികാരികളോടും ദൈവജനത്തോടുമുള്ള നല്ല ബന്ധം എപ്പോഴും നമ്മുടെ പൗരോഹിത്യത്തെ ഫലദായകമാക്കും.

**കിഴക്കേതെരുവ് ഇടവകാംഗം തന്നെയായ ആബൂൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി ചെലുത്തിയിട്ടുള്ള ആത്മീയ സ്വാധീനം?**

ചെറിയ പ്രായം മുതലേ എന്റെ ഹൃദയത്തിലുള്ള പൗരോഹിത്യരൂപമാണ് എന്റെ ഇടവകാംഗമായ അഭിവന്ദ്യനായ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയുടേത്. അഭിവന്ദ്യ പിതാവ് ഒരു വൈദികനായ കാലഘട്ടം മുതൽ പിതാവിനെ അകലെനിന്ന് വീക്ഷിക്കുകയും പിതാവിൽ പ്രകടമായിരുന്ന ആത്മീയ നന്മകളിൽ നിന്ന് പ്രചോദനം സ്വീകരിക്കുകയും ചെയ്ത ഒരു വ്യക്തിയാണ് ഞാൻ. എന്റെ പൗരോഹിത്യ വിളിയിലും പിതാവിന്റെ സ്വാധീനം തീർച്ചയായുമുണ്ട്. പിതൃതുല്യമായ ആദരവോടുകൂടി മാത്രമേ ഞാൻ പിതാവിനെ എപ്പോഴും സമീപിച്ചിട്ടുള്ളൂ. പിതാവിന്റെ സവിശേഷമായ അജപാലന ശൈലികളും വ്യക്തികളോടുള്ള സ്നേഹപൂർവ്വമായ കരുതലും അവരുടെ ആവശ്യനേരങ്ങളിലെ സംലഭ്യതയും ഈ മേൽപ്പട്ട ശുശ്രൂഷയിൽ ഏറ്റവും അനുകരണാർഹമായ മാതൃകയാണ്.

**റോമിലെ പഠനകാലഘട്ടത്തെക്കുറിച്ച്?**

റോമിലെ പഠനകാലഘട്ടം എന്റെ ജീവിതത്തിലെ വളരെ സന്തോഷകരമായ കാലഘട്ടങ്ങളിലൊന്നാണ്. പഠനം ശരിക്കും ആസ്വദിക്കാൻ കഴിഞ്ഞ കാലം. വ്യത്യസ്തമായ ഭാഷകൾ, സംസ്കാരങ്ങൾ, മനുഷ്യർ തുടങ്ങിയവയൊക്കെ പരിചയപ്പെടാനും ജീവിതത്തെ അതിന്റെ വിശാലാർത്ഥത്തിൽ കാണാനും ഇടുങ്ങിയ ചിന്താഗതികൾ ഒഴിവാക്കാനുമെല്ലാം അക്കാലം എന്നെ സഹായിച്ചിട്ടുണ്ട്. മറ്റു സംസ്കാരങ്ങളിൽ നിന്ന് ധാരാളം നന്മകൾ സ്വീകരിക്കാൻ കഴിഞ്ഞു. മറ്റുള്ളവരെ മാനിക്കാൻ പഠിച്ചു. കൂടാതെ കത്തോലിക്കാ സഭയുടെ തലവനായ മാർ പാപ്പയെ അടുത്തുനിന്നു കാണാനും സഭാഗാത്രത്തെ അതിന്റെ ശ്രേഷ്ഠതയിൽ മനസിലാക്കാനുമെല്ലാം എനിക്കു കഴിഞ്ഞു. ദൈവത്തിന്റെ അദ്ഭുതകരമായ ഇടപെടലും കരുതലും അക്കാലത്ത് എനിക്കുണ്ടായിട്ടുണ്ട്. സമയബന്ധിതമായി പഠനം പൂർത്തിയാക്കാൻ സാധിച്ചത് ദൈവപരിപാലന തന്നെയാണെന്ന് ഞാൻ വിശ്വസിക്കുന്നു. ആത്മീയമായും അതെന്നെ വളർത്തിയിട്ടുണ്ട്.

**ആത്മീയതയെ എപ്രകാരമാണ് അതു സ്വാധീനിച്ചത്?**





ആത്മീയമായി കുറച്ചു കൂടി പക്വത യാർജിക്കാൻ റോമിലെ പഠനകാലം സഹാ യിച്ചിട്ടുണ്ട്. വ്യവസ്ഥാപിതമായ സംവിധാന ങ്ങളില്ലാതെ, സമ്മർദ്ദങ്ങളില്ലാതെ ആത്മീയ കാര്യങ്ങളിൽ ഒരു ചിട്ടയും ക്രമവും പുലർ ത്താൻ ഞാൻ പരിശീലിച്ചത് അക്കാല ത്താണ്. വ്യക്തിപരമായ ദൈവബന്ധത്തി ലാണെങ്കിലും കൗദാശിക ജീവിതത്തിലാ ണെങ്കിലും പക്വതയോടെ ആഴപ്പെടാൻ അക്കാലം സഹായിച്ചിട്ടുണ്ട്. കൂടാതെ പഠിച്ച ഭാഷകൾ യൂറോപ്പിലെ വിവിധ സ്ഥലങ്ങളിലെ ഇടവകകളിൽ പോയി ശുശ്രൂഷ ചെയ്യാൻ സഹായിച്ചിട്ടുണ്ട്. പൊതുവിൽ പാശ്ചാത്യ നാടുകളിൽ പള്ളികളിൽ ആളുകൾ കുറയുന്നു എന്നൊക്കെ നാം പറയുമെങ്കിലും അവിടെ തീക്ഷ്ണമായി വിശ്വാസം ജീവിക്കുന്ന, വിശുദ്ധരായ നിരവധി പേരുണ്ട്. അവരുടെ ഉദാഹരണങ്ങൾ പലതും വളരെ പ്രചോദനാ ത്മകമാണ്.

**നാട്ടിലെ ഇടവക ജീവിതത്തിന്റെ പ്രത്യേ കതകൾ?**

ശുശ്രൂഷ ചെയ്ത വലുതും ചെറുതുമായ എല്ലാ ഇടവകകളോടും എനിക്കു വലിയ നന്ദിയും കടപ്പാടുമുണ്ട്. ഒരർത്ഥത്തിൽ അവരെല്ലാം എന്റെ പരിശീലകരായിരുന്നു. എന്നിലെ പുരോഹിതനെ രൂപപ്പെടുത്തു ന്നതിൽ അവരുടെ സ്നേഹത്തിന് വലിയ പങ്കുണ്ട്. വ്യവസ്ഥാപിതമായ ഇടവകകൾ ക്കൊപ്പം തിരുവനന്തപുരം നഗരത്തിലെ വിവിധ കോളനികളിലുമുള്ള പള്ളികളിലും ശുശ്രൂഷ ചെയ്യാൻ എനിക്കവസരം ലഭിച്ചി ട്ടുണ്ട്. പാവപ്പെട്ട മനുഷ്യർ അവരുടെ പരിമിതികളിൽ നിന്നു കൊണ്ട് വിശ്വാസം ജീവിക്കാൻ ശ്രമിക്കുന്നത് വലിയ പ്രചോദനം നൽകുന്ന കാര്യമാണ്. വലിയ ഇടവകകളിലെ ബൃഹത്തായ പരിപാടികളേക്കാൾ പല പ്പോഴും മനസിന് സന്തോഷവും സംതൃപ് തിയും നൽകിയിരുന്നത് ചെറിയ ഇടവകക ളിലെ പരിമിതികളിൽ ജീവിക്കുന്ന മനു ഷ്യർക്കു വേണ്ടിയുള്ള ചെറിയ ചെറിയ ഇടപെടലുകളായിരുന്നു. പൗരോഹിത്യ ജീവിതം എന്താണെന്ന് റീഡിഫൈൻ ചെയ്യു ന്നതിന് അത്തരം മിഷനുകൾ എന്നെ സഹായിച്ചിട്ടുണ്ട്.

**മലങ്കര സുറിയാനി കത്തോലിക്കാ സഭ യിലെ ഒരു ന്യൂജൻ മെത്രാനായി അങ്ങ് വിശേഷിപ്പിക്കപ്പെടുന്നുണ്ട്. അങ്ങനെ യെങ്കിൽ എന്തായിരിക്കും അങ്ങയുടെ പ്രവർത്തന ശൈലി?**

കേരളത്തിലെ ക്രിസ്ത്യാനികൾ പൊ തുവേ ഇന്നനുഭവിക്കുന്ന വലിയൊരു പ്രതിസന്ധി മറ്റുരാജ്യങ്ങളിലേക്കുള്ള യുവ ജനങ്ങളുടെ കുടിയേറ്റമാണ്. ഈ കുടിയേറ്റ ത്തിന്റെ അനന്തരഫലം നമ്മളനുഭവിക്കാൻ പോകുന്നത് ഒരു പത്തു വർഷത്തിനു

www.malankaralibrary.com





ശേഷമായിരിക്കും. അവരായിരിക്കുന്ന ഇടങ്ങളിൽ നമ്മുടെ പാരമ്പര്യവും പൈതൃകവും കാത്തുസൂക്ഷിച്ച് ഒരു ക്രിസ്തീയ ജീവിതം നയിക്കുക എന്നത് വലിയ ഒരു വെല്ലുവിളിയാണ്. അതിനുള്ള സൗകര്യം അവിടങ്ങളിൽ ഒരുക്കുക എന്നത് സഭയെ സംബന്ധിച്ചും വലിയ പ്രതിസന്ധിയാണ്. നമ്മുടെ കുഞ്ഞുങ്ങളെ അവർക്കിണങ്ങുന്ന രീതികൾ അവലംബിച്ച് സത്യ വിശ്വാസത്തിൽ ഉറപ്പിക്കേണ്ടതായിട്ടുണ്ട്. അവരുടെ ചിന്തയും ശൈലിയും പ്രത്യേകതകളും മനസിലാക്കി അവർക്കു പ്രസക്തമായ രീതിയിൽ വിശ്വാസം കൈമാറ്റം ചെയ്യപ്പെടണം. നമുക്കു വേണ്ടത് വെറും ആരാധകരെയല്ല, ജീവിതത്തിൽ ക്രിസ്തുവായി മാറാൻ കഴിയുന്ന അനുയായികളെയാണ്. ഇനി, വീട്ടിൽ തനിച്ചാവുന്ന വൃദ്ധമാതാപിതാക്കളുടെ പരിചരണവും ഒരു മുൻഗണനാ വിഷയമാവണം. അവരുടെ ആത്മീയവും സാമൂഹ്യവുമായ ആവശ്യങ്ങളോടും നമുക്ക് ക്രിയാത്മകമായി പ്രതികരിക്കേണ്ടതായിട്ടുണ്ട്.

**മേജർ അതിഭദ്രാസനത്തിലെ വൈദിക കൂട്ടായ്മയോട് എന്താണ് അങ്ങേയ്ക്കു പറയാനുള്ളത്?**

എനിക്കു ലഭിച്ച വലിയൊരു ഭാഗ്യമാണ്, അനുഗ്രഹമാണ്, ഞാൻ അംഗമായിരിക്കുന്ന മേജർ അതിരൂപതയിൽ എന്റെ ജ്യേഷ്ഠാനുജൻമാരായ വൈദിക സഹോദരങ്ങൾക്കൊപ്പം മേൽപ്പട്ടശുശ്രൂഷ നിർവഹിക്കാൻ അവസരം കിട്ടി എന്നത്. മെത്രാനായെങ്കിലും അടിസ്ഥാനപരമായി ഞാൻ ആ വൈദിയ കൂട്ടായ്മയുടെ ഭാഗമാണ്. എന്റെ ബലവും ബലഹീനതയും അവരാണ്. ആ ബന്ധത്തിൽ നിലനിൽക്കാനാണ് എനിക്കാഗ്രഹം. ഒരു 'കമാൻഡ് ഹൈരാർക്കി' എന്നതിനേക്കാൾ ഒരു 'പാർട്ടിസിപ്പേറ്ററി ഹൈരാർക്കി'യാണ് എനിക്ക് അഭികാമ്യമായി തോന്നുന്നത്. അവർക്കൊപ്പം നിന്ന് അവരെ ബലപ്പെടുത്തുക. ഏൽപ്പിക്കപ്പെട്ട ശുശ്രൂഷ നിർവഹിക്കാൻ അവരെ സഹായിക്കുക. ഉചിതമായ തീരുമാനങ്ങൾ സ്വയം എടുക്കാൻ തക്കവണ്ണം അവരെ പരിശീലിപ്പിക്കുക. സാതന്ത്ര്യത്തോടെ ശുശ്രൂഷ ചെയ്യാൻ അവർക്ക് അവസരം നൽകുക. മെത്രാനായി തെരഞ്ഞെടുക്കപ്പെടുമ്പോൾ സ്വാഭാവികമായി ഉണ്ടാകാവുന്ന ഔദ്യോഗികമായ ഒരകലം – അതുണ്ടാവാതിരിക്കട്ടെ എന്നാണ് എന്റെ പ്രാർത്ഥനയും അഭ്യർത്ഥനയും. എന്റെ ഭാഗത്തുനിന്നുള്ള കുറവുകളാണെങ്കിലും അതു വ്യക്തിപരമായി ചൂണ്ടിക്കാട്ടാനും സ്നേഹത്തോടെ തിരുത്താനും വൈദിക സഹോദരങ്ങൾ സ്വാതന്ത്ര്യമെടുക്കണം.

**തിരുവനന്തപുരത്തെ പൊതുസമൂഹ**



www.malankaralibrary.com


**വുമായുള്ള ബന്ധം?**

പട്ടം അരമനയ്ക്കും മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കും പൊതു സമൂഹവുമായുള്ള ഊഷ്മളമായ ബന്ധം ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ കാലത്തു തന്നെ ആരംഭിച്ചതാണ്. ഭാഗ്യസ്മരണാർഹരായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയും സിറിൽ ബസേലിയോസ് കാതോലിക്കാ ബാവാ തിരുമേനിയും ആ ബന്ധത്തെ സുദൃഢമാക്കി. കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ തിരുമേനിയാകട്ടെ തിരുവനന്തപുരത്തെ പൊതുസമൂഹത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ഭാഗമായി മാറിക്കഴിഞ്ഞിരിക്കുന്നു. അതിൽ നിന്നു വ്യത്യസ്തമായ ഒരു ശൈലി എനിക്കില്ല. നാനാജാതി മതസ്ഥർ ഒരുമിച്ചു വസിക്കുന്ന ഈ നഗരത്തിൽ പരസ്പര സഹകരണത്തിന്റെ, ആദരവിന്റെ, സ്നേഹത്തിന്റെ, സഹിഷ്ണുതയുടെ മാർഗമാണ് ഞാനും അവലംബിക്കാനാഗ്രഹിക്കുന്നത്.



ആരെയും മാറ്റിനിർത്താൻ ക്രിസ്തു പഠിപ്പിക്കുന്നില്ല. ക്രിസ്തുവിനെ കർത്താവും രക്ഷകനും നാഥനുമായി ആരാധിക്കുമ്പോഴും ഇതര മതസ്ഥരെ സഹോദരങ്ങളായി കാണാതിരിക്കാനും ബഹുമാനിക്കാതിരിക്കാനും ഒരു സത്യ ക്രിസ്ത്യാനിക്കാവില്ല. വിശ്വാസികൾക്കു മാത്രമല്ല, പൊതുസമൂഹത്തിൽ എവിടെയൊക്കെ ക്രിസ്തുവിന്റെ സ്നേഹവും കരുണയും ആവശ്യമായി വരുന്നോ അവിടെയൊക്കെ അതു നൽകാൻ ഞാൻ ബാധ്യസ്ഥനാണ്.

**പുനരൈക്യ ശതാബ്ദിയോടുക്കുമ്പോൾ ധന്യൻ മാർ ഈവാനിയോസ് തിരുമേനിയുടെ ജീവിതം മലങ്കര സഭാമക്കൾക്ക് എങ്ങനെയാണ് മാർഗദീപമാവുക?**

പിതാവിന്റെ വ്യക്തിത്വവും പിതാവിന്റെ ദൈവപരിപാലനയും വലിയ ഒരദ്ഭുതമായാണ് ഞാനെന്നും കണ്ടിട്ടുള്ളത്. വളരെ ചെറിയ പ്രായത്തിൽ തന്നെ എത്ര വലിയ ഉത്തരവാദിത്വങ്ങളാണ് അദ്ദേഹം ഏറ്റെടുത്തിട്ടുള്ളത്. പരിശുദ്ധാത്മ കൃപയില്ലാത്ത ഒരാൾക്ക് എങ്ങനെയാണ് ഇതൊക്കെ സാധ്യമാവുക! പുനരൈക്യവുമായി ബന്ധപ്പെട്ട് ധാരാളം തിരിച്ചടികളും സഹനങ്ങളും നേരിടേണ്ടി വന്ന ഒരാളാണ് ധന്യൻ മാർ ഈവാനിയോസ് തിരുമേനി! അപ്പോഴെക്കെ അദ്ദേഹം പ്രകടിപ്പിച്ച അചഞ്ചലമായ ദൈവാശ്രയ ബോധം എത്ര വലുതാണ്. ആ ആശ്രയ ബോധമാണ് ഇന്നും നമ്മെ നയിക്കുന്നത്, നയിക്കേണ്ടത്. നമ്മളനുഭവിക്കുന്ന സമാധാനത്തിനും സുസ്ഥിതിക്കും പിന്നിൽ അദ്ദേഹത്തിന്റെ സമർപ്പണമാണ്. അതു ഭൂമിയിൽ മാത്രമല്ല, സ്വർഗത്തിലും തുടരുന്നു. ഭാഗ്യങ്ങളുടെ കലവറയെന്ന് അദ്ദേഹമടങ്ങുന്ന പൂർവസൂരികളുടെ കബറിടത്തെ വിളിക്കുന്നത് എത്രയോ അർത്ഥവത്താണ്.

മറ്റൊന്ന്, നമ്മുടെ പാരമ്പര്യങ്ങളോടും പൈതൃകത്തോടും അദ്ദേഹം പുലർത്തിയ വിശ്വസ്തതയാണ്. കത്തോലിക്കാ സഭയുടെ വിശാലതയിലേക്കു കടന്നുവന്നപ്പോഴും

www.malankaralibrary.com


മലങ്കര സഭയുടെ തനിമ കാത്തുസൂക്ഷിക്കാൻ അദ്ദേഹം ആഗ്രഹിച്ചു. അത് കത്തോലിക്കാ സഭ അംഗീകരിച്ചു. അതാണ് സഭയുടെ സൗന്ദര്യം. സത്യവിശ്വാസത്തിൽ ജീവിക്കുക. നമ്മുടെ പൈതൃകം കാത്തുസൂക്ഷിക്കുക.

**പുനരൈക്യ പ്രസ്ഥാനത്തിന്റെ പുതിയ മുഖം എങ്ങനെയായിരിക്കണം?**

പുനരൈക്യ പ്രസ്ഥാനത്തിന്റെ പുതിയ മുഖം തീർച്ചയായും നമ്മുടെ മിഷനുകളാണ്. കേരളത്തിനകത്തും പുറത്തും വിവിധ ഭൂഖണ്ഡങ്ങളിലുമുള്ള നമ്മുടെ മിഷനുകൾ. എല്ലാ മനുഷ്യരിലേക്കും ക്രിസ്തുവിന്റെ സുവിശേഷമെത്തിക്കാനുള്ള ദൗത്യത്തിൽ നിന്ന് നമുക്കൊരിക്കലും ഒഴിഞ്ഞുനിൽക്കാനാവില്ല. പുതിയ മിഷനുകൾ തുടങ്ങാനായാലും നമ്മുടെ ഉൾനാടൻ പ്രദേശങ്ങളിലെ ചെറിയ മിഷനുകളെ വളർത്താനായാലും നാം പ്രതിജ്ഞാബദ്ധരാണ്. നമ്മളായിരിക്കുന്ന ഇടങ്ങളിൽ നമുക്കു ചുറ്റുമുള്ള ഒരാളോടെങ്കിലും ഒരു ദിവസം സുവിശേഷം പങ്കുവയ്ക്കാൻ നമുക്കാവണം. പുനരൈക്യമെന്നാൽ ദൈവവുമായി മനുഷ്യരെ ഐക്യപ്പെടുത്തുന്ന ശുശ്രൂഷ കൂടിയാണ്.

**'ദൈവമേ, എന്നെ അങ്ങയുടെ സ്നേഹത്തിന്റെ ഒരുപകരണമാക്കണമേ' എന്ന ആപ്തവാക്യം തെരഞ്ഞെടുക്കാനുള്ള കാരണം?**

വളരെ മനോഹരമായ ഒരു പ്രാർത്ഥനയാണത്. 'ദൈവമേ, എന്നെ അങ്ങയുടെ സ്നേഹത്തിന്റെ ഒരുപകരണമാക്കണമേ' എന്ന പ്രാർത്ഥനയ്ക്ക് എനിക്ക് പ്രചോദനമായത് അസ്സീസിയിലെ വി. ഫ്രാൻസിസ് രചിച്ച പ്രസിദ്ധമായ സമാധാനത്തിനായുള്ള പ്രാർത്ഥനയാണ്. ഒരു വിശ്വാസി തന്റെ ജീവിതത്തിന്റെ ലക്ഷ്യം ദൈവത്തിൽ കണ്ടെത്തുകയും, ദൈവത്തിന്റെ നിരുപാധികമായ സ്നേഹം തന്റെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും മറ്റുള്ളവരിലേക്ക് എത്തിക്കാൻ സ്വയം സമർപ്പിക്കുകയും ചെയ്യുന്നതിന്റെ ആത്യന്തികമായ പ്രഖ്യാപനമാണ്. സ്വാർത്ഥത വെടിഞ്ഞ്, ക്രിസ്തുവിന്റെ സ്നേഹത്തിന്റെ പ്രതിഫലനമായി



ജീവിക്കാനുള്ള ആഴമായ അഭിലാഷമാണിത്. അപ്രകാരം ആയിത്തീരാൻ നിങ്ങളുടെ പ്രാർത്ഥന എപ്പോഴും എനിക്കു തുണയായിരിക്കണം.

ആബൂൻ യൂഹാനോൻ മാർ അലക്സിയോസ് എപ്പിസ്കോപ്പ ഒരു പുതിയ യാത്ര ആരംഭിക്കുകയാണ്. അദ്ദേഹം സ്വീകരിച്ചിരിക്കുന്ന ആപ്തവാക്യം 'ദൈവമേ, എന്നെ അങ്ങയുടെ സ്നേഹത്തിന്റെ ഒരുപകരണമാക്കണമേ' എന്നതാണ്. ഇത് ദൈവത്തിന്റെ കരങ്ങളിലെ സ്നേഹത്തിന്റെ ഒരുപകരണമാവാനുള്ള യാത്രയാണ്. ഒരു കരം ദൈവത്തിങ്കലേക്കുയർത്തുമ്പോഴും മറുകരത്താൽ ചുറ്റുമുള്ള മനുഷ്യരെ സ്നേഹത്തിൽ ചേർത്തുപിടിക്കാൻ അദ്ദേഹം ആഗ്രഹിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പാരമ്പര്യങ്ങളോട് വിശ്വസ്തനായിരിക്കുമ്പോഴും കാലത്തിന്റെ പ്രത്യേകതകളോട് അദ്ദേഹം മുഖം തിരിക്കുന്നില്ല. ദൈവത്തെ പിൻചെല്ലുന്നു. മനുഷ്യനെ മനസ്സിലാക്കുന്നു. ജീവിത വിശുദ്ധിയിലും ദർശനപ്രഭയിലും അദ്ദേഹം നമുക്കു മുമ്പേ നടക്കുന്നു. സർവശക്തനായ ദൈവം അദ്ദേഹത്തെ നയിക്കട്ടെ!

# ദൈവം സംസാരിക്കുന്ന ജീവിതാനുഭവങ്ങൾ

2013 ലാണ്. ജർമ്മനിയിലെ Regensburg രൂപതയിലെ Chammuenster എന്ന സ്ഥലത്ത് ഫാദർ ജോൺ (ആബൂൻ യൂഹാനോൻ മാർ അലക്സിയോസ് എപ്പിസ്കോപ്പ) ശുശ്രൂഷ ചെയ്യുന്ന കാലത്താണ്.

ഇരുട്ടു വീണുതുടങ്ങിയ ഒരു വേനൽക്കാല സന്ധ്യയിൽ അദ്ദേഹത്തിന്റെ ഫോണിലേക്ക് പതിവില്ലാതെ ഒരു കോൾ വന്നു. ഇടവകക്കാരിലൊരാളാണ്. രണ്ടു യൂണിവേഴ്സിറ്റികളിൽ പ്രൊഫസറായ ഒരാൾ! 'ബുദ്ധിമുട്ടാവില്ലെങ്കിൽ അച്ചൻ വീടു വരെ ഒന്നു വരാമോ? എന്റെ ഭാര്യ അൽപ്പം മുമ്പ് മരണപ്പെട്ടു!'

ഒരു നടുക്കത്തോടെ അദ്ദേഹം ആ വീട്ടിലേക്കോടിയെത്തി. കുടുംബത്തിന്റെ വിളക്കും വെളിച്ചവുമായിരുന്ന അമ്മ സ്വർഗ്ഗത്തിലേക്കു യാത്രയായിരിക്കുന്നു. വലിയ പ്രായമുണ്ടാവില്ല; കഷ്ടിച്ച് മധ്യവയസ്സ്! പറക്കുമുറ്റാത്ത ആറു കുഞ്ഞുങ്ങളെ അവരുടെ പിതാവിനൊപ്പം വിട്ട് ആ അമ്മക്കിളി കൂടൊഴിഞ്ഞിരിക്കുന്നു.

എങ്കിലും പ്രത്യാശാഭരിതമായ ഒരു കാഴ്ച അദ്ദേഹമവിടെ കണ്ടു. ശാന്തമായി മിഴി പൂട്ടിയുറങ്ങുന്ന ആ സ്ത്രീയുടെ കിടക്കയ്ക്കു ചുറ്റും മുട്ടുകുത്തി നിന്ന് ജപമാല ചൊല്ലുന്ന ഭർത്താവും ആറു മക്കളും! നനവൂറുന്ന കൺപീലികൾക്കിടയിലൂടെ തങ്ങളുടെ പ്രിയപ്പെട്ട അമ്മയുടെ മുഖം അവസാനമായി കണ്ടു കൊണ്ട് മക്കളാറുപേരും ആ പ്രാർത്ഥനയോട് ശരീരവും മനസ്സും ചേർത്തുവച്ചിരിക്കുന്നു.

വിവരമറിഞ്ഞ് സന്ദർശകരാരും ഇനിയും എത്തിച്ചേരാത്ത ആ വീട്ടിൽ വലിയ നിലവിളിയോ നെടുവീർപ്പുകളോ ഉണ്ടായിരുന്നില്ല. തങ്ങളുടെ എല്ലാമെല്ലാമായിരുന്നവളെ ശാന്തമായി അവർ യാത്രയാക്കുകയാണ്. നാലു പെൺമക്കളും രണ്ടാൺകുട്ടികളുമടങ്ങുന്ന ആ കുടുംബത്തിലെ ഏറ്റവും ഇളയ മകന് അപ്പോൾ മൂന്നു വയസ്സേ പ്രായമായിട്ടുള്ളൂ!

ഹൃദയങ്ങൾക്കുള്ളിൽ ദുഃഖം ഘനീഭവിച്ച നിമിഷങ്ങൾ! പുറത്ത് ഇരുട്ടിനും തണുപ്പിനും കനം കൂടിക്കൊണ്ടിരുന്നു. അന്നുരാത്രി ആ വീട്ടിൽ അവർക്കൊപ്പമിരുന്ന് പ്രാർത്ഥിക്കുകയും ജപമാല ചൊല്ലുകയും ചെയ്തപ്പോൾ ഒരാത്മീയ പിതാവിന്റെ മനോവ്യഥയിൽ അദ്ദേഹവും തെല്ല് അസ്വസ്ഥനായി. കുഞ്ഞുങ്ങളെക്കുറിച്ച് ഓർത്തപ്പോൾ അദ്ദേഹത്തിന്റെ ഹൃദയം നിറയുകയും ഇടയ്ക്കിടെ കണ്ണുകൾ കവിയുകയും ചെയ്തു.

അദ്ദേഹത്തിനറിയാം അതൊരു സാധാരണ സ്ത്രീയല്ല. ഏറ്റവും ഇളയ കുഞ്ഞിന് ഉദരത്തിൽ ആറു മാസം പ്രായമുള്ളപ്പോഴാണ് ആ സ്ത്രീയുടെ ഗർഭപാത്രത്തിൽ ക്യാൻസർ കണ്ടെത്തിയത്. 'അടിയന്തിരമായി ഒരു സർജറി വേണം. കുഞ്ഞിനൊപ്പം ഗർഭപാത്രം നീക്കം ചെയ്യണം. ഇല്ലെങ്കിൽ ക്യാൻസർ മറ്റുഭാഗങ്ങളിലേക്കു പടരും. നിങ്ങളുടെ ജീവൻ അപകടത്തിലാവും. തീരുമാനം നിങ്ങളുടേതാണ്!' ഡോക്ടർമാർ മുന്നറിയിപ്പു നൽകി.

അഞ്ചുമക്കളെ പെറ്റു വളർത്തിയ ആയമ്മ അപ്പോൾ തന്റെ ജീവനെക്കുറിച്ചോ മക്കളെക്കുറിച്ചോ കുടുംബത്തെക്കുറിച്ചോ ചിന്തിച്ചില്ല; ചിന്തിച്ചിരുന്നെങ്കിൽ ആ മുന്നറിയിപ്പ് ഗൗരവത്തിലെടുക്കുമായിരുന്നു, സർജറിക്കൊരുങ്ങുമായിരുന്നു.

എന്നാൽ അവരപ്പോൾ ചിന്തിച്ചത് അതിനേക്കാൾ ഗൗരവമുള്ള മറ്റൊരു കാര്യത്തെക്കുറിച്ചായിരുന്നു. ഇനിയും പിറക്കാനിരിക്കുന്ന ഉദരത്തിലെ തന്റെ ആറാമത്തെ കുഞ്ഞ്!

തന്റെ അഞ്ചു മക്കളെയും ദൈവം പരിപാലിച്ചുകൊള്ളും. അവരുടെ സങ്കടങ്ങൾ കേൾക്കാൻ അവർക്ക് അവരുടെ അപ്പനെങ്കിലുമുണ്ടല്ലോ. എന്നാൽ തന്റെ ഉദരത്തിലെ കുഞ്ഞിന്റെ ശബ്ദമില്ലാത്ത നിലവിളി കേൾക്കാൻ, ഒപ്പം നിൽക്കാൻ താൻ മാത്രമല്ലേയുള്ളൂ. താനൊരു 'നോ' പറഞ്ഞാൽ അതോടെ അതിന്റെ ആയുസ്സ് അവസാനിക്കും. മനോഹരമായ ഈ ഭൂമി അതിന് അന്യമാകും. അതിന്റെ കരച്ചിൽ മാത്രമേ അപ്പോൾ ആയമ്മ കേട്ടുള്ളൂ. അവർക്കു മാത്രമേ അതു കേൾക്കാൻ കഴിഞ്ഞുള്ളൂ!

തന്റെ പ്രാണൻ പോയാലും ഉദരത്തിലെ തന്റെ കുഞ്ഞു മരിക്കരുതെന്ന് അവർ ആഗ്രഹിച്ചു. അതായിരുന്നു അവരുടെ തീരുമാനം! ആ ധീരമായ തീരുമാനത്തിന്റെ സ്പന്ദനങ്ങൾ ഏറ്റുവാങ്ങിയപ്പോൾ അവരുടെ ഉദരത്തിൽ ശിശു തീർച്ചയായും സന്തോഷത്താൽ കുതിച്ചുചാടിയിട്ടുണ്ടാവും!

മുന്നറിയിപ്പുകളെ അവഗണിച്ച് അവർ പ്രെഗ്നൻസിയുമായി മുന്നോട്ടുപോയി. നാലു മാസങ്ങൾക്കിപ്പുറം അവർക്കു മിടുക്കനായ ഒരാൺകുഞ്ഞു പിറന്നു. പക്ഷേ അപ്പോഴേക്കും അമ്മ പകുതിയും തീർന്നു പോയിരുന്നു. പിന്നീട് ചികിൽസയുടെ നാളുകളായിരുന്നു. പക്ഷെ വൈകിപ്പോയിരുന്നു. ക്യാൻസർ വല്ലാതെ വ്യാപിച്ചു കഴിഞ്ഞു. വളരെപ്പെട്ടന്നു തന്നെ അവർ അവശയായി. വെളിച്ചം മങ്ങിയെങ്കിലും ആ കണ്ണുകളിൽ നിരാശയുണ്ടായിരുന്നില്ല. അനിവാര്യമായി സംഭവിക്കാൻ പോകുന്ന വിടവാങ്ങലിനായി പ്രത്യാശയോടെ ആ അമ്മ തയ്യാറെടുത്തു. മക്കളും അപ്പനും പ്രാർത്ഥനാപൂർവം അമ്മയ്ക്കൊപ്പം നിന്നു. ആ യാഥാർത്ഥ്യത്തോട് മെല്ലെ മെല്ലെ അവർ പൊരുത്തപ്പെട്ടു.

മൂന്നു വർഷങ്ങൾക്കപ്പുറമുള്ള ഒരോഗസ്റ്റു മാസ രാത്രിയിൽ തന്റെ മക്കളെ വിട്ട് ആ അമ്മ സ്വർഗ്ഗത്തിലെ തന്റെ വീടണഞ്ഞു! സ്നേഹിതർക്കു വേണ്ടി ജീവൻ ബലികഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന ദൈവത്തിന്റെ വാക്ക് അവരുടെ ജീവിതത്തിൽ അങ്ങനെ അന്വർത്ഥമായി!

ആ രാത്രി ഫാദർ ജോണിനു മറക്കാനാവുന്നില്ല. ദൈവം തന്ന ഉദരഫലത്തിനു വേണ്ടി ബോധപൂർവം തന്റെ ജീവൻ സമർപ്പിച്ച ഒരമ്മ. വളരെ ആഴത്തിൽ ക്രിസ്തുവിൽ വിശ്വസിച്ചിരുന്ന, കത്തോലിക്കാ വിശ്വാസം ജീവിച്ചിരുന്ന ഒരു കുടുംബത്തിന്റെ നാഥ.

ധാരാളം സമ്പത്തുള്ള ഒരു ചെറു പ്രഭുകുടുംബത്തിലെ അംഗമായിരുന്നു അവർ. പണവും പ്രതാപവുമുണ്ട്. പാരമ്പര്യവും പ്രശസ്തിയുമുണ്ട്. പക്ഷെ

ഒന്നും അവർക്കു ദൈവവിശ്വാസത്തിനു മുകളിലായിരുന്നില്ല. അതിനാൽ ത്തന്നെ അവരുടെ തീരുമാനങ്ങൾ ദൈവത്തിന്റേതു കൂടിയായിരുന്നു.

ദേവാലയത്തിൽ വന്നാൽ മുട്ടുകുത്തി മാത്രം ദിവ്യകാരുണ്യം സ്വീക രിക്കുന്ന അപ്പനേയും അമ്മയേയും മക്കളേയും ഫാദർ ജോൺ ഓർ ത്തെടുക്കുന്നു. മുൻപൊരിക്കൽ വീട്ടിലെത്തിയപ്പോൾ മക്കളിലൊരാൾ അദ്ദേഹത്തോട് ആദ്യമായി ചോദിച്ച ചോദ്യം 'Who is your favourite saint?' എന്നതായിരുന്നു. അതൊക്കെയായിരുന്നു അവരുടെ മുൻഗണനകൾ!

ഫ്യൂണറൽ കഴിഞ്ഞ് ചടങ്ങിനെത്തിയവർക്കെല്ലാം ഒരു ചെറു വിരുന്നു പതിവാണ്. അതാരംഭിച്ചപ്പോൾ മക്കൾക്കൊപ്പം അപ്പൻ മുന്നിലേക്കു വന്നു. ഒരു ചില്ലുഗ്ലാസ് ഉയർത്തിപ്പിടിച്ച് അതിൽ ഫോർക്കു കൊണ്ടു അദ്ദേഹം ഒന്നു രണ്ടു തവണ മെല്ലെ മുട്ടി. ആളുകൾ നിശബ്ദരായി. നന്ദി പറയാ നായിരിക്കുമെന്ന് അവർ കരുതി. അയാൾക്കു പറയാനുള്ളതു കേൾക്കാൻ അവർ കാതു കൂർപ്പിച്ചു.

'അവൾക്കു വേണ്ടി നമുക്കൊരു കരുണക്കൊന്ത ചൊല്ലാം...!' മറുപടിക്കു കാത്തുനിൽക്കാതെ അയാൾ മക്കൾക്കൊപ്പം വെറും നിലത്തു മുട്ടുകുത്തി. വാക്കുകളിടറി മെല്ലെ പ്രാർത്ഥന ചൊല്ലിത്തുടങ്ങി. അവിടെ ഒരുമിച്ചു കൂടിയ വിശ്വാസികളും അവിശ്വാസികളുമായ എല്ലാവരും അയാൾക്കൊപ്പം ചേർന്നു. ആർക്കും അതിന്റെ സത്യസന്ധതയെ നിഷേധിക്കാൻ കഴിയുമായിരുന്നില്ല.

കണ്ണീരുപ്പു കലർന്ന ആ വിരുന്നിൽ നിന്ന് മടങ്ങിപ്പോകുമ്പോൾ നിശ്ചയമായും അവർ - അതിഥികളും ആതിഥേയരും - അൽപ്പം കൂടി പുതിയ മനുഷ്യരായിട്ടുണ്ടാവും! അത്രമേൽ തീക്ഷ്ണമായ ഒരാത്മീയ പ്രകാശം അവിടെ പ്രസരിക്കുന്നുണ്ടായിരുന്നു.

ആറു മക്കളുടെ വിശുദ്ധയായ അമ്മ അപ്പോൾ സ്വർഗ്ഗത്തിലിരുന്ന് നിറകണ്ണുകളോടെ പുഞ്ചിരിച്ചിട്ടുണ്ടാവും!

ആ അമ്മയുടെ മക്കളിൽ മൂത്തമകൾ ഇപ്പോൾ കത്തോലിക്കാ സഭയിലെ ഒരു സന്യാസിനിയാണ്. രണ്ടാമത്തെയാൾ മിഷനറീസ് ഓഫ് ചാരിറ്റിയുടെ ഇന്ത്യയിലെ പ്രവർത്തനങ്ങളിൽ വോളന്റിയറായി പ്രവർത്തിക്കുന്നു. നാലാമത്തെ മകൾ തെരേസയും നാലുമാസങ്ങൾക്കു മുമ്പ് മഠത്തിൽ ചേർന്ന് സന്യാസം സ്വീകരിച്ചു.

ഒന്നോർത്താൽ കുടുംബത്തേക്കാൾ വിശുദ്ധമായ ഒരു പള്ളിയുണ്ടോ! വിശുദ്ധരായ മാതാപിതാക്കളേക്കാൾ നല്ല പുരോഹിതരുണ്ടോ! നിസ്വാർത്ഥ സ്നേഹത്തേക്കാൾ വലിയ ബലിയുണ്ടോ?

*ആബൂൻ യൂഹാനോൻ മാർ അലക്സിയോസ് എപ്പിസ്കോപ്പയുടെ ജീവിതാനുഭവത്തെ അവലംബമാക്കി തയ്യാറാക്കിയത്*

## വിശുദ്ധ അലക്സിയോസ് (St. Alexios of Rome)

സഭയിലെ വളരെ പ്രശസ്തനായ ഒരു വിശുദ്ധനാണ് 'ദൈവത്തിന്റെ മനുഷ്യൻ' (Man of God) എന്നറിയപ്പെടുന്ന വിശുദ്ധ അലക്സിയോസ്. സമ്പന്നമായ സാഹചര്യങ്ങളിൽ ജനിച്ചിട്ടും, ദൈവസ്നേഹത്തെപ്രതി എല്ലാം ഉപേക്ഷിച്ച് ദരിദ്രനായി ജീവിച്ചു എന്നതാണ് അദ്ദേഹത്തിന്റെ പ്രത്യേകത.

റോമിലെ ഒരു വലിയ പ്രഭുകുടുംബത്തിൽ എ.ഡി. അഞ്ചാം നൂറ്റാണ്ടിലാണ് അലക്സിയോസ് ജനിച്ചത്. അദ്ദേഹത്തിന്റെ മാതാപിതാക്കൾ അതിസമ്പന്നരും ദൈവഭക്തരുമായിരുന്നു. മാതാപിതാക്കൾ അദ്ദേഹത്തെ വിവാഹം കഴിപ്പിക്കാൻ തീരുമാനിച്ചെങ്കിലും, വിവാഹദിവസം രാത്രിയിൽ അദ്ദേഹം ആരുമറിയാതെ വീടുവിട്ടിറങ്ങി. ലൗകിക സുഖങ്ങൾ ഉപേക്ഷിച്ച് ദൈവത്തിന് മാത്രമായി ജീവിക്കാൻ അദ്ദേഹം ആഗ്രഹിച്ചു.



വീടുവിട്ടിറങ്ങിയ അലക്സിയോസ്, എഡേസ്സായിലെ (ഇന്നത്തെ തുർക്കി) പരിശുദ്ധ മാതാവിന്റെ നാമത്തിലുള്ള ഒരു പള്ളിയിൽ എത്തിച്ചേർന്നു. അവിടെ അദ്ദേഹം ദീർഘകാലം ഒരു ഭിക്ഷക്കാരനെപ്പോലെ ജീവിച്ചു. കയ്യിൽ കിട്ടുന്നതെന്തും പാവപ്പെട്ടവർക്ക് നൽകുകയും പ്രാർത്ഥനയിലും ഉപവാസത്തിലും സമയം ചെലവഴിക്കുകയും ചെയ്തു.

വർഷങ്ങൾക്ക് ശേഷം അദ്ദേഹം റോമിലേക്ക് തിരികെ മടങ്ങിയെത്തി. എന്നാൽ സ്വന്തം മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ അദ്ദേഹത്തെ തിരിച്ചറിയാനായില്ല. സ്വന്തം വീടിന്റെ പടിക്കൽ ഒരു അപരിചിതനായ ഭിക്ഷക്കാരനായി അദ്ദേഹം 17 വർഷത്തോളം ജീവിച്ചു. വീട്ടുജോലിക്കാരുടെ പരിഹാസങ്ങൾ അദ്ദേഹം ക്ഷമയോടെ സഹിച്ചു.

മരണസമയത്താണ് അദ്ദേഹം ആരാണെന്ന് വെളിപ്പെടുത്തുന്ന ഒരു കുറിപ്പ് കയ്യിൽ പിടിച്ചിരുന്നത്. ആ കുറിപ്പിലൂടെയാണ് മാതാപിതാക്കളും റോമിലെ ജനങ്ങളും തങ്ങളുടെ പടിക്കൽ ജീവിച്ചിരുന്ന 'ദൈവത്തിന്റെ മനുഷ്യൻ' നഷ്ടപ്പെട്ട മകൻ അലക്സിയോസ് തന്നെയാണെന്ന് തിരിച്ചറിഞ്ഞത്.

കത്തോലിക്കാ സഭയിൽ ജൂലൈ 17-നാണ് വിശുദ്ധ അലക്സിയോസിന്റെ തിരുനാൾ ആഘോഷിക്കുന്നത്. രോഗികളുടെയും, ഭിക്ഷാടകരുടെയും, തീർത്ഥാടകരുടെയും മധ്യസ്ഥനായി വിശുദ്ധ അലക്സിയോസ് വണങ്ങപ്പെടുന്നു.

www.malankaralibrary.com


# ജീവിതരേഖ



**ആബൂൻ യൂഹാനോൻ**
**മാർ അലക്സിയോസ് എപ്പിസ്കോപ്പ**

കൊല്ലം ജില്ലയിൽ കൊട്ടാരക്കര കിഴക്കേത്തെരുവിൽ കുറ്റിയിൽ പരേതനായരാജന്റെയും ഓമനയുടെ മകനായി 1982 മെയ് 30-ന് ജനിച്ചു. അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവായിൽ നിന്നും 2008-ൽ പൗരോഹിത്യം സ്വീകരിച്ച് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ വൈദികനായി.

പ്രാഥമിക സ്കൂൾ വിദ്യാഭ്യാസം കിഴക്കേത്തെരുവ് സെന്റ് മേരീസ് സ്കൂളിൽ നടത്തി. വൈദിക പഠനം തിരുവനന്തപുരം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിലും തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങളും വൈദിക പരിശീലനവും സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയിലും പൂർത്തിയാക്കി. തദവസരത്തിൽ തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ബിരുദം കരസ്ഥമാക്കി.

കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവയുടെ സെക്രട്ടറിയായിട്ടാണ് പ്രാഥമിക നിയമനം. തുടർന്ന് റോമിലെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് സഭാനിയമത്തിൽ ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും കരസ്ഥമാക്കി. 2015-ൽ മേജർ അതിഭദ്രാസനത്തിൽ തിരികെയെത്തി ചാല, കരമന, പാറോട്ടുകോണം, പാളയം സമാധാന രാജ്ഞി ബസിലിക്കാ എന്നീ ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. സെന്റ് അലോഷ്യസ് മൈനർ സെമിനാരി റെക്ടറായും തിരുവനന്തപുരം മേജർ അതിഭദ്രാസന അജപാലന സമിതി വൈദിക സെക്രട്ടറിയും ശുശ്രൂഷ ചെയ്തു. തിരുവനന്തപുരം മലങ്കര മേജർ സെമിനാരിയിൽ സഭാനിയമ അധ്യാപകനായി ശുശ്രൂഷ ചെയ്യുന്നു. ഇംഗ്ലീഷ്, ഇറ്റാലിയൻ, ജർമ്മൻ ഭാഷകളിൽ പ്രാവീണ്യമുണ്ട്. പ്രഭാഷകനും ഗ്രന്ഥകാരനുമാണ്.

മേജർ അതിഭദ്രാസന ചാൻസലറായും സഭയുടെ മാസ്റ്റർ ഓഫ് സെറിമണിസ് ആയും തിരുവനന്തപുരത്ത് മണ്ണന്തലയിൽ വിശുദ്ധ ജോൺ പോൾ മലങ്കര സുറിയാനി കത്തോലിക്ക ഇടവകയുടെയും ഉളിയാഴിത്തറ തിരുഹൃദയ ഇടവകയുടെയും വികാരിയായും മലങ്കര സഭയുടെ ദൈവവിളി കമ്മീഷൻ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കേ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സഹായമെത്രാനായി 2025 നവംബർ 22 ന് അഭിഷിക്തനായി.

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ കൊട്ടാരക്കര കിഴക്കേത്തെരുവ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവാകാംഗമാണ്. അദ്ധ്യാപകനായ രാജീവ് ഏക സഹോദരനാണ്.

www.malankaralibrary.com

# ആടുകളുടെ മണമുള്ള ഇടയരാവുക

2025 നവംബർ 22 ന് പട്ടം മേജർ ആർക്കിഎപ്പാർക്കിയൽ കത്തീഡ്രലിൽ നടന്ന മെത്രാഭിഷേക ശുശ്രൂഷാ മധ്യേ കോട്ടയം അതിരൂപതാധ്യക്ഷൻ അഭിവന്ദ്യ ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്താ നൽകിയ വചന സന്ദേശം



www.malankaralibrary.com


പ്രിയമുള്ളവരേ, നാമിപ്പോൾ വലിയ ആഹ്ലാദത്തിന്റെ നിമിഷങ്ങളിൽ ആണ്. സാർവ്വത്രിക സഭയും സവിശേഷമായി മലങ്കര സുറിയാനി കത്തോലിക്ക സഭയും നിറഞ്ഞ ഹൃദയത്തോടെ ദൈവത്തിന് നന്ദി പറയുന്ന സമയം. അപ്പസ്തോലന്മാരുടെ പിൻഗാമികളും ദൈവജനത്തിന്റെ ഇടയന്മാരും ലോകത്തിൽ മിശിഹായുടെ സാക്ഷികളുമായി നമ്മുടെ സഹോദരന്മാരായ തടത്തിൽ ബഹുമാനപ്പെട്ട കുരിയാക്കോസ് അച്ചനെയും കുറ്റിയിൽ ബഹുമാനപ്പെട്ട ജോൺ അച്ചനെയും പൗരോഹിത്യത്തിന്റെ പൂർണതയിലേക്ക് പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിലൂടെ കാരുണ്യവാനായ ദൈവം കൈപിടിച്ചുയർത്തുന്ന ഈ അനുഗ്രഹീത നിമിഷങ്ങളിൽ നമുക്കും സന്തോഷത്തോടെ പങ്കുചേരാം. ദൈവത്തിന് നന്ദി പറയാം. പരിശുദ്ധ കന്യകാമറിയത്തെ പോലെ ഈ സഹോദരന്മാർ ദൈവത്തിന് നൽകുന്ന അവരുടെ 'ഫിയാത്ത്' വെറും വ്യക്തിപരമായ ഒരു കാര്യമല്ല ദൈവജനത്തിന് മുഴുവനുമുള്ള വലിയ ഒരു സമ്മാനമാണ്. ധന്യമായ ഈ ദാനം സ്വീകരിക്കുന്ന ഈ രണ്ട് സഹോദരന്മാരെ നമുക്ക് അഭിനന്ദിക്കാം ആശംസകൾ നേരാം അവർക്കായി പ്രാർത്ഥിക്കാം.

ധന്യൻ മാർ ഇവാനിയോസ് പിതാവിന്റെ മെത്രാഭിഷേക ശതാബ്ദി വർഷത്തിൽ ദൈവം നമുക്ക് നൽകിയ ഈ വലിയ സമ്മാനത്തെ സീറോ മലങ്കര സഭയ്ക്ക് അഭിമാനവും ധന്യൻ മാർ ഈവാനിയോസ് തിരുമേനിയുടെ ശക്തമായ മാധ്യസ്ഥത്തിന് മറ്റൊരു അടയാളവുമായിട്ടാണ് ഞാൻ കാണുന്നത്. ധന്യൻ ഇവാനിയോസ് തിരുമേനിയെക്കുറിച്ച് ചിന്തിക്കുമ്പോൾ തീർച്ചയായും റൂഹാ അദ്ദേഹത്തിന്റെ ഹൃദയത്തിൽ ജ്വലിപ്പിച്ച സഭാഐക്യത്തിന്റെ വലിയ ദാഹം വളർന്നു വലുതായി ഇന്ന് ലോകം മുഴുവനിലേക്കും പടർന്നിരിക്കുകയാണ്. അതിന്റെ വ്യക്തമായ അടയാളമാണല്ലോ തിരുവനന്തപുരം അതിരൂപത സഹായ മെത്രാനും ഒപ്പം യൂറോപ്പിന്റെ മുഴുവൻ വിസിറ്റേറ്ററും ആയിട്ട് ഓരോ മെത്രാന്മാരെ നിയമിക്കുവാൻ സഭ തീരുമാനിച്ചത്. മലങ്കര സഭയുടെ വളർച്ചയിൽ നമുക്ക് സന്തോഷിക്കാം. ആ വളർച്ചയുടെ പ്രധാനപ്പെട്ട ലക്ഷ്യം സഭകളുടെ ഐക്യമാണ് കൂട്ടായ്മയാണ് എന്നുള്ള സത്യം അനുസ്മരിച്ചുകൊണ്ട് എപ്രകാരം ഈ വലിയ ഉദ്യമത്തിന്, ദൗത്യത്തിന് പങ്കുകാരാകാൻ സാധിക്കും എന്നുള്ളത് നാം ഏവരും ചിന്തിക്കേണ്ട അവസരമാണ് ഈ വർഷം.

നമ്മുടെ കർത്താവ് ഈശോ മിശിഹായുടെ ജന്മശതാബ്ദി, മനുഷ്യാവതാര ശതാബ്ദി, മനുഷ്യാവതാര ജൂബിലി നാം ആഘോഷിക്കുന്ന അവസരമാണല്ലോ ഇത്. ഈ ജൂബിലി പ്രഖ്യാപിച്ചുകൊണ്ട് ഭാഗ്യസ്മരണാർഹനായ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ നമ്മോട് പറഞ്ഞു; ഇത് പ്രത്യാശയുടെ തീർത്ഥാടനത്തിന്റെ വത്സരമാണ് എന്ന്. ദൈവത്തിൽ പ്രത്യാശ അർപ്പിച്ചുകൊണ്ട് ലോകത്തിന് മുഴുവൻ വെളിച്ചമായി പ്രകാശിക്കുവാൻ സഭയ്ക്കും സഭാതനയർക്കമുള്ള ചുമതലയാണ് പരിശുദ്ധ പിതാവ് നമ്മെ അനുസ്മരിപ്പിച്ചത്. ആ പ്രത്യാശയിലേക്ക് എല്ലാവരെയും ആനയിക്കുക എന്നുള്ളത് സഭയുടെയും നമ്മുടെ ഓരോരുത്തരുടെയും ദൗത്യമാണ്.

ഇപ്രകാരം ലോകത്തെ സുവിശേഷദീപ്തിയാൽ പ്രകാശിപ്പിക്കുവാനുള്ള ചുമതല നാം ഏറ്റെടുക്കുമ്പോൾ അതിൽ രണ്ടു കാര്യങ്ങൾ നമുക്ക് പ്രത്യേകമായി ദർശിക്കുവാൻ സാധിക്കും. ഒന്ന് ക്രിസ്തുവിനെ അറിയാത്ത ആളുകളെ സുവിശേഷം അറിയിക്കുകയും നമ്മുടെ നല്ല ജീവിതവും മാതൃകയും വഴിയായിട്ട് അവരെ സുവിശേഷ വഴിയിലേക്ക് ആകർഷിക്കുകയും ചെയ്യുക. അതോടൊപ്പം തന്നെ ഒരുപക്ഷേ അതിനേക്കാൾ ഇന്ന് പ്രാധാന്യമുള്ള മറ്റൊന്നാണ് സുവിശേഷം ഗ്രഹിച്ച ശേഷം പല കാരണങ്ങളാലും പലവിധ സാഹചര്യങ്ങളാലും സുവിശേഷ പാതയിൽ നിന്ന് അകന്നുപോയവരെ വീണ്ടും സുവിശേഷ പാതയിലേക്ക് നയിക്കുക എന്നുള്ളത്. പരിശുദ്ധ പിതാക്കന്മാർ വ്യക്തമായി നമ്മോട് പറയുന്നുണ്ട് സുവിശേഷവൽക്കരണം പൂർത്തീകരിക്കപ്പെടുക പുനർസുവിശേഷ വൽക്കരണം യാഥാർഥ്യ

മാക്കികൊണ്ടാണ്. വിശ്വാസ വഴിയിൽ നിന്ന് വ്യതിചലിച്ചു പോയവരെ സുവിശേഷത്തിന്റെ മാധുര്യത്തിലേക്കും ക്രൈസ്തവ ജീവിതത്തിന്റെ ആനന്ദത്തിലേക്കും തിരികെ വിളിച്ചുകൊണ്ടാവണം തിരികെ ആകർഷിച്ചു കൊണ്ടാകണം സുവിശേഷവൽക്കരണം പൂർണമാക്കേണ്ടത്.

ആ ഒരു ദൗത്യത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് നൽകപ്പെട്ട വലിയ വരദാനം തീർച്ചയായും ഏറെ പ്രധാനപ്പെട്ടതാണ് എന്ന് ഞാൻ ഓർക്കുകയാണ് ഇവാനിയോസ് പിതാവിന്റെ ഹൃദയത്തിൽ പരിശുദ്ധാത്മാവ് കൊളുത്തിയതും അതിൽ നിന്ന് നമ്മുടെയൊക്കെ ഹൃദയങ്ങളിലേക്ക് പകർന്നു തന്നതുമായ ഈ പുനരൈക്യ ദാഹം വീണ്ടും ജ്വലിപ്പിക്കുവാൻ, കൂടുതൽ ശക്തമാക്കുവാൻ ഈ അവസരം നമുക്ക് നൽകപ്പെട്ടിരിക്കുകയാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭ ഇന്ന് കേരളത്തിന്റെ പരിമിതികൾക്കുള്ളിൽ നിന്നും ആഗോളതലത്തിലേക്ക് വളർന്നുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ലോകത്തിൽ എല്ലായിടത്തും സുവിശേഷ മാർഗത്തിലേക്ക് ദൈവജനത്തെ കൈപിടിച്ച് ആനയിക്കുവാൻ നമുക്ക് കടമയും ഉത്തരവാദിത്വവും ഉണ്ട്. ആ വലിയ ഉത്തരവാദിത്വം അനുസ്മരിച്ചുകൊണ്ട് തങ്ങളുടെ പ്രവർത്തനങ്ങളിലൂടെ ദൈവം ഏൽപ്പിക്കുന്ന ഈ വലിയ കർത്തവ്യം കർത്താവിന് പ്രിയങ്കരമായ രീതിയിൽ ചെയ്യുവാനും ഫലദായകമായ രീതിയിൽ പൂർത്തീകരിക്കുവാനും നമ്മുടെ ഈ സഹോദരന്മാർക്ക് സാധിക്കട്ടെ എന്ന് നമുക്ക് പ്രത്യേകമായി ദൈവത്തോട് പ്രാർത്ഥിക്കാം.

ഈ വർഷത്തിന്റെ മറ്റൊരു പ്രത്യേകത നിഖ്യാ സൂനകദോസിന്റെ 1700 ആം വർഷമാണിത്. സഭയുടെ വിശ്വാസ പ്രമാണത്തെ കുറവില്ലാതെ നമ്മെ പഠിപ്പിച്ച, തെറ്റുകൂടാതെ നമുക്ക് പകർന്നു തന്ന, എപ്പോഴും നാം ആവർത്തിക്കുന്നതായ ആ വിശ്വാസ പ്രഖ്യാപനം തീർച്ചയായും സഭയുടെ കൂട്ടായ്മയിലേക്ക് എല്ലാവരെയും ആകർഷിക്കുവാൻ പ്രാപ്തമാണ്. അങ്ങനെ ഒരു ഇടയനും ഒരു തൊഴുത്തുമാകുന്ന സുന്ദരമായ സുദിനത്തെ സ്വപ്നം കാണുവാൻ നമുക്ക് പ്രേരണ നൽകുന്ന അവസരമാണിത്.

അങ്ങനെ വിവിധ കാരണങ്ങളാൽ ദൈവാനുഗ്രഹ ധന്യമായിട്ടുള്ള ഈ കാലഘട്ടത്തിൽ മെത്രാന്മാരായി അഭിഷേകിതരാകുന്ന ഈ രണ്ട് സഹോദരന്മാർക്കും ദൈവത്തിൻറെ കൃപ ധാരാളമായി ഉണ്ടാകട്ടെ അവരോടൊപ്പം നിന്ന് സഭയുടെ വിശുദ്ധിയും ചൈ ചൈതന്യവും ലോകത്തിൽ മുഴുവൻ പ്രസരിപ്പിക്കുവാൻ നമുക്ക് ഏവർക്കും ആത്മാർത്ഥമായി പരിശ്രമിക്കാം അതിനായിട്ട് പ്രത്യേകമായിട്ട് ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്യാം.

മെത്രാൻസ്ഥാനം ആഗ്രഹിക്കുന്നവൻ ഉൽകൃഷ്ടമായ ഒരു ജോലിയാണ് ആഗ്രഹിക്കുന്നത് എന്ന് വിശുദ്ധ പൗലോസ് ശ്ലീഹാ തിമോത്തിയോസിന് എഴുതിയ ലേഖനത്തിൽ നാം ഇന്ന് അനുസ്മരിക്കുകയുണ്ടായി. വലിയ ഉത്തരവാദിത്വമുള്ള ശ്രേഷ്ഠമായ ഒരു ദൗത്യമാണ് ഇതിലൂടെ നൽകപ്പെടുക സാധാരണക്കാരായ മനുഷ്യർക്ക് അപ്രാപ്യമായ ആയിട്ടുള്ള, ഒരുപക്ഷേ തങ്ങൾ അയോഗ്യരാണെന്ന ബോധ്യത്തോടെ അകന്നു നിൽക്കുവാൻ പ്രേരണ നൽകുന്ന അത്രയും വിശിഷ്ടമായിട്ടുള്ള ഒരു ശുശ്രൂഷയാണ് അപ്പസ്തോല പിൻഗാമിക്ക് നൽകപ്പെടുന്നത്. പക്ഷേ അത് പൂർത്തീകരിക്കുവാൻ ദൈവം കൂടെ നിൽക്കുന്നു എന്നുള്ള വലിയ ബോധ്യമാണ് അത് ഏറ്റെടുക്കുവാൻ അപൂർണ്ണരായ മനുഷ്യർക്ക് ശക്തി നൽകുന്നത്. നമ്മൾ തിരുവചനങ്ങളിൽ ദർശിക്കുന്നതു പോലെ ഞാൻ നിന്നോടുകൂടെ ഉണ്ട് എന്നുള്ള കർത്താവിന്റെ ആ ഒരു വലിയ ശക്തിപ്പെടുത്തലാണ് ഇത്രയും ശ്രേഷ്ഠമായിട്ടുള്ള ചുമതല ഏറ്റെടുക്കുവാൻ അവർക്ക് കരുത്ത് നൽകുന്നത്. 'ഭയപ്പെടേണ്ട' ഇതാണ് കർത്താവ് പറയുന്ന വാക്കുകൾ. ജറമിയ പ്രവാചകനെ വിളിച്ചുകൊണ്ട് കർത്താവ് അരുളി ചെയ്തതും അതാണല്ലോ താൻ ബാലനാണെന്നും സംസാരശേഷി തനിക്ക് കുറവാണെന്നും ഒക്കെ പറഞ്ഞ ജറമിയാ

യോട് കർത്താവ് പറഞ്ഞു ഞാൻ നിന്നെ തിരഞ്ഞെടുത്തിരിക്കുന്നു ദൈവത്തിന്റെ തിരഞ്ഞെടുപ്പാണ്, ദൈവത്തിന്റെ ശക്തിപ്പെടുത്തലാണ് ഈ വലിയ ശുശ്രൂഷ നിർവഹിക്കുവാനായിട്ടുള്ള കരുത്ത് നൽകുന്നത് എന്ന് തീർച്ചയായിട്ടും ഈ അവസരത്തിൽ നമുക്ക് ഓർമിക്കാം. അതുകൊണ്ടുതന്നെ ദൈവത്തിന്റെ കൃപയും അനുഗ്രഹവും നിരന്തരമായ സാന്നിധ്യവും ഈ സഹോദരന്മാരോടൊപ്പം ഉണ്ടാകുവാൻ നമുക്ക് പ്രാർത്ഥിക്കാം.

പ്രിയ നവാഭിഷിക്തരെ, നിങ്ങൾ സ്വീകരിക്കുന്ന ഈ വിശുദ്ധ ചുമതല തന്റെ ജീവിതത്തിലൂടെ ഈശോ നമ്മെ പഠിപ്പിച്ച പോലെ അധികാരമല്ല ശുശ്രൂഷയാണ്. സ്ഥാനക്കായറ്റമല്ല ബലിയാണ്. ഭരിക്കാനല്ല നിങ്ങൾക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ജനത്തെ നയിച്ചുകൊണ്ട് അവരുടെ മുൻപിൽ നടക്കുവാനും അവരെ ശ്രവിച്ചും അവരോട് സഹവസിച്ചും അവരുടെ മധ്യെ ആയിരിക്കാനും ആരും അവഗണിക്കപ്പെടുന്നില്ല എന്ന് ഉറപ്പാക്കികൊണ്ട് അവരുടെ പിന്നിൽ നടക്കാനുമുള്ള വലിയ കൃപയാണ് ദൈവം നിങ്ങൾക്ക് നൽകുന്നത്. വിശുദ്ധ പത്രോസ് അപ്പസ്തോലന്റെ വാക്കുകളിൽ നമ്മൾ ശ്രവിക്കുകയുണ്ടായി നൽകപ്പെട്ടിരിക്കുന്ന ഈ ശുശ്രൂഷ ആത്മാർത്ഥതയോടും വിനയത്തോടും ദൈവം ഏൽപ്പിച്ച വലിയ ഉത്തരവാദിത്വം എന്നുള്ള ബോധ്യത്തോടും കൂടി നിർവഹിക്കുവാൻ പരിശ്രമിക്കുമ്പോൾ ദൈവത്തിന്റെ കൃപകൾ നിങ്ങൾക്കും നിങ്ങളുടെ ശുശ്രൂഷ ലഭിക്കുന്ന എല്ലാവർക്കും ഉണ്ടാകും.

സുവിശേഷം നമ്മെ അനുസ്മരിപ്പിക്കുന്നതുപോലെ പത്രോസിന്റെ ദൈവനിവേശിതമായ വിശ്വാസ പ്രഖ്യാപനത്തിലാണ് കർത്താവ് തന്റെ സഭയ്ക്ക് അടിസ്ഥാനമിട്ടത്. ഓരോ മെത്രാനും വിശ്വാസത്തിന്റെ പ്രഘോഷകനും അപ്പസ്തോലിക പാരമ്പര്യത്തിന്റെ സംരക്ഷകനും ആയിരിക്കണം അതേസമയം അദ്ദേഹം ഐക്യത്തിന്റെ ശുശ്രൂഷകനും ആയിരിക്കണം തലമുറകൾക്കിടയിലും ധനവാനും ദരിദ്രനും ഇടയിലും വൈദികർക്കും ദൈവജനത്തിനും ഇടയിലും സഭകൾക്കിടയിലും പാലം പണിത് ഐക്യംസംരക്ഷിക്കുന്നവൻ ആകണം. വ്യത്യാസങ്ങളെയുംവ്യതിരിക്തതകളെയും ഉൾക്കൊണ്ട് പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയിൽ എല്ലാവരെയും ഒന്നിപ്പിക്കുക എന്ന വലിയ ദൗത്യമാണ് അപ്പസ്തോല പിൻഗാമി എന്ന നിലയിൽ ഓരോ മെത്രാനും ഏറ്റെടുക്കുന്നത്. ഈശോയുടെ തിരുഹൃദയത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് എല്ലാവരോടും അനുകമ്പയോടെ വർത്തിക്കാനും സന്തോഷിക്കുന്നവരെയും ദുഃഖിക്കുന്നവരെയും ദരിദ്രരെയും വിസ്മരിക്കപ്പെടുന്നവരെയും വിശ്വാസികളെയും വിശ്വസിക്കാൻ വിഷമിക്കുന്നവരെയും ഹൃദയത്തിൽ ചേർത്തു നിർത്തുവാനും മെത്രാൻ ചുമതലപ്പെട്ടവനാണ്. ആടുകളുടെ മണമുള്ള ഇടയനായി ദൈവകാരുണ്യത്തിന്റെ ജീവിക്കുന്ന സാക്ഷ്യമായിസുവിശേഷത്തിന്റെ ഹൃദയം ലോകത്തിന് വെളിപ്പെടുത്താനുള്ള കൃപയും ഉത്തരവാദിത്വവും ഈ അഭിഷേകത്തിലൂടെ മെത്രാന് ദൈവം നൽകുന്നു.

മലങ്കര സഭാ പാരമ്പര്യത്തിൽ മെത്രാഭിഷേകം കേവലം സഭാപരമായ ഒരു നിയമനമല്ല അതൊരു രഹസ്യമാണ്. ഈശോ മിശിഹായിൽ ആരംഭിച്ച അപ്പസ്തോലിക ശുശ്രൂഷയുടെ തുടർച്ച ഇന്നത്തെ സഭയെ അപ്പസ്തോലിക കാലഘട്ടത്തോടെയോജിപ്പിക്കുന്ന ശ്ലൈഹിക ശുശ്രൂഷയുടെ ദൃശ്യമായ അടയാളമാണ് ഓരോ മെത്രാനും. പാശ്ചാത്യ സുറിയാനി സഭയുടെ ദൈവശാസ്ത്രം രൂപപ്പെടുത്തുന്നതിൽ മുഖ്യ പങ്കുവഹിച്ച അന്ത്യോഖയായിലെ വിശുദ്ധ ഇഗ്നേഷ്യസിന്റെ സഭാദർശനം ഇക്കാര്യം വ്യക്തമാക്കുന്നുണ്ട് അദ്ദേഹത്തിന്റെ വാക്കുകളിൽ, മെത്രാൻ എവിടെയുണ്ടോ അവിടെ സഭയുണ്ട്. കർത്താവ് എവിടെയുണ്ടോ അവിടെ കത്തോലിക്ക സഭയുണ്ട്. മെത്രാൻ ഒരു പ്രാദേശിക നേതാവല്ല ക്രിസ്തുവിന്റെ കൗദാശിക ഐക്കൺ ആണ്. വിശ്വാസത്തിലും സ്നേഹത്തിലും ഐക്യം ഉറപ്പാക്കുന്ന നല്ല ഇടയൻ.

സുറിയാനി സഭാപിതാക്കന്മാരായ സെറൂഗിലെ വിശുദ്ധ യാക്കോബും എഡേസായിലെ മാർ എഫ്രേമും മലങ്കര സഭയിലെ മെത്രാഭിഷേക കർമം എപ്രകാരം നിത്യപുരോഹിതനായ ഈശോ മിശിഹായുടെ ശുശ്രൂഷാ പൗരോഹിത്യത്തിലുള്ള പങ്കുചേരലിന്റെ രഹസ്യാത്മക സ്വഭാവം വ്യക്തമാക്കുന്നു എന്ന് വിശദീകരിക്കുന്നുണ്ട്. ചുരുക്കത്തിൽ അഭിഷിക്തനെ തന്റെ അജഗണത്തെ ശുശ്രൂഷിക്കുകയും പഠിപ്പിക്കുകയും അവർക്കായി ജീവൻ നൽകുകയും ചെയ്യുന്ന ഇടയന്റെ സജീവ ഐക്കണായി രൂപാന്തരപ്പെടുത്തുന്ന പ്രക്രിയയാണ് മലങ്കര സഭയിലെ മെത്രാഭിഷേകം. മെത്രാഭിഷേക ശുശ്രൂഷയിലെ കൈവെപ്പ് അപ്പസ്തോല പ്രവർത്തനങ്ങളിലും തിമോത്തിക്കുള്ള ഒന്നാം ലേഖനത്തിലും പ്രതിപാദിക്കുന്നതുപോലെ അപ്പസ്തോലിക തുടർച്ചയും പരിശുദ്ധാത്മാവിന്റെ ആഗമനവും സൂചിപ്പിക്കുന്നു. പഴയ നിയമത്തിൽ രാജാക്കന്മാരെയും പ്രവാചകന്മാരെ തൈലാഭിഷേകം ചെയ്തിരുന്നതുപോലെ നിയുക്ത മെത്രാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടതിനെ സൂചിപ്പിച്ചുകൊണ്ട് തൈലത്താൽ അഭിഷിക്തനാകുന്നു. വിശുദ്ധ യാക്കോബിന്റെ വാക്കുകളിൽ അഭിഷിക്തന്റെ മേൽ ആത്മാവ് ഇറങ്ങി വരുമ്പോൾ അവൻ ജനമധ്യത്തിൽ ഈശോയുടെ പ്രതിബിംബമായി മാറുന്നു. അവന്റെ കൈകൾ അഗ്നിയാലും വചനം സത്യത്താലും പൊതിയപ്പെടുകയും ഹൃദയം അൾത്താരയും ആത്മാവ് റൂഹാദു കുദിശായുടെ വാസസ്ഥാനവുമായിത്തീരുകയും ചെയ്യുന്നു. ദൈവവചനത്തിന്റെ ജീവിക്കുന്ന വചനമാണ് മെത്രാൻ എന്ന് സൂചിപ്പിക്കുവാൻ നൽകപ്പെടുന്നതാണ് സുവിശേഷ ഗ്രന്ഥം.

സെറൂഗിലെ വിശുദ്ധ യാക്കോബിന്റെ വാക്കുകളിൽ, തന്റെ വചനങ്ങൾ പ്രാർത്ഥനയും നിശബ്ദത മാധ്യസ്ഥവും ജീവിതം തന്റെ അജഗണത്തിന് സുവിശേഷവുമായ മെത്രാൻ ഭാഗ്യവാനാണ്. തോളിൽ ധരിക്കുന്ന ഊറോറാ നഷ്ടപ്പെട്ടുപോയ ആടിനെ തോളിലേറ്റി വരുന്ന ഇടയനെ സൂചിപ്പിക്കുന്നു. വിശുദ്ധ എഫ്രേമിന്റെ വാക്കുകളിൽ അവൻ നഷ്ടപ്പെട്ട ആടിനെ തന്റെ തോളിലേറ്റിയതുപോലെ മെത്രാൻ തന്റെ ജനത്തെ സ്നേഹത്തോടെ തോളിലേറ്റുന്നു. അർത്ഥപൂർണമായ പ്രാർത്ഥനകളിലൂടെയും രഹസ്യാത്മകതയെ പ്രതീകാത്മകമായി അവതരിപ്പിക്കുന്ന അടയാളങ്ങളിലൂടെയും അഭിഷക്തനാകുന്ന മെത്രാൻ ആധ്യാത്മിക പിതാവാണ് എന്ന് സുറിയാനി സഭാ ചരിത്രം നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവസന്നിധിയിൽ തന്റെ ജനത്തിനു വേണ്ടിയും ദൈവജനത്തിന്റെ മുമ്പാകെ ദൈവകാരുണ്യ സാന്നിധ്യമായും അദ്ദേഹം നിൽക്കുന്നു. സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും മധ്യയുള്ള പ്രാർത്ഥനയുടെ പാലമാണ് മെത്രാൻ എന്ന് പറയുന്ന മാർ എഫ്രേമിന്റെ വാക്കുകളിൽ മെത്രാൻ ജനമധ്യത്തിൽ ക്രിസ്തുവിന്റെ അനുകമ്പാർദ്രവും ഫലദായകവുമായ സ്നേഹത്തിന് മാംസം നൽകുന്ന ശ്ലൈഹിക സാന്നിധ്യത്തിന്റെ ഒരു ഐക്കണായി മാറുന്നു.

മെത്രാന്റെ വിശുദ്ധിയുടെയും ഉപവാസത്തിന്റെയും മധ്യസ്ഥത്തിന്റെയും അദൃശ്യ അടിസ്ഥാനത്തിൽ സ്ഥാപിതമായിരിക്കുന്ന അജഗണത്തെ എളിമയിലും വിശുദ്ധിയിലും സഹാനുഭൂതിയിൽ നയിക്കാൻ നിയുക്തരായിരിക്കുന്ന ഈ നവ മെത്രാന്മാർക്കും മറ്റെല്ലാ മെത്രാന്മാർക്കും വേണ്ടി ദൈവകൃപകളെ യാചിക്കുന്നു. ഒരിക്കൽ കൂടി സ്നേഹാദരപൂർവ്വം നവാഭിഷിക്തർക്ക് എല്ലാ നന്മയും ആശംസിക്കുന്നു, ദൈവാനുഗ്രഹം പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

## ഉപകാരസ്മരണ



ഒരു വിശ്വാസി

www.malankaralibrary.com



# ആഹ്ലാദവും അഭിനന്ദനവും

**ബിഷപ് ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
മാവേലിക്കര ഭദ്രാസന പ്രഥമ മെത്രാപ്പോലീത്താ

എന്റെ ഇടവകാംഗവും അയൽവാസിയും കുടുംബ സുഹൃത്തും കുഞ്ഞനുജനുമാണ് നവാഭിഷിക്തനായ ആബൂൻ യൂഹാനോൻ മാർ അലക്സിയോസ് തിരുമേനി. വന്ദ്യ പിതാവിന്റെ പുതിയ നിയോഗത്തിൽ കാരുണ്യവാനായ ദൈവത്തിന് നന്ദി കരേറ്റുന്നു. പ്രാർത്ഥനയോടെ അഭിനന്ദനം അറിയിക്കുന്നു.

ശ്രേഷ്ഠാചാര്യ ശുശ്രൂഷയിൽ നിന്ന് ഞാൻ ഔദ്യോഗികമായി വിരമിച്ച വർഷം തന്നെ എന്റെ ഇടവകയിൽ നിന്ന് മഹാചാര്യ സ്ഥാനത്തേക്ക് അദ്ദേഹം ഉയർത്തപ്പെടുന്നു എന്നതിൽ ഞാൻ അതീവ സന്തോഷത്തിലാണ്. ആഹ്ളാദത്തിന്റെ ഈ അവസരത്തിൽ അച്ചന് ജന്മം നൽകിയ മാതാപിതാക്കൾ, അച്ചന്റെ അനുജൻ രാജീവ്, അച്ചന്റെ പിതൃ സഹോദരനും എന്റെ സഹപാഠിയുമായ ജോർജ് എന്നിവരെ ഹൃദയപൂർവ്വം ഓർക്കുന്നു.

മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന് കൊട്ടാരക്കരയിൽ ധീരമായി സാക്ഷ്യം നൽകിയ നാല് ആദ്യകാല കുടുംബങ്ങളിൽ ഒന്നായ വെങ്കലക്കട കുടുംബത്തിൽപ്പെട്ട കുറ്റിയിൽ കുടുംബത്തിൽ നിന്നാണ് വന്ദ്യ പിതാവ് എന്നത് അഭിമാനകരമാണ്. സഭയോടൊത്ത് ജീവിച്ച പൂർവ്വ പിതാക്കന്മാരുടെ യോഗ്യനായ പിന്തുടർച്ചക്കാരനായി അദ്ദേഹത്തെ ഞാൻ കാണുന്നു.

സ്കൂൾ കുട്ടിയായിരിക്കുമ്പോൾ തന്നെ ഉത്സാഹ ശീലവും ദൈവാശ്രയവും അദ്ദേഹത്തിൽ ശ്രദ്ധേയമായിരുന്നു. പ്രായത്തിൽ കവിഞ്ഞ ചിട്ടയും അടുക്കും പക്വമായ പെരുമാറ്റ രീതികളും അന്നേ ഉണ്ടായിരുന്നു. ബുദ്ധി കൂർമ്മതയുള്ള വിദ്യാർഥിയായും എപ്പോഴും മുൻപന്തിയിൽ നിൽക്കുന്ന അൾത്താര ശുശ്രൂഷിയായും തന്റെ വിദ്യാർത്ഥി കാലത്തെ അദ്ദേഹം വേറിട്ടതാക്കി.

അദ്ദേഹത്തിൽ പ്രകടമായിരുന്നു നന്മയും പരോപകാര മനോഭാവവും അധ്വാന ശീലവും സെമിനാരി പരിശീലന കാലഘട്ടത്തിൽ വളരെയേറെ സഹായകരമായി. സഹപാഠികളെ ഒരുമിച്ച് ചേർത്ത് ടീം സ്പിരിറ്റോടെ പ്രവർത്തിക്കാൻ സെമിനാരി പഠന കാലം അദ്ദേഹത്തെ സഹായിച്ചു.

2008 ഏപ്രിൽ 02 ന് നടന്ന അച്ചന്റെ വൈദികാഭിഷേകം വളരെയേറെ ഹൃദയാഹ്ളാദത്തോടെയാണ് കിഴക്കേത്തെരുവ് ഇടവക ആഘോഷിച്ചത്.

അജപാലന ശുശ്രൂഷയിലുടനീളം ഏറെ അവസരങ്ങൾ അദ്ദേഹത്തിന് ലഭിച്ചു. ബാവാ തിരുമനസിന്റെ സെക്രട്ടറിയായും മൈനർ സെമിനരി റെക്ടറായും പാളയം സമാധാന രാഞ്ജി ബസിലിക്കയുടെ റെക്ടറായും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ചാൻസലറായും അച്ചൻ പ്രാഗത്ഭ്യത്തോടെ സേവനം അനുഷ്ഠിച്ചു.

റോമിലെ ഓറിയന്റൽ ഇൻസ്റ്റിട്യൂട്ടിൽ പൗരസ്ത്യ സഭാനിയമത്തിൽ ഗവേഷണം നടത്തുവാനും ഉജ്വലമായ നിലയിൽ ഡോക്ടറേറ്റ് കരസ്ഥമാക്കുവാനും വന്ദ്യപിതാവിന് സാധിച്ചു. ആഗോള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയങ്ങളും പുരാതന പ്രശസ്തങ്ങളായ ദേവാലയങ്ങൾ, സഭാ സംവിധാനങ്ങൾ, ചരിത്ര സ്മാരകങ്ങൾ എന്നിവ കണ്ട് മനസിലാക്കുവാനും സാംശീകരിക്കുവാനും റോമിലെ ഉപരിപഠനകാലത്ത് അദ്ദേഹത്തിന് സാധിച്ചു. മൂലഭാഷകളും ആധുനിക ഭാഷകളും അനായാസം പഠിക്കുവാനും ഇക്കാലയളവിൽ അദ്ദേഹത്തിന് സാധിച്ചു.

തിരുവനന്തപുരം നഗരത്തിലും പ്രാന്തപ്രദേശങ്ങളിലുമുള്ള ദേവാലയങ്ങളിൽ വികാരിയായി അദ്ദേഹം സേവനം ചെയ്തു. നഗരത്തിന്റെ പരിഷ്കൃത ശീലങ്ങളും ഇടത്തരക്കാരുടെ നൈസർഗിക ശീലങ്ങളും സമഭാവനയോടെ അദ്ദേഹം കൈകാര്യം ചെയ്തു. ദൈവിക നീതിയും കരുണയും സ്നേഹത്തിന്റെ കരുതൽ ഭാവത്തിൽ അച്ചൻ പ്രാവർത്തികമാക്കി. ദു:ഖിതരുടെയും പരിത്യക്തരുടെയും ഇല്ലായ്മകളിൽ അച്ചൻ താദാത്മ്യം പ്രാപിച്ചു. അനേകരുടെ സന്മനസ്സും ദീനാനുകമ്പയും പാവങ്ങളുടെ കണ്ണീരൊപ്പുവാൻ അദ്ദേഹം വിനിയോഗിച്ചു.

ആരാധനാ ക്രമം അതിന്റെ ചാരുതയോടും ചിട്ടയോടും ഭക്തിയോടും അനുഷ്ഠിക്കുവാൻ

അദ്ദേഹം പ്രത്യേകം ശ്രദ്ധിക്കുന്നു. അർത്ഥം അറിഞ്ഞും ഹൃദയഹാരിയായും ഉച്ചാരണ ശുദ്ധിയോടെയും അദ്ദേഹം തിരുകർമ്മങ്ങൾ നിർവ്വഹിക്കുന്നു. സഭാതല MC എന്ന നിലയിൽ അച്ചന്റെ നിയമനം ഇത്തരത്തിലുള്ള നന്മകൾക്ക് മലങ്കര സഭ നൽകുന്ന അംഗീകാരമാണ്.

പഠിച്ച വിഷയങ്ങൾ ആർജ്ജവത്തോടെയും ആകർഷകമായും പഠിപ്പിക്കുവാൻ അച്ചന് സവിശേഷമായ കഴിവുണ്ട്. സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിലും മലങ്കര മേജർ സെമിനാരിയിലും നിരവധി സന്യസ്ത- വൈദിക പരിശീലന കേന്ദ്രങ്ങളിലും അച്ചൻ ക്ളാസ്സുകൾ എടുക്കുകയും പരിശീലന വഴികളിൽ അർത്ഥികൾക്ക് ഇഷ്ടപ്പെട്ട ഗുരുവായും അച്ചൻ ശോഭിച്ചു. യുവതലമുറയുടെ സമീപനങ്ങളും അഭിനിവേശങ്ങളും വേഗം തിരിച്ചറിയുവാനും ഭാവാത്മകമായ മാതൃകാ പാഠങ്ങൾ അവരുടെ മുൻപിൽ അവതരിപ്പിക്കുവാനും അദ്ദേഹത്തിന് സാധിച്ചു. ആഴത്തിലുള്ള വായനയും സൂക്ഷ്മമായ നിരീക്ഷണ പാടവവും അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിന് ആധികാരികത നൽകി.

കുലീനമായ പെരുമാറ്റവും ഔദ്യോഗിക കാര്യ നിർവ്വഹണത്തിൽ തികഞ്ഞ മികവും അദ്ദേഹം കാണിക്കുന്നു. സൂക്ഷ്മതയോടെ കാര്യങ്ങൾ പഠിക്കുവാനും അവധാനതയോടെ അവ നടപ്പിലാക്കുവാനും മനുഷ്യബന്ധങ്ങളിൽ ഊഷ്മളത നിലനിർത്തുവാനും അദ്ദേഹം ശ്രദ്ധിച്ചു.

കലുഷിതമായ വർത്തമാനകാല കാലയാഥാർഥ്യങ്ങൾ ക്രൈസ്തവികതയ്ക്ക് വെല്ലുവിളികൾ ഉയർത്തുമ്പോൾ ശ്രേഷ്ഠാചാര്യ ശുശ്രൂഷ എളുപ്പമല്ല എന്ന യാഥാർഥ്യം അദ്ദേഹത്തിന് മുന്നിലുണ്ട്. അച്ചൻ ആർജിച്ച വിശ്വാസ ജീവിതവും ജീവിത പാഠങ്ങളും മുൻപോട്ടുള്ള ജീവിത യാത്രയ്ക്കു വലിയ കരുത്ത് പകരും.

പൊതുസമൂഹത്തിന്റെ കാവലാളും കരുണയുടെ അപ്പോസ്റ്റലനുമാകുവാൻ വിളിക്കപ്പെട്ട വന്ദ്യ പിതാവിന് എല്ലാവിധ ദൈവാനുഗ്രഹങ്ങളും സമൃദ്ധമായി നേരുന്നു. നിയോഗ ശുദ്ധിയോടെ വചനത്തിന്റെ ഉപാസകനാകുവാനും കൂദാശയുടെ വിശ്വസ്ത പരിചാരകനാകുവാനും ദൈവജനത്തിന്റെ ചങ്കുറപ്പുള്ള നേതാവാകുവാനും അങ്ങേക്ക് സാധിക്കട്ടെ.

ദൈവത്തിന്റെ കരുണ ഉദാരമായി പകരുവാനും സുവിശേഷത്തിന്റെ സാക്ഷിയായി ജീവിതം അർത്ഥ പൂർണ്ണമാക്കുവാനും അങ്ങേക്ക് സാധിക്കട്ടെ.



www.malankaralibrary.com



# മേൽപ്പട്ട ശുശ്രൂഷ
## ദൈവ ശുശ്രൂഷ
## ദൈവജന ശുശ്രൂഷ



**ബിഷപ് ഡോ. ഗീവർഗീസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ**
പുത്തൂർ ഭദ്രാസനാധ്യക്ഷൻ

www.malankaralibrary.com


ദൈവത്തിന്റെ അനന്തപദ്ധതി നിറവേറുന്നതു കാണുകയും അതിൽ നിന്ന് വലിയ സന്തോഷവും ആത്മനിർവൃതിയും ഉളവാകുകയും ഒരവസരമാണിത്. മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് രണ്ടു പുതിയ മേൽപ്പട്ടക്കാരെ ദൈവം തെരഞ്ഞെടുത്തിരിക്കുന്നു. യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേറ്ററായി നവാഭിഷിക്തനായ ആബൂൻ കുര്യാക്കോസ് മാർ ഒസ്താത്തിയോസ് തിരുമേനിക്കും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സഹായമെത്രാനായി അഭിഷിക്തനായ ആബൂൻ യൂഹാനോൻ മാർ അലക്സിയോസ് തിരുമേനിക്കും പ്രാർത്ഥനാ മംഗളങ്ങൾ!

അഭിവന്ദ്യനായ ഒസ്താത്തിയോസ് തിരുമേനി മൈനർ സെമിനാരി കാലഘട്ടം മുതൽ എന്റെ തൊട്ടടുത്ത ബാച്ചിൽ പഠിച്ചയാളാണ്. പിന്നീട് വൈദികരായപ്പോഴും തിരുവല്ലാ, ബത്തേരി, പുത്തൂർ ഭദ്രാസനങ്ങളിലൊക്കെയായി ആ ഊഷ്മള ബന്ധം തുടർന്നു. മേജർ സെമിനാരിയിൽ അധ്യാപകരായി ഒരുമിച്ചുണ്ടായിരുന്ന കാലഘട്ടവും ഞങ്ങളുടെ ബന്ധത്തെ സുദൃഢമാക്കി. അദ്ദേഹത്തിന് ഇപ്പോൾ ലഭിച്ചിരിക്കുന്ന ഈ നിയോഗത്തെ അനന്തമായ ദൈവപദ്ധതിയുടെ ഭാഗമായി കാണാനാണ് ഞാൻ ആഗ്രഹിക്കുന്നത്. സഭ ഏൽപ്പിച്ച ആ നിയാഗത്തിന് പൂർണ്ണമനസോടെ സമ്മതം നൽകി അതേറ്റെടുത്തുവെന്നത് ദൈവകൃപ സമൃദ്ധമായി അദ്ദേഹത്തിന്റെ മേൽ ചൊരിയപ്പെടാൻ ഇടയാക്കട്ടെ.

വൈദിക മേലദ്ധ്യക്ഷസ്ഥാനം ഇടയശുശ്രൂഷയുടെ ഏറ്റവും മഹോന്നതമായ ഒരു തലമാണ്. ഭാഗ്യസ്മരണാർഹനായ സിറിൽ ബസേലിയോസ് കാതോലിക്കാബാവാ തിരുമേനി ബത്തേരിയിൽ ഭദ്രാസനാധ്യക്ഷസ്ഥാനം ഏറ്റെടുത്തപ്പോൾ പങ്കുവച്ച ഒരു ചിന്ത ഞാനോർക്കുന്നു: 'മേൽപ്പട്ട സ്ഥാനമെന്നത് ദൈവിക പുണ്യങ്ങളായ വിശ്വാസം, സ്നേഹം, ശരണം എന്നിവയിൽ ആഴപ്പെടാനും ആഴപ്പെടുത്താനുമുള്ള ഒരു വിളിയാണ്.' സ്വർഗരാജ്യത്തിലെ ഏറ്റവും വലിയവൻ ആരെന്നുള്ള ചോദ്യത്തിന് ദൈവശാസ്ത്രം നൽകുന്ന ഒരുത്തരമായി ഞാൻ കാണുന്നത്, ആര് ഏറ്റവും കൂടുതൽ വിശ്വസിക്കുന്നുവോ ആര് ഏറ്റവും കൂടുതൽ സ്നേഹിക്കുന്നുവോ ആര് ഏറ്റവും കൂടുതൽ പ്രത്യാശിക്കുന്നുവോ അവനാണ് സ്വർഗരാജ്യത്തിലെ ഏറ്റവും വലിയവൻ എന്നതാണ്. മേൽപ്പട്ടസ്ഥാനത്തെത്തുന്നവരുടെ അടിസ്ഥാനപരമായ ഒരു നിയോഗമാണ് ദൈവിക പുണ്യങ്ങളിൽ സ്വയം വളരുക, ദൈവജനത്തെ വളർത്തുക എന്നത്. നമ്മുടെ വ്യക്തിപരമായ താൽപ്പര്യങ്ങൾക്കപ്പുറം ദൈവനിയോഗത്തെയും സഭയുടെ നിയോഗത്തെയും ഏറ്റെടുത്ത് അത് ഫലദായകമാക്കിത്തീർക്കാൻ കഴിയുന്നത് ഈ പുണ്യങ്ങളിലുള്ള വളർച്ചയുടെ അടിസ്ഥാനത്തിലാണ്.

പ്രിയപ്പെട്ട ഒസ്താത്തിയോസ് തിരുമേനിയുടെ ജീവിതം ഇത്തരത്തിൽ രൂപപ്പെട്ടിട്ടുള്ള ഒന്നാണ്. അദ്ദേഹത്തിന്റെ സമർപ്പണവും കാഴ്ചപ്പാടും ചിന്തകളും സഭയോടു ചേർന്നുള്ള ജീവിതവുമൊക്കെ അദ്ദേഹത്തിൽ ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ശുശ്രൂഷയിൽ ഏറ്റവും അനുകൂല ഘടകങ്ങളാണ്. വ്യക്തിപരമായി ഞാനദ്ദേഹവുമായി അടുത്ത ബന്ധം സൂക്ഷിച്ചിട്ടുണ്ട്. അത് പരസ്പരം കൂടുതൽ മനസ്സിലാക്കാൻ ഞങ്ങളെ സഹായിച്ചിട്ടുണ്ട്.

അദ്ദേഹത്തിൽ ഞാൻ കണ്ടിട്ടുള്ള ഒരു പ്രത്യേകത, സഭയെ വിട്ട് ഒരു ചിന്ത അദ്ദേഹത്തിനില്ല എന്നതാണ്. സയുടെ പാരമ്പര്യം, ആരാധനക്രമം, ദൈവശാസ്ത്രം തുടങ്ങിയവയോടെല്ലാം ഒരു ഹൃദയബന്ധം സൂക്ഷിക്കുന്നയാളാണദ്ദേഹം. സഭയുടെ ആനുകാലിക പ്രവർത്തനങ്ങളിലെല്ലാം വളരെ താൽപ്പര്യത്തോടെ നേരിട്ട് ഉൾച്ചേരുന്ന ഒരു ശൈലിയാണ് അദ്ദേഹത്തിന്റേത്. യൂറോപ്പിലെ അദ്ദേഹത്തിന്റെ ശുശ്രൂഷാ വേദിയിൽ ഇക്കാര്യങ്ങളൊക്കെ അദ്ദേഹത്തിനു തുണയാകും. പ്രാദേശിക സംസ്കാരത്തെ മാനിച്ചുകൊണ്ടും എന്നാൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പാരമ്പര്യങ്ങളെ മുറുകെപ്പിടിച്ചുകൊണ്ടും മുന്നോട്ടു പോകാൻ അദ്ദേഹത്തിനു കഴിയും. യൂറോപ്പിലാണെ

www.malankaralibrary.com


ങ്കിലും മലങ്കരയുടെ ആരാധനക്രമം വളർത്തുവാനും അതിനെ പരിപോഷിപ്പിക്കുവാനും അവിടെയുള്ള നമ്മുടെ സഭാമക്കൾക്ക് നമ്മുടെ സഭയുടെ തനിമയിൽ വിശ്വാസം ജീവിക്കാനുള്ള സാഹചര്യമൊരുക്കാനുമെല്ലാം അദ്ദേഹത്തിനാവും.

ആരാണ് ഒരു ക്രിസ്ത്യാനി എന്നു ചോദിച്ചാൽ അതിന് ചില ഉത്തരങ്ങൾ നമുക്കുണ്ട്. യേശുക്രിസ്തുവിനെ കർത്താവും രക്ഷകനും നാഥനുയമായി സ്വീകരിക്കുന്നവൻ എന്ന് നമുത്തരം പറയാൻ കഴിയും. എന്നാൽ എനിക്കതിനോടുള്ള പ്രതികരണം വ്യത്യസ്തമാണ്. ക്രിസ്തു ഈ ഭൂമിയിൽ വന്നത് പരിമിതികളുള്ള മനുഷ്യരെ അതൊക്കെ മറികടന്ന് സ്വർഗോൻമുഖരായി പരിവർത്തനപ്പെടുത്താൻ വേണ്ടിയാണ്. ആ പരിവർത്തനത്തിൽ പങ്കുചേർന്ന് നിരന്തരം ദൈവിക പുണ്യങ്ങളിലും ദൈവസ്നേഹത്തിലും വളരുന്നവനും വളർത്തുന്നവനുമാണ് ഒരു ക്രിസ്ത്യാനി. അങ്ങനെ വളർത്തുന്ന കാര്യത്തിൽ അഭിവന്ദ്യനായ ഒസ്താത്തിയോസ് തിരുമേനി ഏറെ തീക്ഷ്ണമതിയാണ്. സ്വതസിദ്ധമായ അഭിപ്രായങ്ങളിലൂടെ, മാർഗനിർദ്ദേശങ്ങളിലൂടെ, തമാശകളിലുടെ, കൺസ്ട്രക്ടീവായ വിമർശനങ്ങളിലൂടെയൊക്കെ സഭാദർശനത്തിൽ വളരാനും വളർത്താനും അദ്ദേഹം ബദ്ധശ്രദ്ധനാണ്. സാമൂഹ്യപ്രതിബദ്ധതയും വേദനിക്കുന്നവർക്കൊപ്പമായിരുന്നുകൊണ്ട് അവരെ കൈ പിടിച്ചുയർത്താനുള്ള മനസുമൊക്കെ അദ്ദേഹത്തിൽ അന്തർലീനമാണ്.

സെമിനാരിയിൽ അധ്യാപകനായിരുന്ന കാലത്ത് സെമിനാരി വിദ്യാർത്ഥികൾക്ക് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആരാധനക്രമവും പൈതൃകവും സുറിയാനി ഭാഷയും പാരമ്പര്യങ്ങളുമൊക്കെ പഠിപ്പിച്ചു കൊടുക്കാൻ അദ്ദേഹം എടുത്തിട്ടുള്ള പരിശ്രമങ്ങൾ ശ്ലാഘനീയമാണ്. അതിനോടദ്ദേഹം പുലർത്തിയിട്ടുള തീക്ഷ്ണതയും വിശ്വസ്തതയും എടുത്തു പറയേണ്ടതാണ്. മലങ്കര സഭയുടെ പാരമ്പര്യങ്ങൾ അഭംഗുരം പരിപാലിക്കപ്പെടണമെന്നുള്ള തീവ്രമായ സഭാസ്നേഹത്തിൽ നിന്നാണ് ആ തീക്ഷ്ണത ഉടലെടുത്തിട്ടുള്ളത്. ആ സഭാസ്നേഹം അദ്ദേഹത്തിന്റെ ശുശ്രൂഷാ വേദികളിൽ അദ്ദേഹത്തിന് തുണയാകുമെന്നതിൽ സംശയമില്ല.

പൗരോഹിത്യത്തിന്റെ ഉന്നത ശ്രേണിയാണ് മേൽപ്പട്ടസ്ഥാനം. കർത്താവിന്റെ പൗരോഹിത്യമെന്നത് അവിടുത്തെ കുരിശിന്റെ ബലിയാണ്. ദൈവമായിരുന്നവൻ സ്വയംതാഴ്ത്തി ദാസന്റെ രൂപത്തിൽ കാൽവരിമലയിൽ കുരിശിൽ അർപ്പിച്ച ബലി വഴിയാണ് രക്ഷ സാധ്യമായത്. സ്വയം സമർപ്പിക്കുന്ന, സ്വയം താഴ്ത്തുന്ന ഒരു ബലിയുടെ അനുഭവമാണ് മേൽപ്പട്ട ശുശ്രൂഷയും. 'സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും (യോഹന്നാൻ 12 : 24). ബലിവസ്തുവായി പൗരോഹിത്യം മാറണം. "The more you deny to yourself, the more you become ministerial". ആ വഴിയാണ് പൗരോഹിത്യത്തിന്റെ ശൈലി. വി. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ ദൈവത്തിൽ നിന്നു കിട്ടിയ കൃപാവരത്തെ നാം ജ്വലിപ്പിച്ച് മുന്നേറണം. എളിമയുടെ പൂരോഹിത്യത്തെ ഉജ്ജ്വലിപ്പിച്ച് മുന്നേറാൻ അഭിവന്ദ്യനായ ഒസ്താത്തിയോസ് തിരുമേനിക്ക് കഴിയുമാറാകട്ടെ.

വേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന ലോകവും മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന മനുഷ്യരും ചിന്തകളും ഒക്കെയുള്ള ഒരു പശ്ചാത്തലത്തിലാണ് വന്ദ്യപിതാവ് തന്റെ മേൽപ്പട്ട ശുശ്രൂഷയാരംഭിക്കുന്നത്. അപ്രകാരമുള്ള മാറ്റങ്ങൾക്കിടയിൽ മാറ്റമില്ലാത്ത സത്യമായ ക്രിസ്തുവിനേയും അവന്റെ സുവിശേഷ മൂല്യങ്ങളേയും പ്രഘോഷിക്കുക ഏറെ ശ്രമകരമാണ്. പരിശുദ്ധാത്മാവ് അതിനുള്ള ജ്ഞാനവും പ്രാപ്തിയും കൃപകളും വന്ദ്യപിതാവിന് നൽകട്ടെ

www.malankaralibrary.com



# പ്രിയ സുഹൃത്തിന് ``ഓക്സിയോസ്''

റവ. ഫാ. മാത്യു പുനക്കുളം

www.malankaralibrary.com


യൂറോപ്പിന്റെ അപ്പസ്തോലിക് വിസിറ്റേറ്ററായി നിയമിതനായിരിക്കുന്ന അഭിവന്ദ്യ മാർ കുര്യാക്കോസ് തടത്തിൽ പിതാവിനും തിരുവനന്തപുരം മേജർ അതിരൂപതയുടെ സഹായ മെത്രാനായി നിയമിതനായിരിക്കുന്ന അഭിവന്ദ്യ യൂഹാനോൻ പിതാവിനും എന്റെ ഹൃദയം നിറഞ്ഞ പ്രാർത്ഥനാശംസകൾ!. അഭിവന്ദ്യ മാർ കുര്യാക്കോസ് തടത്തിൽ പിതാവിനെ വായനക്കാർക്ക് പരിചയപ്പെടുത്തുവാനാണ് ക്രൈസ്തവകാഹളം ആവശ്യപ്പെട്ടിരിക്കുന്ന കർത്തവ്യം. അതിനായി എന്നെ തിരഞ്ഞെടുത്തതിൽ ഞാൻ അഭിമാനിക്കുന്നു. പിതാവിന്റെ സമാകാലികനും ഒരു ആത്മസുഹൃത്തും ആയതുകൊണ്ടാണ് ഈ നിയോഗം എന്നെ ഭരമേൽപ്പിച്ചിരിക്കുന്നതെന്ന് വിചാരിക്കുന്നു.

1977 ൽ തിരുവല്ല മൈനർ സെമിനാരിയിൽ വച്ചു നടത്തിയ ദൈവവിളി ധ്യാനത്തിൽ കണ്ടുമുട്ടിയ അമയന്നൂർക്കാരൻ സണ്ണി അന്നു മുതൽ എന്റെ അടുത്ത സുഹൃത്തായി ഇന്നും കൂടെയുണ്ട്. 1978 ൽ ഞാൻ സെമിനാരിയിൽ ചേരുമ്പോൾ അദ്ദേഹം എന്റെ ഒരു വർഷം സീനിയർ ആയിരുന്നു. മൈനർ സെമിനാരിയിൽ നിന്നും തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനത്തിനായി ആലുവ പൊന്തിഫിക്കൽ സെമിനാരിയിലേക്ക് എന്നെ തെരഞ്ഞെടുത്തപ്പോൾ എന്റെ ഏറ്റവും വലിയ സന്തോഷം ഉറ്റ സുഹൃത്ത് അവിടെ എനിക്ക് സഹായമായി ഉണ്ടല്ലോ എന്നതായിരുന്നു. ഞങ്ങൾ തമ്മിലുള്ള സൗഹൃദത്തിന്റെ ഇഴയടുപ്പം വ്യക്തിപരമായ കാര്യങ്ങൾ സംസാരിക്കുന്നതിനും പലപ്പോഴും എനിക്ക് തിരുത്തലുകൽ നൽകുന്നതിനും ബലമായി കൂടെ നിൽക്കുന്നതിന് ഇടയായിട്ടുണ്ട്. അതുപോലെ തടത്തിൽ കുടുംബം എന്റെ സ്വന്തം കുടുംബം പോലെ ഇന്നും ഹൃദയത്തിൽ സൂക്ഷിക്കുന്നു. വളരെ അടുത്ത സൗഹൃദം ആയതുകൊണ്ട് ഞങ്ങൾ ഒരുമിച്ച് ധാരാളം യാത്രകളും ചെയ്തിട്ടുണ്ട്. അതിനാൽ എന്റെ ഈ ലേഖനത്തിൽ താത്വികമായ ഒരു അവലോകനം അല്ല ഞാൻ ഉദ്ദേശിക്കുന്നത് പിന്നയോ അഭിവന്ദ്യപിതാവിന്റെ വ്യക്തിത്വത്തിൽ ഞാൻ കണ്ട സദ്ഗുണങ്ങൾ വായനക്കാരെ അറിയിക്കുക എന്നുള്ളത് മാത്രമാണ് എന്റെ ഉദ്ദേശം.

**1. പൗരോഹിത്യത്തോടുള്ള അഭിനിവേശം**

സെമിനാരിക്കാലം മുതലേ പൗരോഹിത്യം നേടിയെടുക്കുവാൻ ഉള്ള ഒരു അഭിലാഷം അദ്ദേഹത്തിനുണ്ടായിരുന്നു. പുരോഹിതനായ ശേഷം പൗരോഹിത്യത്തോടുള്ള അഭിനിവേശം ഒരു അഭിമാനമായി മാറിയതിനും ഞാൻ സാക്ഷിയാണ്. പൗരോഹിത്യത്തിന്റെ അന്തസ്സിനു ചേരാത്ത, നിരക്കാത്ത ഒന്നും തന്നിലും തന്റെ ചുറ്റുപാടിലും ഉണ്ടാകുവാൻ പാടില്ല എന്ന ഒരു നിഷ്ഠ അദ്ദേഹത്തിന് എപ്പോഴും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ വൃത്തിയും വെടിപ്പും ഞങ്ങൾ ഏറെ ശ്രദ്ധിച്ചിരുന്നു. വിശുദ്ധ മദ്ബഹയും ദേവാലയവും താമസിക്കുന്ന മുറിയും ഉപയോഗിക്കുന്ന വാഹനവും ധരിക്കുന്ന വസ്ത്രങ്ങളും എന്തിനേറെ കീശയിലുള്ള പേഴ്സും അതിലെ നോട്ടുകളും വൃത്തിയുള്ളതായിരിക്കണം എന്ന പ്രത്യേകമായ ഒരു ശ്രദ്ധ കൗതുകത്തോടെ ഞാൻ നിരീക്ഷിച്ചിട്ടുണ്ട്. സഹവൈദീകർ അതിഥികളായി എത്തുന്നത് അദ്ദേഹത്തിന് വളരെ സന്തോഷമായിരുന്നു. തന്റെ അച്ചന്മാർക്ക് നല്ല ഭക്ഷണവും വിശ്രമവും തന്റെ താമസസ്ഥലത്ത് ഉണ്ടാകണമെന്ന് അദ്ദേഹം പ്രത്യേകം നിഷ്കർഷിച്ചിരുന്നു. പെരുന്നാളുകൾക്ക് അദ്ദേഹം നേരത്തെ തന്നെ എത്തുകയും അവിടുത്തെ വികാരിമാർക്ക് പിൻബലമായി നിൽക്കുകയും ചെയ്യുക പതിവായിരുന്നു. ക്രിസ്തുവിന്റെ മഹാപൗരോഹിത്യത്തിൽ തന്നോടൊപ്പം പങ്കാളികളായ വൈദീകരോട് ഉള്ള അദ്ദേഹത്തിന്റെ ഈ സ്നേഹവും ശ്രദ്ധയും സ്വന്തം പൗരോഹിത്യത്തിലുള്ള അഭിമാനബോധത്തിന്റെ മകുടോദാഹരണമായതുകൊണ്ടാണ് ഞാൻ ആദ്യം അത് തന്നെ എഴുതുവാൻ ആഗ്രഹിച്ചത്.

**2. ആരാധനയെ ആനന്ദത്തോടെ ആരാധിക്കുന്ന മഹാപുരോഹിതൻ**

അഭിവന്ദ്യ മാർ കുര്യാക്കോസ് തടത്തിൽ പിതാവിന്റെ വിശുദ്ധ കുർബാന അർപ്പണത്തോടും ആരാധനാക്രമത്തോടും ഉള്ള നിഷ്ഠ ആരെയും അത്ഭുതപ്പെടുത്തുന്നതാണ്. അതിപുരാതനമായ ആരാധനക്രമത്തിലെ ഓരോ വരികളും ആരാധനക്രമം ആഘോഷിക്കുവാനുള്ള രീതികളും മഹാതാപസന്മാരായ

www.malankaralibrary.com


സഭാപിതാക്കന്മാർ നോമ്പിന്റെ വിശുദ്ധിയിലൂടെയും പ്രാർത്ഥനയുടെ ചൈതന്യത്തിലൂടെയും പരിശുദ്ധാത്മാവിന്റെ പ്രേരണയിലൂടെ ദൈവമക്കളുടെ ദൈവ സംസർഗ്ഗത്തിനായി നേടിയെടുത്ത അമൂല്യ അനുഗ്രഹസ്രോതസ്സുകൾ ആണ് എന്നതാണ് അദ്ദേഹത്തിന് ആരാധനാക്രമത്തിനോടുള്ള സമീപനം. ആരാധനക്രമ ആഘോഷത്തിലും ആരാധനക്രമ സംഗീത ആലാപനത്തിലും സൂക്ഷ്മതയും കൃത്യതയും വ്യക്തതയും മനോഹാരിതയും സമഞ്ജസമായി സമ്മേളിപ്പിക്കുവാൻ അദ്ദേഹം കാണിച്ചിരുന്ന അനിതര സാധാരണമായ ശ്രദ്ധ തിരിച്ചറിഞ്ഞിട്ടാണ് സഭ അദ്ദേഹത്തെ മലങ്കര സെമിനാരിയുടെ റെക്ടർ ആക്കിയതും ഇപ്പോൾ മഹാ പൗരോഹിത്യത്തിലേക്ക് ഉയർത്തുന്നതും. സഭാതലത്തിൽ നടന്നിട്ടുള്ള മൂറോൻ വാഴ്ത്തൽ കൂദാശയിലും മിക്ക മെത്രാഭിഷേകങ്ങളിലും ആരാധനാക്രമത്തിന്റെ ക്രമവും രീതികളും അർത്ഥതലങ്ങളും വിശ്വാസികൾക്ക് വ്യക്തമാക്കി കൊടുക്കുവാനുള്ള ചുമതലയും പലപ്രാവശ്യം അദ്ദേഹം വഹിച്ചിട്ടുണ്ട്. ഇതിനായി രാത്രി വൈകിയും സഭാപിതാക്കന്മാരുടെ പുസ്തകൾ പഠിക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ട്.

### 3. നോമ്പിനായുള്ള കാത്തിരിപ്പ്

നോമ്പുകാലം സമീപിക്കുമ്പോൾ മിക്കവർക്കും നോമ്പടുത്തല്ലോ എന്നുള്ള പരിഭവം ഉണ്ടാകാറുണ്ട്. എന്നാൽ ഞാൻ അടുത്തറിഞ്ഞ കുര്യക്കോസ് തടത്തിൽ അച്ചൻ നോമ്പുകാലം വരുമ്പോഴേക്കും വളരെയധികം സന്തോഷം പങ്കുവെച്ചിരുന്ന വൈദീകനായിരുന്നു. നോമ്പുകാലത്തിൽ സഭ പറയുന്ന നിഷ്ഠകൾക്കും ത്യാഗങ്ങൾക്കും യാമപ്രാർത്ഥനകൾക്കും അപ്പുറത്തേക്ക് നോമ്പുകാലത്തെ വ്രതബദ്ധമായി അനുഭവിക്കുവാൻ അദ്ദേഹത്തിലുള്ള താത്പര്യം സഭയുടെ ചൈതന്യത്തിന്റെ ഒരു സ്രോതസ്സ് കൂടിയാണ്. പൗരോഹിത്യത്തെയും ആരാധനക്രമത്തെയും നോമ്പിനെയും സ്വന്തം ജീവനേക്കാൾ വില കൊടുത്തു ശ്രദ്ധയോടെ സമീപിക്കുന്ന എന്റെ വന്ദ്യ സുഹൃത്ത് മലങ്കര സുറിയാനി കത്തോലിക്കാസഭ, ആരാധനക്രമ വർഷമായി ആചരിക്കുന്ന ഈ വർഷത്തിൽ മേൽപ്പട്ട സ്ഥാനത്തേക്ക് ഉയർത്തപ്പെടുമ്പോൾ അദ്ദേഹത്തെ അടുത്തറിയാവുന്ന വൈദീക സഹോദരങ്ങൾക്കും അല്മായ സഹോദരങ്ങൾക്കും ഒപ്പം എന്റെ പ്രാർത്ഥനയും സ്നേഹാദരവുകളും അർപ്പിക്കട്ടെ!



www.malankaralibrary.com



# എന്റെ സഹപാഠി എന്റെ പിതാവ്

റവ. ഫാ. സ്റ്റീഫൻ ചെമ്പകത്തോപ്പുവിള

എനിക്ക് ഏറ്റവും പ്രിയപ്പെട്ട ജോൺ കുറ്റിയിൽ അച്ചൻ മേൽപ്പട്ട ശുശ്രൂഷയിലേക്ക് ഉയർത്തപ്പെട്ടു വെന്ന സദ്‌വാർത്ത കേട്ടയുടൻ ഞാൻ വളരെ അധികം സന്തോഷിച്ചു. ഫിലോസഫി പഠനം ആരംഭിച്ച 2000-ാം ആണ്ടു മുതൽ ഞാൻ കുറ്റിയിൽ അച്ചനെ 44 ബ്രദേഴ്സിൽ ഒരാളെന്ന നിലയിൽ പരിചയപ്പെടുകയുണ്ടായി. നാളുകളും മാസങ്ങളും കടന്നുപോയപ്പോൾ ജോൺ ശെമ്മാശനെ ഞാൻ കൂടുതൽ ആഴത്തിൽ അറിയുവാൻ തുടങ്ങി. സെന്റ് മേരീസ് മേജർ സെമിനാരിയിൽ ഫിലോസഫിയും തിയോളജിയും ഒരുമിച്ച് പഠിച്ച കാലത്ത് ധാരാളം മധുരിക്കുന്ന നിത്യഹരിതമായ അനുഭവങ്ങൾ ഞങ്ങൾക്ക് സ്വന്തമാക്കുവാൻ സാധിച്ചു.

**1. സർവകലാവല്ലഭൻ**

ഞങ്ങളുടെ സതീർത്ഥ്യൻ ജോൺ കുറ്റിയിൽ ശെമ്മാശ്ശൻ ഒരു ഉത്തമ കലാകാരൻ ആയിരുന്നു. നല്ല ഒരു ആർട്ടിസ്റ്റ്, നല്ല പാട്ടുകാരൻ, അഭിനയത്തിൽ നല്ല അതിശയിപ്പിക്കുന്ന മികവ് എല്ലാം കൂടി ഒരു സർവകലാവല്ലഭനായിരുന്നു. വൈദികനായ ശേഷം ഈ കലകളെല്ലാം മറ്റുള്ളവരിൽ വളർത്തുവാൻ നല്ല ഒരു കോ-ഓർഡിനേറ്ററായി മാറി.

**2. മികവുറ്റ കായികതാരം**

ജോൺ ശെമ്മാശൻ കലാകാരൻ എന്ന നിലയിൽ മാത്രമല്ല കായികത്തിലും തനതായ മുദ്ര പതിപ്പിച്ചിരുന്നു. ഫുട്ബാൾ, വോളിബോൾ, ബാസ്ക്കറ്റ്ബോൾ തുടങ്ങി ഗ്രൗണ്ടിൽ അരങ്ങേറുന്ന എല്ലാ മത്സരങ്ങളും അദ്ദേഹത്തിന് ഹരമായിരുന്നു.

**3. അതീവ ബുദ്ധിസാമർത്ഥ്യത്തിന്റെ ഉടമ**

പഠനത്തിൽ അതി സമർത്ഥനായ ശെമ്മാശനായിരുന്നു. 'ജോൺ കുറ്റിയിൽ ശെമ്മാശൻ' ഫിലോസഫി ആദ്യ വർഷം മുതൽ സെമിനാരി ജീവിതത്തിന്റെ അവസാന ഘട്ടം വരെ എല്ലാ വിഷയത്തിലും തന്നെ ആദ്യ റാങ്ക് വാങ്ങിച്ചു പാസ്സായ കൂർമ്മബുദ്ധിശാലിയായിരുന്നു അദ്ദേഹം. തന്റെ അറിവ് മറ്റുള്ളവർക്ക് പകർന്നു നൽകി മറ്റുള്ളവരുടെ വളർച്ചയിലും നിസ്വാർത്ഥമായി സന്തോഷിച്ച ഒരു വ്യക്തിയായിരുന്നു.

**4. എല്ലാം കോ-ഓർഡിനേറ്റ് ചെയ്യുന്നതിനുള്ള കഴിവിന്റെ ഉടമ**

എല്ലാ കഴിവും, പ്രഭാവവും, അറിവും, ബുദ്ധിയും നിറഞ്ഞ ഒരു വ്യക്തിയായിരുന്നു ജോൺ ശെമ്മാശൻ. സെമിനാരിയിൽ രണ്ടു തവണ പൊതു ലീഡറായി ശുശ്രൂഷ ചെയ്ത് മികവ് തെളിയിച്ചിരുന്നു. എല്ലാവരേയും ഒന്നു ചേർത്ത് മുന്നോട്ടുകൊണ്ടു പോകുവാനുള്ള അസാധാരണമായ മികവ് അദ്ദേഹത്തിൽ ഞാൻ ദർശിച്ചിട്ടുണ്ട്.

**3. ആദ്ധ്യാത്മിക ജീവിതം**

ആഴമായ പ്രാർത്ഥനാ അനുഭവം സിദ്ധിച്ച ഒരു വ്യക്തിയായിരുന്നു പ്രിയ ജോൺ ശെമ്മാശൻ. ആത്മീയ കാര്യങ്ങളിലെല്ലാം അതീവ തത്പരനായിരുന്നു. ഞങ്ങളുടെ സെമിനാരി പരിശീലനത്തിന്റെ ഭാഗമായ ആരാധന, സുവിശേഷ പ്രസംഗം തുടങ്ങിയവ കൃത്യമായ ഒരുക്കത്തോടെ വളരെ തന്മയത്വത്തോടെ നിർവഹിച്ചിരുന്നു. അങ്ങനെ എല്ലാ കാര്യങ്ങളിലും മാതൃകാപരമായ ജീവിതം നയിച്ച് അധികാരികളുടെയെല്ലാം പ്രീതിയ്ക്ക് പാത്രമായി മാറിയിരുന്നു.

**എന്റെ വ്യക്തിപരമായ അനുഭവം**

ഒരേ സെമിനാരിയിൽ ജീവിച്ചാലും തത്വശാസ്ത്ര വിദ്യാർത്ഥികളായിരുന്ന കാലങ്ങളിൽ ഞങ്ങൾക്ക് സാധാരണ പരിചയത്തിനപ്പുറം അടുത്ത് ഇടപഴകാനുള്ള അവസരം ലഭിച്ചിട്ടില്ല; കാരണം ഞങ്ങൾ വലിയ ഒരു ഗ്രൂപ്പായിരുന്നു. ഭാഷകൾ തമ്മിലുള്ള വ്യത്യാസം ഉണ്ടായിരുന്നു. എങ്കിലും കാലാകായിക രംഗങ്ങളിൽ ഒരുമിച്ചു വരികയും കൂടുതൽ സൗഹൃദത്തിലാവുകയും ചെയ്തിട്ടുണ്ട്.

തിയോളജി കാലത്താണ് ഞങ്ങൾ കൂടുതൽ സുഹൃത്തുക്കളായി മാറിയത്. അടുത്ത മുറികളിൽ താമസിക്കുകയും, ക്ലാസ് റൂമിൽ അടുത്തടുത്ത സീറ്റിൽ ഇരിക്കുകയും, ഭക്ഷണമുറിയിൽ ഒരേ മേശയിൽ ആയിരിക്കുകയും മൈതാത്ത് കളിക്കുമ്പോൾ ഒരേ ഗ്രൂപ്പിലും വിവിധ കലാപരിപാടികൾക്ക് ഒരേ സ്റ്റേജും പങ്കിടുവാൻ ഇടായതിനാൽ ആഴമായ ഒരു ബന്ധവും സൗഹൃദവും ഞങ്ങൾക്കിടയിൽ

വളർന്നു. ഭാഷയും, കഴിവുകളും, അഭിരുചികളും രൂപതയും വ്യത്യസ്ഥമായിരുന്നാലും വൈദിക വിദ്യാർദ്ധികളായിരുന്നപ്പോഴും തുടർന്നും ഞങ്ങൾക്കു തമ്മിൽ ഒരു ഹൃദയ ഐക്യം ഉണ്ടായിരുന്നു.

പൗരോഹിത്യ ജീവിതത്തിൽ പരസ്പരം അറിയുവാനും, ശക്തിപ്പെടുത്തുവാനും, പ്രാർത്ഥിക്കുവാനും ഞങ്ങളുടെ ഈ സൗഹൃദം ഇടയാക്കി. ഞാൻ മാർത്താണ്ഡം രൂപതയിൽ കുറ്റിയിൽ അച്ചൻ തിരുവനന്തപുരം രൂപതയിലും പൗരോഹിത്യം സ്വീകരിച്ചു. ഞങ്ങളുടെ ബാച്ച് മുഴുവനും പരസ്പരം അന്നുണ്ടായിരുന്ന സ്നേഹവും സൗഹൃദവും ഇന്നും കാത്തു സൂക്ഷിക്കുന്നു.

ബഹു. കുറ്റിയിലച്ചൻ ആദ്യമായി തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ അത്യഭിവന്ദ്യ കാതോലിക്കാ ബാവായുടെ സെക്രട്ടറിയായി നിയമിക്കപ്പെട്ടു. ഞാൻ ഏതെങ്കിലും കാര്യങ്ങൾക്ക് തിരുവനന്തപുരത്ത് എത്തുമ്പോൾ ഫോൺ വിളിച്ചാൽ, ബിഷപ് ഹൗസിൽ പോകുവാൻ നിർബ്ബന്ധിക്കുകയും, നിറഞ്ഞ സ്നേഹത്തോടെ നല്ല ഭക്ഷണങ്ങളും താമസ സൗകര്യവും ഏർപ്പാടി നൽകി പൗരോഹിത്യ സൗഹൃദം കൊടുക്കുന്നതിൽ എന്നും തൽപരനായിരുന്നു. പിന്നീട് ഏതാനും വർഷങ്ങളിൽ അദ്ദേഹം റോമിൽ ഉപരി പഠനത്തിനായി പോവുകയും വളരെ സ്തുത്യർഹമായ രീതിയിൽ പഠനം പൂർത്തിയാക്കി തിരിച്ചെത്തുകയും ചെയ്തു. ആ സമയത്ത് ഞാൻ മിഷൻ പ്രവർത്തനത്തിനായി പൂനാ രൂപതയിൽ ആയിരുന്നു. എപ്പോൾ വിളിച്ചാലും ഫോൺ എടുക്കുന്ന ഒപ്പം ഉള്ളവരെ മനസ്സിലാക്കുകയും, കരുതുകയും, ബഹുമാനിക്കുകയും, കൂടെ നിൽക്കുകയും ചെയ്യുന്ന ഉന്നതമായ വ്യക്തിത്വത്തിന് ഉടമയാണ് ജോൺ കുറ്റിയിൽ പിതാവെന്ന ഞങ്ങളുടെ കുറ്റിയിലച്ചൻ.

**സുവിശേഷ പ്രഘോഷണത്തിൽ തീക്ഷ്ണമതി**

കർത്താവിന്റെ സുവിശേഷം ലോകം മുഴുവൻ അറിയിക്കുവാനുള്ള നിയോഗം ഉള്ളിൽ പേറുന്ന ഒരു വന്ദ്യപുരോഹിതനാണ് കുറ്റിയിലച്ചൻ. സുവിശേഷ പ്രഘോഷണത്തിനായി താൻ ഇടയ ശുശ്രൂഷ ചെയ്ത ഇടവകകളിൽ എല്ലാം ബദ്ധശ്രദ്ധനായിരുന്നു. അതോടൊപ്പം മിഷണറിമാരുടെ കഷ്ടതകളും അരിഷ്ടതകളും എല്ലാം മസ്സിലാക്കി അവരെ തന്നാൽ ആവും വിധം പിന്തുണയ്ക്കുവാൻ പ്രോത്സാഹിപ്പിക്കുവാനുമുള്ള തീക്ഷ്ണതയും സിവിശേഷത്താൽ ദീപ്തമാക്കപ്പെട്ട നല്ലൊരു ഹൃദയവും അദ്ദേഹത്തിനുണ്ട്.

വ്യക്തിപരമായി ഏറെ സാക്ഷ്യങ്ങൾ എനിക്കുണ്ട്. ആന്ധ്രാ പ്രദേശത്ത് ഒരു മിഷനറിയായി ഞാൻ ശുശ്രൂഷ ആരംഭിക്കുന്നു എന്നറിഞ്ഞ് എന്നോട് പ്രത്യേകമായ സ്നേഹവും കരുതലും പ്രകടിപ്പിച്ചത് ഞാൻ വ്യക്തിപരമായി അനുഭവിച്ചിട്ടുണ്ട്. അദ്ദേഹം മൈനർ സെമിനാരിയിൽ ശുശ്രൂഷ ചെയ്തപ്പോഴും പാളയം ബസലിക്കായിലും, മണ്ണന്തല ഇടവകയിലും ശുശ്രൂഷ ചെയ്തപ്പോഴും ആന്ധ്രാമിഷനുവേണ്ടി അദ്ദേഹത്തോട് പല സഹായങ്ങളും പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടുണ്ട്.



www.malankaralibrary.com


അപ്പോഴെല്ലാം വളരെ സന്തോഷത്തോടെ അതെല്ലാം ശ്രവിക്കുകയും യാതൊരു ബുദ്ധി മുട്ടും പ്രകടിപ്പിക്കാതെ എന്നെ ഇടവകയിൽ ക്ഷണിക്കുകയും സാധിക്കുന്ന സഹായങ്ങൾ ഇടവകമക്കളുടെ സഹായത്തോടെ സന്തോഷ ത്തോടെ നൽകിയിട്ടുണ്ട്.

മിഷൻ ആവശ്യങ്ങൾക്കായി തിരുവനന്ത പുരത്ത് എത്തുന്ന സമയത്ത് എനിക്കും കൂടെ യുള്ളവർക്കും നല്ല ഭക്ഷണവും താമസ സൗകര്യവും ഒരുക്കിത്തരികയും തിരികെ പോകുമ്പോൾ യാത്രാ ചിലവും കയ്യിൽ തന്ന് വിടുകയും ചെയ്യുമായിരുന്നു.

കുറച്ചു നാളുകൾക്കു മുമ്പ് താൻ ശുശ്രൂഷ ചെയ്തിരുന്ന ഇടവകയിൽ എന്നെ ക്ഷണിക്കു കയും മിഷൻ അനുഭവങ്ങൾ പങ്കുവയ് ക്കാൻ ആവശ്യപ്പെടുകയും ബഹു. അച്ചൻ തന്നെ മുൻകൈയെടുത്ത് മിഷനെക്കുറിച്ച് ആധികാരികമായി ഇടവകാംഗങ്ങളോട് സംസാ രിച്ച് മിഷനിലെ പാവപ്പെട്ട ജനങ്ങൾക്ക് ഭവന നിർമാണത്തിനായും മറ്റു പല കാര്യങ്ങൾക്കും ഇടവകയിലെ വിവിധ ഭക്തസംഘടനകളിൽ നിന്നും പല സഹായങ്ങളും എത്തിച്ചുതരി കയും ചെയ്ത് മിഷനു വേണ്ടി അടിസ്ഥാനപ രമായ നിലപാടുകളെടുത്ത് ഏറെ ഹൃദയ സ്പർശി ആയിരുന്നു ബഹു. കുറ്റിയിൽ അച്ചൻ. എപ്പോൾ വേണമെങ്കിലും ഫോണിൽ ബന്ധ പ്പെടാവുന്ന സംശയ നിവാരണങ്ങൾ വരുത്തു വാനും പങ്കുവയ്ക്കുവാനും സമീപിക്കുവാനും സ്വാതന്ത്ര്യമുള്ള ഒരു വിളിപാടകലെയുള്ള ഒരു നല്ലാ സഹപാഠിയും സുഹൃത്തും ഉപദേ ശകനും ഒക്കെയാണ് ബാച്ചുകാരായ ഞങ്ങൾ ക്കെല്ലാവർക്കും.

മേൽപ്പട്ട ശുശ്രൂഷയ്ക്ക് അദ്ദേഹം തിര ഞ്ഞെടുക്കപ്പെട്ടു എന്ന വാർത്ത ആറിഞ്ഞ് ഞങ്ങൾ എല്ലാവരും ആത്മാർത്ഥമായി സന്തോഷിക്കുന്നു.

ഈ വാർത്ത ഞങ്ങൾക്ക് അത്ഭുതമായി രുന്നില്ല. കാരണം അദ്ദേഹം ഈ ശുശ്രൂഷയ്ക്ക് യോഗ്യനും അനുയോജ്യനുമാണെന്ന് ഞങ്ങൾക്ക് മുൻകൂട്ടി അറിയാമായിരുന്നു.

ജെറമിയാ പ്രവാചകനെ പ്രവാചക ശുശ്രൂ യ്ക്കായി വിളിച്ചപ്പോൾ ഞാൻ കേവലം ബാല നാണ് സംസാരിക്കാൻ എനിക്കു പാടവമില്ല എന്നു പറഞ്ഞപ്പോൾ വെറും ബാലനാണ് എന്ന് നീ പറയരുത്. ഞാൻ അയയ്ക്കുന്നിട ത്തേക്ക് നീ പോകണം. ഞാൻ കൽപിക്കുന്ന തെന്തും സംസാരിക്കണം... ഞാൻ നിന്നോ ടുകൂടെയുണ്ട്. (ജെറ. 1: 6-8) എന്ന് പറഞ്ഞ് അന്ന് പ്രവാചകനെ ശക്തിപ്പോടുത്തിയ ദൈവം ഇന്ന് അഭിവന്ദ്യ യൂഹാനോൻ മാർ അലക്സിയോസ് എപ്പിസ്കോപ്പ എന്ന ഞങ്ങളുടെ സഹപാഠിയെ കൂട്ടുകാരനെ എന്നന്നേക്കുമായി ശക്തിപ്പെടുത്തി അഭി ഷേകം ചെയ്യട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

അഭിവന്ദ്യ യൂഹാനോൻ മാർ അലക്സി യോസ് പിതാവിന് സഹപാഠികളുടെ പേരിൽ പ്രാർത്ഥനകളും മംഗളങ്ങളും നേരുകയാണ്. കർത്താവിന്റെ ഹൃദയത്തോടു ചേർന്നിരുന്ന പ്രേഷ്ഠ ശിഷ്യനായ വി. യോഹന്നാൻ ശ്ലീഹാ യെപ്പോലെ, കർത്താവിന്റെ ഹൃദയത്തിനിണ ങ്ങിയ ഒരിടയനായനായിരുന്നും എന്നും ദൈവത്തെ മഹത്വപ്പെടുത്തുവാൻ ഇടയാകട്ടെ. അങ്ങനെ മലങ്കര കത്തോലിക്കാ സഭയ്ക്കും ആഗോളസഭയ്ക്കും ജെസ്സെയുടെ കുറ്റിയിൽ നിന്ന് പുറപ്പെട്ട മുളപോലെ ക്രിസ്തുവിന്റെ പ്രേഷ്ഠ ശിഷ്യനായി രക്ഷയുടെ പാതയിലേ ക്കുള്ള ഒരു ദീപഗോപുരമായി തീരട്ടെ!

**ഉപകാരസ്മരണ**



ഒരു വിശ്വാസി

www.malankaralibrary.com



# 'നോമ്പിന്റെ പുത്രനും' 'ഉത്സാഹിയായ കാര്യവിചാരകനും' നിത്യമായ ആചാര്യത്വത്തിന്റെ പങ്കുകാർ



അഡ്വ. ജോജോ കെ. ഏബ്രഹാം
സെക്രട്ടറി, തിരുവനന്തപുരം മേജർ അതിഭദ്രാസന പാസ്റ്ററൽ കൗൺസിൽ

www.malankaralibrary.com


മലങ്കര കത്തോലിക്കാ സഭ പുനരൈക്യ ശതാബ്ദിയിലേക്ക് പ്രവേശിക്കുന്നതിനു മുൻപുള്ള ഒരുക്കത്തിന്റെ ഭാഗമായ ആരാധനാക്രമ വർഷാചരണത്തിലേക്ക് കടന്നതിന്റെ ആദ്യ നാളുകളിൽ തന്നെ സഭയ്ക്ക് രണ്ട് പുതിയ ഇടയൻമാരെ ലഭിച്ചിരിക്കുന്നു. മെൽക്കിസദേക്കിന്റെ ക്രമപ്രകാരമുള്ള (സങ്കീ. 110:4) രണ്ട് ശ്രേഷ്ഠാചാര്യന്മാർ. അവർ ഇനിമുതൽ മെൽക്കിസദേക്കിനെ പോലെയും നമ്മുടെ കർത്താവിനെപ്പോലെയും ഒരേസമയം 'നീതിയുടെയും സമാധാനത്തിന്റെയും രാജാക്കന്മാരും പുരോഹിതരുമാണ്.' അക്ഷയമായ ജീവന്റെ ശക്തി നിമിത്തം പുരോഹിതനായ യേശുവിൽ രാജത്വവും ആചാര്യത്വവും വേർതിരിക്കാവതല്ലാത്ത വിധം ഉൾച്ചേർന്നിരിക്കുന്നതുപോലെ, അവിടുന്ന് തെരഞ്ഞെടുത്ത അപ്പോസ്തോലന്മാരിലും, പിന്നീട് അവരിലൂടെ സഭയിലെ എപ്പിസ്കോപ്പാമാരിലും ഇതേ ആചാര്യത്വവും രാജത്വവും വേർതിരിക്കാൻ ആകാത്ത വിധം ഉൾച്ചേർന്നിരിക്കുന്നു എന്നതാണ് സഭയുടെ വിശ്വാസ പാരമ്പര്യം. ഈ പാരമ്പര്യത്തിന്റെ പിന്തുടർച്ചയിലേക്കാണ് ഇരുവരും വിളിക്കപ്പെട്ടിരിക്കുന്നത്. അവർ അത്യുന്നതനായ ദൈവത്തിന്റെ ആചാര്യന്മാരും സഭയുടെ രാജാക്കന്മാരുമായാണ് അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നത്. അവർ ഈ ജനത്തെ നയിക്കുവാൻ കഴിയുന്ന 'ഉത്തമ നേതാക്കന്മാരും ഉത്സാഹമുള്ള കാര്യവിചാരകരും ആധ്യാത്മീക ഇടയന്മാരുമെന്ന് ' സ്വർഗ്ഗം തിരിച്ചറിഞ്ഞു. ആ ദൈവീക തീരുമാനത്തെ പിതാക്കന്മാരുടെ ശ്ലൈഹീകമായ കൈവയ്പ്പിലൂടെ നവാഭിഷിക്തരിലേക്ക് പകരുകയും പരിശുദ്ധാത്മാവിനാൽ അതിനെ ഉറപ്പിക്കുകയും 'ഓക്സിയോസ്' (ഇവർ യോഗ്യർ) എന്ന് സമൂഹം ഒന്നാകെ ഏറ്റുപറയുകയും ചെയ്യുന്നതാണ് സഭയിലെ മെത്രാഭിഷേക ശുശ്രൂഷ.

മെത്രാഭിഷേക ശുശ്രൂഷയുടെ ആരംഭത്തിൽ നിയുക്ത എപ്പിസ്കോപ്പമാരുടെ മുൻപിൽ മുട്ടുകുത്തി നിന്ന് മുഖ്യ കാർമികനായ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ ബാവാതിരുമേനി, 'പരിശുദ്ധ സഭയിൽ എപ്പിസ്കോപ്പ ആകുവാൻ പരിശുദ്ധാത്മാവ് അങ്ങയെ ക്ഷണിക്കുന്നു' എന്ന് പറഞ്ഞുകൊണ്ട് അവർക്കുള്ള പുതിയ നിയോഗം അവരെ അറിയിച്ചപ്പോൾ അർഥികൾ ഓരോരുത്തരും മുഖ്യ കാർമീകന്റെയും, സഹകാർമീകരായ എല്ലാ പിതാക്കന്മാരുടെയും മുൻപിൽ സാഷ്ടാംഗം വീണ് 'ഞാൻ അത് സമ്മതിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു' എന്ന് പ്രത്യുത്തരം നൽകി. അധികാരത്തിന്റെ അടയാളമായ ഉയർന്നപീഠത്തിൽ ഉപവിഷ്ടനായല്ല മറിച്ച് സ്വർഗ്ഗം വിട്ട് ഭൂമിയോളം താഴ്ന്ന നമ്മുടെ കർത്താവിന്റെ സ്ഥാനപതിക്കു യോജിച്ച എളിമയുടെ പ്രതീകമായിട്ടാണ് മുഖ്യ കാർമീകൻ അർഥികളുടെ മുൻപിൽ മുട്ടുകുത്തി അവരോട് സമ്മതം ചോദിച്ചത്. അധികാര ശ്രേണിയിലേക്കുള്ള ക്ഷണമല്ല മറിച്ച് കാലുകൾ കഴുകുവാനുള്ള വിളിയുടെ ഓർമ്മപ്പെടുത്തൽ. 'നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകേണ്ടതാണ്' (യോഹ 13:14) എന്ന ക്രിസ്തുവിന്റെ വാക്കുകളുടെ നിശ്ശബ്ദമായ പുനർവായനയാണ് അപ്പോൾ നടക്കുക.

കത്തോലിക്കാ സഭയിൽ ഈ തെരഞ്ഞെടുപ്പ് നടക്കുന്നത് ജനങ്ങളാൽ അല്ല. 'അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെടുകയല്ലാതെ ആരും സ്വയം ഈ ബഹുമതി ഏറ്റെടുക്കുകയല്ല' (ഹെബ്രാ. 5: 4). ആ ദൈവീക വിളിയുടെ പൂർത്തീകരണമാണ് പരിശുദ്ധ സുന്നഹദോസിന്റെ (Synod) പ്രാർത്ഥനാ പൂർവ്വമായ തെരഞ്ഞെടുപ്പിനും സഭയുടെ കാത്തിരിപ്പിനും ഒടുവിൽ സംഭവിക്കുക. അർഥികളുടെ രൂപീകരണകാലം, ധാർമീക പശ്ചാത്തലം, വിശ്വാസത്തിലുള്ള ആഴം, സഭയോടും സഭാ ശുശ്രൂഷകളോടുമുള്ള ആഭിമുഖ്യം, നിഷ്ഠാപരമായ ജീവിതം, സ്വഭാവം, ബൗദ്ധീക തലം, മാതാപിതാക്കളുടെ ജീവിത വീക്ഷണം തുടങ്ങി അനേകം വിഷയങ്ങൾ സംബന്ധിച്ച അതീവ രഹസ്യവും സുദീർഘവും സമഗ്രവുമായ അന്വേഷണങ്ങൾ ഈ തെരഞ്ഞെടുപ്പ് പ്രക്രിയയുടെ

ഭാഗമാണ്. പരിശുദ്ധ സുന്നഹദോസിന്റെ ശുപാർശയിന്മേൽ, റോമിൽ നിന്നും തിരുസിംഹാസനത്തിന്റെ അന്തിമ അംഗീകാരത്തോടെയാണ് ഈ തെരഞ്ഞെടുപ്പ് പ്രക്രീയ പൂർത്തിയാവുന്നതും പ്രഖ്യാപനം നടക്കുന്നതും.

**എപ്പിസ്കോപ്പ – കുറ്റമറ്റ ഐക്യത്തിന്റെ കാവലാൾ**

സഭയിൽ എപ്പിസ്കോപ്പായുടെ സാന്നിധ്യം ആദ്യ നൂറ്റാണ്ടുമുതൽ തന്നെ നിലനിന്നിരുന്നതായി സഭാ ചരിത്രത്തിൽ നാം കാണുന്നു. ക്രിസ്താബ്ദം 69 ൽ അന്ത്യോഖ്യയുടെ മെത്രാൻ ആയ അഗ്നിമയനായ വി. ഇഗ്നാത്യോസ് (AD 50 -107) അപ്പസ്തോലന്മാരാൽ തന്നെ അഭിഷേകം ചെയ്യപ്പെട്ട എപ്പിസ്കോപ്പ ആയിട്ടാണ് കരുതപ്പെടുന്നത്. വി. യോഹന്നാൻ ശ്ലീഹായുടെ ശിഷ്യൻ ആയിരുന്ന അദ്ദേഹത്തെ 'ഊർശ്ലേമിന്റെ ഒന്നാമത്തെ പ്രധാനാചാര്യനും, ശ്ലീഹായും സഹദായുമായ വി. യാക്കോബ്' ന്റെ പേരിനോടൊപ്പം ചേർത്ത് വി.കുർബ്ബാന മദ്ധ്യേ തുബ്ദേനിൽ നാം സ്മരിക്കുന്നു. അന്ത്യോഖ്യയുടെ പ്രഥമ മെത്രാൻ ആയിരുന്ന വി. പത്രോസിന്റെ പിൻതുടർച്ചയിൽ മൂന്നാമത്തെ എപ്പിസ്കോപ്പയായി അദ്ദേഹം വാഴിക്കപ്പെട്ടു. സഭയിൽ എപ്പിസ്കോപ്പയുടെ സ്ഥാനം, ദൈവവും ദൈവജനവുമായുള്ള എപ്പിസ്കോപ്പയുടെ ഇഴപിരിയാൻ ആകാത്ത ബന്ധം, ആത്മീകവും ഭരണപരവുമായ അധികാരങ്ങൾ, അദ്ദേഹത്തെ സഹായിക്കുവാൻ നിയോഗിക്കപ്പെടുന്നവർ അദ്ദേഹത്തോട് പുലർത്തേണ്ടതായ വിധേയത്വം, വിശ്വാസ സംരക്ഷണം, പാഷണ്ഡതകൾ(Heresy), സഭയിലെ ഐക്യം തുടങ്ങിയവ സംബന്ധിച്ച് സഭയിലെ ആദ്യ പ്രാമാണീക രേഖ അന്ത്യോഖ്യായിലെ വി. ഇഗ്നാത്യോസിന്റെ കത്തുകളാണ്. ക്രിസ്തീയ വിശ്വാസത്തിന്റെ പേരിൽ കൊല ചെയ്യപ്പെടുന്നതിനായി ട്രാജൻ ചക്രവർത്തിയുടെ കല്പന പ്രകാരം തടവിലാക്കപ്പെട്ട് റോമിലേക്ക് കൊണ്ടുപോകുമ്പോൾ യാത്രാ മദ്ധ്യേ അദ്ദേഹം വിവിധ സഭകൾക്ക് എഴുതിയ കത്തുകളിൽ, യേശുക്രിസ്തുവും പിതാവായ ദൈവവുമായുള്ള ബന്ധത്തിന് തുല്യമായാണ് ദൈവജനവും ദൈവത്താൽ നിയോഗിതനായിട്ടുള്ള എപ്പിസ്കോപ്പയുമായുള്ള ബന്ധത്തെയും അദ്ദേഹം വിവക്ഷിക്കു ന്നത്. "See that ye all follow the bishop, even as Jesus Christ does the Father...as being the institution of God."(Letter of St. Ignatius to Smyrnaeans) എപ്പിസ്കോപ്പയിൽ നിന്ന് വേറിട്ട് നിന്ന് സഭാ കാര്യങ്ങൾ യാതൊരാളും ചെയ്യുന്നതിനെ അദ്ദേഹം വിലക്കുന്നു. "Let no man do anything connected with the Church without the bishop.'

'Wherever the bishop shall appear, there let the multitudeof the people] also be; even as, wherever Jesus Christ is, there is the Catholic Church.' യേശുക്രിസ്തു എവിടെ ആയിരിക്കുന്നുവോ അവിടെ സഭ ആയിരിക്കുന്നതുപോലെ എപ്പിസ്കോപ്പ എവിടെ ആയിരിക്കുന്നുവോ അദ്ദേഹത്തോടൊപ്പം ജനങ്ങളും ആയിരിക്കണം. 'എപ്പിസ്കോപ്പയെ ബഹുമാനിക്കുന്നവനെ ദൈവവും ബഹുമാനിക്കുന്നു.' സഭയുടെ ദൃശ്യമായ സ്ഥാപനം മുതൽ തന്നെ നിലനിൽക്കുന്ന ഈ പാരമ്പര്യത്തിന്റെ പിന്തുടർച്ചയും യേശുവിലൂടെ ശ്ലീഹന്മാർക്ക് നൽകപ്പെട്ട ശ്ലൈഹീക അധികാരത്തിന്റെ കൈമാറ്റവുമാണ് മെത്രാഭിഷേക ശുശ്രൂഷയിലൂടെ നടക്കുക.

എപ്പിസ്കോപ്പയുടെ ആലോചനാ സംഘത്തെ (Presbytery Council) വീണയിലെ തന്ത്രികളോടാണ് വി. ഇഗ്നാത്യോസ് താരതമ്യം ചെയ്തിരിക്കുന്നത്. 'For your justly renowned presbytery, worthy of God, is fitted as exactly to the bishop as the strings are to the harp.' (Letter of St. Ignatius to the church of Ephesus) ആലോചനാ സംഘവും സഭയിലെ ഓരോരുത്തരും ഒന്നു ചേർന്ന് ഒരു ഗായക സംഘത്തിൽ എന്നപോലെ ഐക്യത്തോടെ ദൈവത്തിന് സ്തുതികൾ ആലപിക്കുവാൻ കഴിയുമ്പോളാണ് സഭയിൽ സമ്പൂർണ്ണ ഐക്യം രൂപപ്പെടുക. ഇത് ദൈവവുമായുള്ള തുടർ

ച്ചയായ കൂട്ടായ്മയിലേക്ക് വ്യക്തികളെ നയിക്കുന്നു. ഈ സമ്പൂർണ ഐക്യമാണ് ക്രിസ്തുവിന്റെ ശരീരത്തിലെ അംഗത്വ ത്തിന്റെ അടയാളം. സത്യ വിശ്വാസത്തെ, കുറ്റമറ്റ ഐക്യത്തോടെയും ('Unblameable unity') നീതിയുക്തമായും സ്ഥിരോത്സാഹ ത്തോടെയും പരികർമ്മം ചെയ്യുന്നതിനാ യിട്ടാണ് ഓരോ മെത്രാനും അഭിഷേകം ചെയ്യപ്പെടുക. "It is profitable, therefore, that you should live in an unblameable unity, that thus ye may always enjoy communion with God". (Letter to Ephesians) ഐക്യം എന്നത് ഏക രൂപമല്ല ; വൈവിധ്യങ്ങളുടെ കൂട്ടായ് മയാണ്. ബഹുസ്വരതയുടെ സമന്വയമാണ്. അത് വേറിട്ട ഭാവമോ ഭാവിയിൽ കരഗതമാ കേണ്ടതോ ആർജ്ജിക്കേണ്ടതോ ആയ നന്മയോ അല്ല. മറിച്ച് സഭയുടെ സ്ഥാപന ത്തിന്റെ അടിസ്ഥാന ശിലകളിൽ ഒന്നാണ്. ഈ കുറ്റമറ്റ ഐക്യത്തിന്റെ കാവലാളാണ് ഓരോ എപ്പിസ്കോപ്പയും. മലങ്കരസഭയുടെ ആരാധനാ ക്രമത്തിലും അഭിഷേക ശുശ്രൂഷ കളിൽ ഉടനീളവും അജപാലകരും അജഗണ വുമായുള്ള ഈ കുറ്റമറ്റ ഐക്യത്തെ പരി പോഷിപ്പിക്കുന്നതിനുള്ള ദൈവ കൃപ യാചിച്ചുകൊണ്ടുള്ള പ്രാർഥനകൾ നമുക്ക് കാണുവാൻ കഴിയും.

**ആരാധനാക്രമത്തെ കുറ്റമറ്റ രീതിയിൽ പിൻപറ്റുന്ന 'നോമ്പിന്റെ പുത്രൻ'**

'കുര്യാക്കോസ്' എന്ന സുറിയാനി പദ ത്തിന്റെ അർഥം 'ദൈവത്തിന്റേത്' 'ദൈവ ത്തിന് സ്വന്തം' എന്നാണ്. ശൈശവത്തിൽ തന്നെ രക്ത സാക്ഷിയായ വി. കുര്യാക്കോസ് സഹദായെപ്പോലെ, ശൈശവത്തിൽ തന്റെ പേര് കൊണ്ടും, പിന്നീട് തന്റെ കർമ്മം കൊണ്ടും ദൈവത്തിനു സ്വന്തമായ വന്ദ്യനായ തടത്തിൽ കുര്യാക്കോസ് അച്ചൻ. ശിശു സഹജമായ പുഞ്ചിരിയും ഹൃദയ നൈർമ ല്യവും കാത്തു സൂക്ഷിക്കുന്ന അജപാലകൻ. സഭയുടെ അടിസ്ഥാന പ്രമാണങ്ങളിൽ കലർപ്പില്ലാതെയും ആരാധാനാക്രമത്തെ കുറ്റമറ്റ പൂർണ്ണതയിലും പരികർമ്മം ചെയ്യണമെന്ന് നിർബ്ബന്ധമുള്ള അദ്ദേഹം ശ്രേഷ്ഠാചാര്യ ശുശ്രൂഷയിലേക്ക് പ്രവേശി ക്കുന്നത് സഭയുടെ ആരാധനാ ക്രമ വർഷ ത്തിൽ തന്നെയെന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനം അല്ലാതെ മറ്റെന്താണ്. മറ്റൊരു സവിശേഷത അദ്ദേഹം സ്വീകരിച്ചിട്ടുള്ള 'ഒസ്താത്തിയോസ്' എന്ന നാമം ആണ്. 'ഉറപ്പു ള്ളത്' 'സ്ഥിരതയുള്ളത്' എന്ന് ഗ്രീക്കിൽ അർത്ഥങ്ങളുള്ള ഈ നാമം അഭിവന്ദ്യ കുര്യാ ക്കോസ് മാർ ഒസ്താത്തിയോസ് തിരുമേനി തെരഞ്ഞെടുക്കുവാൻ ഇടയായത് അദ്ദേഹ ത്തിലെ സ്ഥിരതയുള്ള അജപാലകൻ വർത്ത മാന ലോകത്തിൽ സഭയുടെ ഉറപ്പുള്ള ശിലയും കോട്ടയും ആകണമെന്ന് സ്വർഗ്ഗം തീരുമാനി ച്ചിരിക്കുന്നു എന്നതിന്റെ അടയാളമാണ്.

'കൗശലത്താലോ ദുർവ്യാഖ്യാനത്താലോ' സത്യോപദേശത്തെ ഭേദപ്പെടുത്തുകയല്ല മറിച്ച് ദൈവത്തിന് പ്രീതികരമായ നൈർമ ല്യത്തോടും നിഷ്കളങ്കതയോടും അവന്റെ വഴികളിൽ വ്യാപരിക്കുന്നതിലും' അവന്റെ രഹസ്യങ്ങൾ പരികർമ്മം ചെയ്യുന്നതിലും സദാ സന്തോഷം കണ്ടെത്തുന്ന ശ്രേഷ്ഠനായ പുരോഹിതൻ. അത്ഭുതം കൂറുന്ന വാഗ്ധോര ണിയെക്കാൾ ലളിതമായ വാക്കുകൾ കൊണ്ട് ശ്രോതാക്കളുടെ ഹൃദയത്തെ സ്പർശിക്കുന്ന മൃദു ഭാഷിയായ സുവിശേഷ പ്രഘോഷകൻ. പ്രതീകങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും ബാഹ്യവും അന്ധവുമായ അനുകരണമല്ല മറിച്ച് അവയുടെ അർത്ഥങ്ങൾ അറിഞ്ഞുള്ള അനുഷ്ഠാനമാണ് നാം അഭ്യസിക്കേണ്ടത് എന്ന് പഠിപ്പിക്കുന്ന ആരാധനാക്രമ പണ്ഡി തൻ. ശബ്ദത്തേക്കാൾ ഈണത്തെ സ്നേഹി ക്കുന്ന ശുശ്രൂഷകൻ. "A thing of beauty is a joy forever' എന്ന കീറ്റ്സിന്റെ വാക്കുകൾ എപ്പോഴും ഉരുവിടുകയും എല്ലാറ്റിലും പൂർ ണ്ണത ആഗ്രഹിക്കുകയും അതിനായി ചെറിയ കാര്യങ്ങളിൽ പോലും വലിയ നിർബ്ബന്ധ ങ്ങൾ കാട്ടുകയും ചെയ്യുന്ന പരിപൂർണ്ണവാദി. ദൈവാലയ നിർമ്മാണ വേളകളിലും സഭ യിലെ പൊതുവായ ശുശ്രൂഷാ വേദികളിലും അദ്ദേഹത്തിലെ പരിപൂർണ്ണ വാദിയെ നമുക്ക് കാണുവാൻ കഴിയും. വൈദീക പട്ടം നൽകിയ ഭാഗ്യ സ്മരണാർഹനായ ബെനഡിക്ട് മാർ

ഗ്രീഗോറിയോസ് പിതാവിനെ ഹൃദയം കൊണ്ട് അനുധാവനം ചെയ്യുന്ന അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിയെ സഭയിലെ 'ഉത്സാഹിയായ പുത്രൻ' പരേതനായ ഇരുമേട ജോർജ് സർ (തിരുവല്ല രൂപത) നോമ്പിന്റെ പുത്രൻ' എന്ന് വിളിച്ചിരുന്നതായി കേട്ടിട്ടുണ്ട്. ജോർജ് സാറിന്റെ സംസ്കാര ശുശ്രൂഷയിൽ കുര്യാക്കോസ് അച്ചൻ തന്നെ ഇത് പരസ്യപ്പെടുത്തിയിട്ടുള്ളതാണ്.ഇത്രയും വലിയ ഒരു ആദരവ് ഒരു വൈദീകനും തന്റെ ഇടവകയിലെ ഒരംഗത്തിൽ നിന്ന് ലഭിച്ചിട്ടുണ്ടാവില്ല. വൈദീക വൃത്തിയുടെ മർമ്മവും തടത്തിൽ അച്ചന്റെ വിശ്വാസ ജീവിതത്തിന്റെ ആഴവും അറിഞ്ഞുള്ള വിശേഷണം! ആരാധനാക്രമത്തെയും അതിലെ കാലങ്ങളെയും യാമങ്ങളെയും നിഷ്ഠയോടെ പിൻപറ്റുകയും മറ്റുള്ളവരെ അതിനായി പ്രേരിപ്പിക്കുകയും ചെയ്യുന്ന പുരോഹിതൻ.

മറ്റുള്ളവരുടെ വേദനകളെ സ്വയം ഉൾക്കൊണ്ട് അവരോടൊപ്പം കരയുന്ന വൈദീകൻ. ദുഃഖ വെള്ളിയാഴ്ചകളിലെ ശുശ്രൂഷകളിൽ കർത്താവിന്റെ പീഡകളെ ഓർക്കുമ്പോൾ ആയാലും തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന അജഗണത്തിന്റെ ദുഃഖത്തിൽ ആയാലും കുര്യാക്കോസ് അച്ചൻ കരയുന്നത് ആ വേദനകൾ തന്റേത് തന്നെ എന്ന് തിരിച്ചറിയുന്നത് കൊണ്ടാണ്.

താൻ അനുവർത്തിച്ച നിഷ്ഠാപരമായ ജീവിതം നൽകിയ ഉറപ്പുള്ള ബോധ്യങ്ങളും, കളങ്കമില്ലാത്ത വ്യക്തിത്വവും വെല്ലുവിളികൾ ഏറെയുള്ള വിദേശ രാജ്യങ്ങളിലെ തന്റെ സേവന മേഖലകളിൽ നിന്നും ആർജ്ജിച്ച അനുഭവ സമ്പത്തും അജപാലന ശുശ്രൂഷയുടെ പൂർണ്ണതയിലേക്കുള്ള അദ്ദേഹത്തിന്റെ ചുവടുവയ്പ്പുകളെ ശക്തിപ്പെടുത്തട്ടെ. നമുക്ക് ഒന്നായി സ്വാഗതം ചെയ്യാം! 'ഇടയനും പണ്ഡിതനുമായ' അഭിവന്ദ്യ ആബൂൻ കുര്യാക്കോസ് മാർ ഒസ്താത്തിയോസ് പിതാവേ, സഭയും സമൂഹവും അങ്ങയെ കാത്തിരിക്കുന്നു. സന്തോഷത്തോടെ അങ്ങ് കടന്നുവന്നാലും.

**ഉത്സാഹിയും നിശ്ശബ്ദനുമായ കാര്യവിചാരകൻ**

വന്ദ്യനായ ജോൺ കുറ്റിയിൽ അച്ചൻ എപ്പിസ്കോപ്പ സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നതിലുള്ള അതിയായ സന്തോഷം മറച്ചുപിടിക്കുവാൻ ആത്മനിഷ്ഠമായ അനേകം കാരണങ്ങളുണ്ടെങ്കിലും മനസ്സ് അനുവദിക്കുന്നില്ല. തിരുവനന്തപുരം മേജർ അതിരൂപതയിൽ കിഴക്കേത്തെരുവിൽ ഞങ്ങളുടെ കുടുംബങ്ങൾ തമ്മിൽ അയൽപക്ക ബന്ധം. ചെറുപ്പം മുതൽ ചിരപരിചിത മുഖം. തിരുവനന്തപുരം മേജർ അതിരൂപതയുടെ വൈദീക സെക്രട്ടറിയായും പാസ്റ്ററൽ കൗൺസിലിന്റെ സെക്രട്ടറിയായും ഞങ്ങളിരുവരും പ്രവർത്തിക്കുമ്പോൾ ആണ് ശ്രേഷ്ഠാചാര്യ സ്ഥാനത്തേക്ക് പരിശുദ്ധാത്മാവ് അദ്ദേഹത്തെ വിളിച്ചിരിക്കുന്നത്. 'അല്പ കാര്യങ്ങളിൽ വിശ്വസ്തനായവനെ' ദൈവം അനേക കാര്യങ്ങൾ ഭരമേൽപ്പിക്കുന്നു എന്ന വചനമാണ് ഈ സ്ഥാനലബ്ധിയെപ്പറ്റി കേട്ട മാത്രയിൽ എന്നിലൂടെ കടന്നുപോയത്.

'കൃപയുള്ളവനായ ദൈവം' എന്ന അർഥം വരുന്ന 'യോഹന്നാൻ' എന്ന നാമധാരി; ശ്ലീഹായെപ്പോലെ അനേകം കൃപകളുള്ള വൈദീകൻ. അദ്ദേഹം സ്വീകരിച്ചിരിക്കുന്ന അലക്സിയോസ് എന്ന പേരിന് തതുല്യമായ ഗ്രീക്ക് പദത്തിന്റെ അർത്ഥം 'സഹായി' എന്നും 'പ്രതിരോധകൻ' എന്നുമാണെന്ന് അറിഞ്ഞപ്പോളാണ് തിരുവനന്തപുരം മേജർ അതിരൂപതയുടെ സഹായ മെത്രാനായ അദ്ദേഹം, യൂഹാനോൻ മാർ അലക്സിയോസ് എന്ന പേര് സ്വീകരിച്ചതിനു പിന്നിലെ ദൈവീക പദ്ധതിയുടെ ആഴം കൂടുതൽ ബോധ്യപ്പെടുവാൻ ഇടയായത്. യോഹന്നാൻ ശ്ലീഹ സംസാരിക്കുന്നതായ രംഗങ്ങൾ സുവിശേഷത്തിൽ അധികം നാം കാണുന്നില്ല. എന്നാൽ കർത്താവ് അനേക കാര്യങ്ങൾക്കായി നിയോഗിക്കുകയും, അവ തികഞ്ഞ ഔത്സുക്യത്തോടെയും ഭംഗിയായും പൂർത്തീകരിച്ചിരുന്ന അപ്പോസ്തോലൻ. സ്വന്തം പേരുപോലും വെളിപ്പെടുത്താതെ എപ്പോഴും മറഞ്ഞിരി

www.malankaralibrary.com


ക്കാൻ ആഗ്രഹിച്ചിരുന്ന ശിഷ്യനായിരുന്നു അദ്ദേഹം. ചേർന്നു നിൽക്കുവാൻ വിളിച്ചു വേർതിരിക്കപ്പെട്ട നിമിഷം മുതൽ അവന്റെ കുരിശുവരെയും, അവനോടു ചേർന്നുനിന്ന ശിഷ്യൻ. സ്വന്തം അമ്മയെ തന്നെ ഏൽപ്പിച്ചുകൊണ്ട് കർത്താവ് യോഹന്നാൻ ശ്ലീഹായുടെ സമർപ്പണത്തിന് പ്രതി സമ്മാനം നൽകുന്നു. പ്രായമേറിയ അനേകം അപ്പോസ്തോലന്മാരുടെ ഇടയിൽ യുവാവായിരുന്ന വി. യോഹന്നാൻ ശ്ലീഹ വ്യതനിഷ്ഠയുടെയും, ഭക്തി, ജ്ഞാനം, വിവേകം എന്നിവയുടെയും നിറകുടം ആയിരുന്നുവെന്ന് സഭാ പിതാക്കന്മാർ പഠിപ്പിക്കുന്നു.

യുവാവെങ്കിലും മറ്റുള്ളവരെ വിലയിരുത്തുന്നതിലും അംഗീകരിക്കുന്നതിലും വലിയ പരാജയങ്ങൾ കടന്നുകൂടാത്ത വ്യക്തിത്വത്തിന്നുടമയായ അഭിവന്ദ്യ യൂഹാനോൻ മാർ അലക്സിയോസ് എപ്പിസ്കോപ്പ. തന്റെ ചുമതലകൾ കൃത്യതയോടെ നിർവ്വഹിക്കണമെന്ന് നിർബ്ബന്ധമുള്ള അജപാലകൻ. ഉത്സാഹിയും ഉത്തമനുമായ കാര്യവിചാരിപ്പുകാരൻ എങ്കിലും മറഞ്ഞിരിക്കാൻ കൂടുതൽ ഇഷ്ടപ്പെടുന്ന പക്വതയും വിവേകവും. താൻ വിളിക്കപ്പെട്ടിരിക്കുന്നത് അധികാരത്തിന്റെ ഔന്നത്യങ്ങളിലേക്കല്ല മറിച്ച് തന്റെ രക്ഷകന്റെ മുൾക്കിരീടത്തിലും മരക്കുരിശിലും പങ്കുകാരനാകുവാനാണ് എന്ന ബോധ്യം മനസ്സിൽ കൊണ്ടുനടക്കുന്ന പുരോഹിതൻ. ശുശ്രൂഷിക്കപ്പെടുകയല്ല ശുശ്രൂഷിക്കുകയാണ് തന്റെ ദൗത്യം എന്ന് വിശ്വസിക്കുന്ന സഭയുടെ ദാസൻ. തിരുവനന്തപുരം മേജർ അതിരൂപതയുടെ സഹായ മെത്രാൻ ആയി തന്റെ പുതു നിയോഗം അദ്ദേഹം ഏറ്റെടുക്കുമ്പോൾ അത്യഭിവന്ദ്യ കാതോലിക്കാ തിരുമേനിയിൽ നിന്നും ആർജ്ജിച്ചതായ അനിതരസാധാരണമായ അസൂത്രണ മികവും കൃത്യതയാർന്ന നിർവ്വഹണ പാടവവും, പരിണിത പ്രജ്ഞരായ വൈദികരോടും സന്യസ്തരോടുമുള്ള ഹൃദയ അടുപ്പവും, യുവത്വത്തിന്റെ ഊർജ്ജസ്വലതയും, അദ്ദേഹത്തിന്റെ ചുവടുകളെ ശക്തിപ്പെടുത്തട്ടെ. അദ്ദേഹത്തിന്റെ വാക്കുകൾ ഒരേസമയം പ്രബോധനപരവും പ്രചോദനപരവും ആകട്ടെ. നമുക്ക് ഒന്നായി പാടാം...

'യൂഹാനോൻ പോൽ വ്യതവരനും' കർമ്മനിരതനുമായ അഭിവന്ദ്യ ആബൂൻ യൂഹാനോൻ മാർ അലക്സിയോസ് പിതാവേ, സഭയും സമൂഹവും അങ്ങയെ കാത്തിരിക്കുന്നു. സന്തോഷത്തോടെ കടന്നുവന്നാലും.

**മാറുന്ന ലോകം, തുടരുന്ന വെല്ലുവിളികൾ**

രണ്ടായിരം വർഷങ്ങൾക്ക് മുൻപ് നിലനിന്നിരുന്ന അതേ സാഹചര്യങ്ങൾ, അടിമുടി മാറിയ പുതിയ ലോക ക്രമത്തിലും സ്പഷ്ടമായി തന്നെ ദൃശ്യമാണ്. നന്മ തിന്മകൾ തമ്മിലുള്ള അന്തരം കുറയുകയും അവയ്ക്ക് പുതിയ നിർവ്വചനങ്ങൾ കണ്ടെത്തുന്നതിൽ കൂടുതൽ താത്പര്യം കാട്ടുകയും ചെയ്യുന്ന കാലഘട്ടത്തോട്, സമരസപ്പെടുന്നതിനും സന്ധിചെയ്യുന്നതിനും വലിയ വൈദഗ്ധ്യം ആവശ്യമില്ല. ഒഴുക്കിനൊപ്പം നീന്തുക എളുപ്പമാണ്. എന്നാൽ അടിസ്ഥാന പ്രമാണങ്ങളിൽ കലർപ്പില്ലാതെ സഭയെ നിലനിർത്തുക എന്നതും സഭയെയും സമൂഹത്തെയും എല്ലാറ്റിലുമുപരിയായി തന്നെത്തന്നെയും നിരന്തരം വിശുദ്ധീകരിക്കുക എന്നതും കൂടുതൽ ശ്രമകരമാണ്. അവിടെ ഒറ്റപ്പെടാം; വിസ്തരിക്കപ്പെടാം; തനിക്ക് ചുറ്റുമുള്ള ലോകം തന്നെ വിധിക്കുന്നതായി തോന്നാം. മുൾക്കിരീടങ്ങളും മരക്കുരിശും പേറേണ്ടതായ സാഹചര്യങ്ങൾ ഉണ്ടാകാം.

വി. ഇഗ്നാത്യോസ് എഫേസൂസിലെ സഭയ്ക്ക് എഴുതിയ ലേഖനത്തിൽ പറയുന്നു. 'The more any one sees the bishop keeping silence, the more ought he to revere him.' 'ഒരു എപ്പിസ്കോപ്പ എത്രയും നിശ്ശബ്ദൻ ആകുന്നുവോ അത്രയും അദ്ദേഹത്തെ നിങ്ങൾ ബഹുമാനിക്കുക.' തന്നെ അധിക്ഷേപിക്കുകയും വിധിക്കുകയും ചെയ്തവരുടെ മുൻപിൽ നിശ്ശബ്ദത പൂണ്ടവനെ നിസ്സഹായനെന്നും ബലഹീനൻ എന്നും വിളിച്ച ലോകത്തെയാണ് ഇന്നും നാം കാണുക.

www.malankaralibrary.com


നിശ്ശബ്ദത ബലഹീനതയും, സൗമ്യത നിസ്സഹായതയുമായി ഇന്നും തെറ്റിദ്ധരിക്കപ്പെടുന്നു. ചുറ്റും നിന്ന് ഉയരുന്ന എല്ലാ ചോദ്യങ്ങൾക്കും മറുപടി നൽകുകയല്ല മറിച്ച് പ്രബോധനങ്ങളിലൂടെയും തന്റെ നിശ്ശബ്ദതയിലും കർത്താവിനെ ഏറ്റുപറയുക എന്നതാണ് എപ്പിസ്കോപ്പയുടെ കർത്തവ്യം. 'Exhortation to confess Christ by silence as well as speech.' (Letter of St. Ignatius to Ephesians) അവരുടെ വാക്കുകൾ പ്രബോധനപരവും അവരുടെ സൗമ്യത അവരുടെ ശക്തിയുമാണ്. അവർ ഒരേ സമയം പ്രബോധകരും പ്രചോദകരുമാണ്. ലോകം ആവശ്യപ്പെടുന്നതോ പ്രതീക്ഷിക്കുന്നതോ ആയ എല്ലാം ആകുവാനും ഏകുവാനും ഒരു മെത്രാനും കഴിയുകയില്ല. 'ജനങ്ങളിൽ നിന്ന്, ജനങ്ങൾക്കുവേണ്ടി തെരഞ്ഞെടുക്കപ്പെടുന്ന പ്രധാന പുരോഹിതൻ' ദൈവീക കാര്യങ്ങൾക്കായി നിയമിക്കപ്പെടുമ്പോൾ.... അവൻ തന്നെ ബലഹീനൻ ആയതുകൊണ്ട് അജ്ഞരോടും വഴിതെറ്റിയവരോടും വേണ്ടത്ര സഹതാപത്തോടെ പെരുമാറാൻ അവന് കഴിയും.' (ഹെബ്രാ. 5: 1,2) തന്റെ മുൻപിൽ എത്തുന്ന അജ്ഞർക്ക് ഗുരുവായും വഴിതെറ്റിയവർക്ക് ഇടയനായും നിലകൊള്ളുക എന്ന വലിയ ഉത്തരവാദിത്വത്തിലേക്കാണ് അഭിനവ മെത്രാൻമാർ കടക്കുന്നത്.

സന്തോഷത്തോടെ നൽകുന്നവനെ സാഘോഷം സ്വീകരിക്കുന്ന പുതിയ ലോകക്രമത്തിൽ വിധവയുടെ ചില്ലിക്കാശിനെ തിരിച്ചറിയുകയും എടുത്തുയർത്തുകയും ചെയ്യുക എന്നതാണ് കൂടുതൽ ശ്രമകരം. അകലേക്ക് പോയതിനെ തേടിയിറങ്ങുകയും ചേർത്ത് നിർത്തുകയുമാണ് വെല്ലുവിളി. അവഗണനയും വെറുപ്പും ഉണ്ടാക്കുന്ന മുറിവുകൾ എവിടെയായാലും വേദനാജനകമാണ്. മുറിവുകളെ അവഗണിക്കാതെ അവയെ വച്ചു കെട്ടുകയും പരിചരിക്കുകയും ചെയ്യുക എന്നത് ഇന്നും വേറിട്ട മാർഗ്ഗമാണ്. അത് സമർപ്പണത്തിന്റെ വഴിയാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ ധന്യൻ മാർ ഇവാനിയോസ് പിതാവ് ആരംഭം കുറിച്ചതും തുടർന്ന് ഭാഗ്യസ്മരണാർഹരായ നമ്മുടെ പിതാക്കന്മാരും, വൈദീകർ, സന്യസ്ഥർ, അത്മായ സഹോദരങ്ങൾ എന്നിവരും പിൻതുടർന്നു വന്നതും, ഇന്ന്, സഭയായി നാം ഒന്ന് ചേർന്ന് പിന്നിട്ടുകൊണ്ടിരിക്കുന്നതുമായ ഈ ഐക്യത്തിന്റെ പാതയിൽ കൂടുതൽ ഉറച്ച കാൽവയ്പ്പുകളുമായി മുന്നേറാൻ അഭിനവ പിതാക്കന്മാർക്ക് ഇരുവർക്കും കഴിയട്ടെ.

സഭയാകുന്ന വീണയിലെ തന്ത്രികൾ ആണ് സഭയിലെ ഓരോ അംഗവും. തന്ത്രികൾക്ക് വ്യത്യസ്ത സ്വരങ്ങൾ ആകാം. അവ പുറപ്പെടുവിക്കുന്ന വീചികൾ വ്യത്യസ്തമാകാം. ലയങ്ങൾ തമ്മിൽ അന്തരം ഉണ്ടാകാം. എന്നാൽ എല്ലാ അന്തരങ്ങളും നിലനിൽക്കുമ്പോഴും എല്ലാവരും ഒരേ വീണയിലെ തന്ത്രികൾ തന്നെയെന്ന് നമുക്ക് തിരിച്ചറിയാം. എല്ലാ അന്തരങ്ങൾക്കിടയിലും നാം ഒന്നായി, ഒരേ ലയത്തിലും താളത്തിലും ചേരുമ്പോൾ, ആ ഗാനം ശ്രുതി മധുരമാകും. അതിൽ സ്വർഗ്ഗം സന്തോഷിക്കും. പ്രതികൂലങ്ങളിൽ തളരാതെ, മോശയെപ്പോലെ മലമുകളിൽ ഏകനായി നിന്നുകൊണ്ട്, തങ്ങളുടെ ജനത്തിനു വേണ്ടി ധൈര്യപൂർവ്വം കൈകൾ വിരിച്ചുപിടിക്കേണ്ടതായ ഒരു പുതിയ ജീവിതക്രമത്തിലേക്ക് അഭിനവ പിതാക്കന്മാർ കടക്കുമ്പോൾ, അവരുടെ കരങ്ങൾ തളരാതെ, പ്രാർത്ഥനാപൂർവ്വം അവയെ നമുക്ക് താങ്ങി നിർത്താം. അവയ്ക്ക് ശക്തി പകരാം. ഗിരിമുകളിൽ വച്ച് മോശയെ വിളിച്ചവൻ, പിതാക്കന്മാർ ഇരുവരുടെയും വഴികളെ പ്രകാശമാനമാക്കി അവർക്ക് മുൻപേ നീങ്ങട്ടെ. അപ്പോൾ, ഇന്ന് നാം പാടുന്ന വരികൾ കൂടുതൽ ശ്രുതി മാധുര്യത്തോടെയും താളലയത്തിലും തലമുറകൾ ഏറ്റുപാടും...

"നിന്നെ വരിച്ചൊരു സഭ ധന്യ..."

www.malankaralibrary.com



# ആരാധനാക്രമ സംരക്ഷകനായ മാർ ഒസ്താത്തിയോസ്

എജി പാറപ്പാട്ട്

അക്ഷരനഗരിയുടെ ആത്മീയ ഗോപുരങ്ങളായി പ്രശോഭിക്കുന്ന പുതുപ്പള്ളി പള്ളിയും മണർകാട് പള്ളിയും ഒരു നാടിന്റെ ആത്മീയ പ്രൗഢി വിളിച്ചോതി, തലയെടുപ്പോടെ ഒരു നാടിന് സംരക്ഷണ കവചം ഒരുക്കുന്നു. അതേ നാട്ടിൽ മീനച്ചിലാറിന്റെ താരാട്ടുപാട്ട് കേട്ടുണരുന്ന കോട്ടയത്തിന്റെ കിഴക്ക് - വടക്കായി സ്ഥിതിചെയ്യുന്ന കാർഷിക ഗ്രാമമാണ് അമയന്നൂർ. ഈ പ്രദേശത്ത് ദൈവവിളികൊണ്ട് സമ്പന്നമായ ഇടവകയാണ് സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവക ദൈവാലയം. ഈ ഇടവകയും നാടും ദൈവതിരുമുൻപിൽ നന്ദിയോടെ കുമ്പിടുന്ന ധന്യനിമിഷം. ഇടവകയിൽ നിന്നുള്ള രണ്ടാമത്തെ സണ്ണിയച്ചൻ വൈദിക മേലദ്ധ്യക്ഷ സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നു. ഇടവകയിൽ നിന്നുമുള്ള ആദ്യ സണ്ണിയച്ചൻ ഭാഗ്യസ്മരണാർഹനായ ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തയുടെ പിൻഗാമിയായി ഇടവകയുടെ രണ്ടാമത്തെ സണ്ണിയച്ചൻ കുര്യാക്കോസ് മാർ ഒസ്താത്തിയോസ് എന്ന പേരിൽ അഭിഷിക്തനായിരിക്കുന്നു. ഭാഗ്യസ്മരണാർഹനായ ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനിയുടെ ആത്മീയ ജീവിതവും, പൗരോഹിത്യനിഷ്ഠയും, തന്റെ പിതൃസഹോദരി സി. ബോണിഫസ് എസ്.ഐ.സി യുടെ സന്ന്യാസജീവിതവും സമന്വയിപ്പിച്ച് സഞ്ചാരവഴികളിൽ അനേകർക്ക് ആത്മീയ ചൈതന്യം പകർന്നു നൽകുന്ന അഭിവദ്യ തിരുമേനിയുടെ ജീവിതത്തെ ഓർത്ത് ഒരുനാട് മുഴുവൻ നന്ദിയോടെ ദൈവതിരുമുമ്പിൽ കരങ്ങൾ കൂപ്പുകയാണ്.

പള്ളി മണികളും, ക്ഷേത്രങ്ങളിൽ നിന്നുയരുന്ന ഭജനമന്ത്രങ്ങളും കൊണ്ട് മുഖരിതമാകുന്ന മനോഹര ഗ്രാമമായ അമയന്നൂരെ പുരാതന ക്രൈസ്തവ കുടുംബമാണ് തടത്തിൽ കുടുംബം. ഈ കുടുംബത്തിൽ തോമസ് - സൂസമ്മ ദമ്പതികളുടെ നാലുമക്കളിൽ ആദ്യജാതനായി, 1961 ജൂലൈ മാസം 1-ാം തീയതി കുര്യാക്കോസ് ഭൂജാതനായി. സണ്ണി എന്ന വിളിപ്പേരിട്ട കുര്യാക്കോസ് അതേ വർഷം ജൂലൈ 16-ാം തീയതി മാമ്മോദീസയും മൂറോൻ അഭിഷേകവും സ്വീകരിച്ചു.

''മാതാവിന്റെ ഉദരത്തിൽ നിനക്ക് രൂപം നൽകുന്നതിനുമുൻപേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനു മുൻപെ നിന്നെ ഞാൻ വിശുദ്ധീകരിച്ചു; ജനതകൾക്ക് പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു'' (ജറമിയ1 :5). അഭിവന്ദ്യ പിതാവിനെ കുറിച്ച് ഒരു ലേഖനം എഴുതുവാൻ ആലോചിച്ചപ്പോൾ അദ്ദേഹത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ട് എന്റെ മനസ്സിലേക്ക് വന്ന ബൈബിൾ ഭാഗമിതാണ്. അഭിവന്ദ്യ പിതാവുമായുള്ള ബന്ധത്തിന്റെ ഇഴയടുപ്പം പതിറ്റാണ്ടുകളിലേക്ക് നീളുമ്പോൾ ദൈവിക പദ്ധതികളുടെ പൂർത്തീകരണത്തിനായി സ്വയം സമർപ്പിതമായ ജീവിതമാണ് അദ്ദേഹം നയിക്കുന്നത് എന്ന് നിസംശയം പറയാൻ സാധിക്കും. പ്രാഥമിക വിദ്യാഭ്യാസം അമയന്നൂർ സെന്റ് തോമസ് എൽപി സ്കൂളിലും തുടർന്ന് അമയന്നൂർ ഹൈസ്കൂളിലുമായി പൂർത്തീകരിച്ചു. അദ്ദേഹം പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ മികവ് പുലർത്തിയ ആളും മറ്റുള്ളവരോടുള്ള ഇടപെടലുകളിൽ സൗമ്യനും ദൈവിക കാര്യങ്ങളിൽ അതീവ തല്പരനുമായിരുന്നു എന്ന് മുതിർന്ന തലമുറയും, അദ്ദേഹത്തിന്റെ അദ്ധ്യാപകരും സാക്ഷ്യപ്പെടുത്തുന്നത് കേൾക്കുമ്പോൾ മുകളിൽ പ്രതിവാദിച്ച വചനം അന്വർത്ഥമാവുകയാണ്. 1977ൽ വൈദിക പഠനത്തിനായി തിരുവല്ല ഐ.എം.എം സെമിനാരിയിൽ ചേർന്ന അദ്ദേഹം 1978-80 കാലഘട്ടങ്ങളിൽ ചങ്ങനാശ്ശേരി എസ്.ബി,കോളേജിൽ നിന്നും പ്രീഡിഗ്രി പഠനം പൂർത്തിയാക്കുകയും തുടർന്ന് 1987 വരെ ആലുവ സെന്റ്ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിലും കർമ്മൽഗിരി മംഗലപ്പുഴ സെമിനാരിയിലുമായി വൈദീക പഠനം പൂർത്തീകരിച്ച് 1987 ഡിസംബർ 30ന് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ് ആയിരുന്ന ബെനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയിൽ നിന്നും വൈദീക പട്ടം സ്വീകരിക്കുകയും ചെയ്തു. തുടർന്ന് കാനം, നെടുമാവ് ഇടവകകളുടെ അസിസ്റ്റന്റ് വികാരിയായി നിയമിതനായി. പിന്നീട് അടിപെരണ്ട, കൊമ്പഴ, കുന്നംകുളം, വാഴാനി, ചുമന്നമണ്ണ്, ചക്കുണ്ട് തുടങ്ങിയ ഇടവകകളിൽ വികാരിയായി ശിശ്രൂഷ ചെയ്തു. ഈ കാലഘട്ടത്തിൽ തൃശൂർ സെന്റ് തോമസ് കോളേജിൽ നിന്നും ബി.എ പഠനം പൂർത്തീകരിച്ച അദ്ദേഹം 1994ൽ ''ലിറ്റർജിയിൽ'' ഉപരിപഠനത്തിനായി റോമിലേക്ക് പോയി. ഉന്നത നിലയിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ കുര്യാക്കോസ് തടത്തിലച്ചൻ 2001 ൽ നാട്ടിൽ തിരിച്ചെത്തുകയും 2009 വരെ തിരുവനന്തപുരം സെന്റ് മേരീസ് മേജർ സെമിനാരിയിൽ പ്രൊഫസറായി ശുശ്രൂഷ ചെയ്യുകയും ചെയ്തു. ഈ അവസരത്തിൽ വളരെ ചുരുങ്ങിയ സമയത്തേയ്ക്ക് അമേരിക്കയിൽ പാസ്റ്ററൽ വർക്കിനായി പോവുകയുണ്ടായി. തുടർന്ന് രൂപത ഏൽപ്പിച്ച വിവിധങ്ങളായ ശുശ്രൂഷാ മേഖലകളിൽ അദ്ദേഹം വ്യാപൃതനായിരുന്നു. സൺഡേസ്കൂൾ ഡയറക്ടർ, തിരുവൻവണ്ടൂർ ഇടവകയുടെ വികാരി, അതിരൂപതയുടെ ചാൻസിലർ, മല്ലപ്പള്ളി മേഖലയുടെ മേഖലാ വികാരി, ചെങ്ങരൂർ സെന്റ് ജോർജ് ഇടവകയുടെ വികാരി തുടങ്ങിയ നിലകളിൽ, വിളിച്ച് വേർതിരിച്ചവനോട് വിശ്വസ്തത പുലർത്തിയും മലങ്കര ആരാധനാക്രമം അതിന്റെ തനിമയിൽ, കലർപ്പില്ലാതെ പരിപോഷിപ്പിച്ചും, ദൈവത്തിന് ഇമ്പകരമായി ബലിയർപ്പിച്ചും ജനത്തെ ദൈവോന്മുഖരാക്കി. ക്രിസ്തുവിന്റെ ശുശ്രൂഷാ പൗരോഹിത്യം സ്വായത്തമാക്കിയ ആദ്ദേഹം അനേകരുടെ ജീവിതങ്ങളിൽ പരിശുദ്ധാത്മനിറവും പ്രകാശവും പകർന്നു. 2017 മുതൽ 2020 വരെ തിരുവനന്തപുരം സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയുടെ റെക്ടർ എന്ന വലിയ നിയോഗം വിശ്വസ്തതയോടെ നിറവേറ്റി. അനേക ശിഷ്യരെ സമ്പാദിച്ച പ്രിയപ്പെട്ട കുര്യാക്കോസ് തടത്തിലച്ചൻ, തന്നെ പരി

www.malankaralibrary.com



ശുദ്ധ സഭ വിശ്വസിച്ച് ഭരമേൽപ്പിച്ചതും താൻ ഏറ്റെടുത്തതുമായ എല്ലാ നിയോഗങ്ങളും ദൈവീക പദ്ധതിയാണെന്ന് തിരിച്ചറിഞ്ഞ അദ്ദേഹം വലിയ നിയോഗങ്ങൾക്കുശേഷം വാലാങ്കര, ഗാന്ധിനഗർ തുടങ്ങിയ ചെറിയ കൂട്ടായ്മകൾക്ക് പൗരോഹിത്യപരമായ നേതൃത്വം നൽകി. കണ്ടുമുട്ടുന്നവരുടെ വലുപ്പചെറുപ്പം പരിഗണിക്കാതെ അവരിൽ ക്രിസ്തുവിനെ ദർശിച്ച പുരോഹിതൻ... ക്രിസ്തുവിന്റെ സുവിശേഷം സകലജനതകളോടും പ്രഘോഷിക്കുവാൻ അയയ്ക്കപ്പെട്ട ശിഷ്യന്റെ ദൗത്യനിർവഹണത്തിനായി 2021 ഏപ്രിൽ മാസം സൂര്യനസ്തമിക്കാത്ത ബ്രിട്ടനിലുള്ള മലങ്കര മക്കളുടെ ആത്മീയ നേതൃത്വം ഏറ്റെടുത്തു. ഏതു ശുശ്രൂഷാ മേഖലയിലായിരിക്കുമ്പോഴും മലങ്കര ആരാധനാ ക്രമത്തെ പരിപോഷിപ്പിക്കുവാനും സംരക്ഷിക്കാനുമുള്ള അദ്ദേഹത്തിന്റെ തീവ്രമായ അഭിവാഞ്ജ പുതിയ തലമുറക്ക് നൽകുന്ന ആത്മീയ ഉൾക്കരുത്ത് ചെറുതല്ല. ''മലങ്കര സുറിയാനി കത്തോലിക്കാ സഭ അതിവേഗം വളരുന്ന സഭയെന്ന്'' വിശേഷിപ്പിച്ച പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകൾ അന്വർത്ഥമാക്കികൊണ്ട് യൂറോപ്പിന്റെ അപ്പോസ്തോലിക്ക് വിസിറ്റേറ്റർ എന്ന പുതിയ നിയോഗത്തിലേക്ക് കുര്യാക്കോസ് അച്ചനെ ദൈവം വിളിച്ചടുപ്പിച്ചിരിക്കുന്നു. ഇത് യാദൃച്ഛികമല്ല. അനേകരുടെ ഒരുപാടുനാളത്തെ കാത്തിരിപ്പിന്, പ്രാർത്ഥനയ്ക്ക്, സ്വർഗം തുറന്ന് ദൈവം ഉത്തരം നൽകിയിരിക്കുന്നു. ദൈവാരാധനയിൽ ലുബ്ധത വരുത്താത്ത പുരോഹിതൻ ശ്രേഷ്ഠാചാര്യ ശുശ്രൂഷയിലേയ്ക്ക് വിളിക്കപ്പെട്ട ധന്യ നിമിഷം...

യൂറോപ്പിലെ അപ്പോസ്തോലിക് വിസിറ്റേറ്ററായി നിയമിതനായ അഭിവന്ദ്യ തിരുമേനി മേൽപ്പട്ട ശുശ്രൂഷയിൽ സ്വീകരിച്ച പുതിയ നാമം അദ്ദേഹത്തിന്റെ ജീവിതവുമായി ഏറെ ബന്ധപ്പെട്ട് നിൽക്കുന്നതാണ്. ഒസ്താത്തിയോസ് എന്ന പേരിന്റെ അർത്ഥം സ്ഥിരതയുള്ളവൻ എന്നതാണ്. വിശ്വാസത്തിലും സഭാപാരമ്പര്യങ്ങളിലും നിലപാടുകളിലും ആരാധനാക്രമ സംരക്ഷണത്തിലും ദൃഢതയുള്ളവൻ എന്ന നിലയിൽ അഭിവന്ദ്യ ഒസ്താത്തിയോസ് പിതാവ് പേരിനെ അന്വർത്ഥമാക്കുന്ന വ്യക്തിത്വത്തിന് ഉടമയാണെന്നത് അംഗീകരിക്കാതിരിക്കാൻ തരമില്ല. നാലാം നൂറ്റാണ്ടിൽ അന്ത്യോക്യായിലെ പാത്രീയർക്കീസായി സേവനം അനുഷ്ഠിച്ച മാർ ഒസ്താത്തിയോസ് എ. ഡി 325 ൽ നടന്ന നിഖ്യാ സുനഹദോസിൽ പങ്കെടുത്ത് ആര്യനിസം എന്ന പാഷാണ്ഡതയ്ക്കെതിരെ ആഞ്ഞടിക്കുകയും സത്യവിശ്വാസത്തിൽ നിന്നും വ്യതിചലിക്കാതെ സഭയെ നേർപാതയിൽ നയിക്കാൻ പരിശ്രമിക്കുകയും ചെയ്ത വ്യക്തിയാണ്. ക്രിസ്തു നിത്യ ദൈവമാണെന്നും സാരംശത്തിൽ പിതാവിനോടും സമനാണെന്നുമുള്ള സുനഹദോസിന്റെ പഠിപ്പിക്കലുകളെ പ്രചരിപ്പിക്കുന്നതിൽ മാർ ഒസ്താത്തിയോസ് മുഖ്യസ്ഥാനം വഹിച്ചു. നിഖ്യാ വിശ്വാസപ്രമാണം തയ്യാറാക്കിയത് അദ്ദേഹമല്ലെങ്കിലും അദ്ദേഹത്തിന്റെ ദൈവശാസ്ത്രപരമായ കാഴ്ചപ്പാടുകളും വാദഗതികളും അതിന്റെ രൂപികരണത്തിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

അന്ത്യോക്ക്യായിലെ മാർ ഒസ്താത്തിയോസിനെപ്പോലെ മലങ്കര ആരാധനാക്രമത്തിന്റെ സംരക്ഷണവും, പ്രഘോഷണവും, പാരമ്പര്യത്തിലുള്ള ആത്മ സമർപ്പണവും കൈമുതലാക്കി വിശ്വാസത്തിൽ അനേകരെ ദൃഢപ്പെടുത്തുവാനും, സ്ഥിരപ്പെടുത്തുവാനും പാർശ്വവൽക്കരിക്കപ്പെട്ടവരിൽ ക്രിസ്തുവിനെ കാണുവാനും മറ്റൊരു ക്രിസ്തു ആകാനും ഭൂഖണ്ഡങ്ങൾക്കപ്പുറത്ത് സുവിശേഷമാകുവാനും മലങ്കരയുടെ പുതിയ അഭിഷിക്തൻ അഭിവന്ദ്യ കുര്യാക്കോസ് മാർ ഒസ്താത്തിയോസ് തിരുമേനിയ്ക്ക് സാധിക്കട്ടെ. മലങ്കര പുനരൈക്യപ്രസ്ഥാനം അതിന്റെ ശതാബ്ദിയിലേയ്ക്ക് പ്രവേശിക്കുവാൻ പ്രാർത്ഥനാപൂർവ്വം ഒരുങ്ങുന്ന ഈ കാലഘട്ടം മാർ ഈവാനിയോസ് തിരുമേനിയുടെ മെത്രാഭിഷേകത്തിന്റെ ശതാബ്ദി നിറവിലാണ്. 1930 ൽ മാർ ഇവാനിയോസ് തിരുമേനി റോമിനോട് ആവശ്യപ്പെട്ട, ലോകം മുഴുവൻ സുവിശേഷ പ്രഘോഷണം നടത്താനുള്ള അവകാശം പടിപടിയായി ലഭിക്കുന്നതിൽ നമുക്ക് ദൈവത്തെ സ്തുതിക്കാം.

www.malankaralibrary.com



# ഓക്സിയോസ്

നൂറുകണക്കിന് വിശ്വാസികൾ 'ഇവൻ യോഗ്യൻ' എന്ന് അർത്ഥമുള്ള 'ഓക്സിയോസ്' ഗീതം ഏറ്റുചൊല്ലിയപ്പോൾ മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ അഭിഷിക്തരായ കുരിയാക്കോസ് മാർ ഒസ്താത്തിയോസും യൂഹോനോൻ മാർ അലക്സിയോസും സിംഹാസനത്തിലിരുന്ന് സ്ലീബാ ഉയർത്തി ജനത്തെ ആശീർവദിച്ചു. പട്ടം സെന്റ് മേരീസ് മേജർ ആർക്കി എപ്പാർക്കിയൽ കത്തീഡ്രൽ ദൈവാലയത്തിൽ 2025 നവംബർ 22 ന് രാവിലെ 8 മണിക്ക് ആരംഭിച്ച ചടങ്ങുകൾ അഞ്ചര മണിക്കൂർ നീണ്ടുനിന്നു. മുഖ്യകാർമ്മികനായ കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ സഹകാർമ്മികരായ മെത്രാപ്പോലീത്താമാരോടൊപ്പം കത്തീഡ്രൽ ദൈവാലത്തിലേയ്ക്ക് പ്രദക്ഷിണമായി നീങ്ങി. തുടർന്ന് പ്രാരംഭ പ്രാർത്ഥനകൾ നടന്നു. സഹകാർമ്മികരായ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായും ബിഷപ്പ് ജോസഫ് മാർ തോമസ് മെത്രാപ്പോലീത്തായും മെത്രാൻ സ്ഥാനാർത്ഥികളായ കുരിയാക്കോസ് റമ്പാനെയും യൂഹാനോൻ റമ്പാനെയും മദ്ബഹായിലേക്ക് കൂട്ടിക്കൊണ്ടുവന്നു.

യൂഹാനോൻ റമ്പാനെ യൂറോപ്പിന്റെ അപ്പസ്തോലിക വിസിറ്റേറ്ററായി നിയമിച്ചുകൊണ്ടുള്ള ലിയോ പതിനാലാമൻ മാർപാപ്പായുടെ ഉത്തരവ് പാറശാല ബിഷപ്പ് തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായും തിരുവനന്തപുരം മേജർ അതിഭദ്രാസന സഹായ മെത്രാനായി യൂഹാനോൻ റമ്പാനെ നിയമിച്ചുകൊണ്ടുള്ള മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായുടെ കൽപ്പന കൂരിയാ ബിഷപ്പ് ആന്റണി മാർ സിൽവാനോസ് എപ്പിസ്കോപ്പായും വായിച്ചു. തുടർന്ന് കാതോലിക്കാ ബാവായുടെ മുഖ്യകാർമ്മികത്വത്തിൽ സമൂഹബലി ആരംഭിച്ചു. കുർബാന മധ്യേ മെത്രാഭിഷേക ചടങ്ങുകൾ നടന്നു. കോട്ടയം ആർച്ചുബിഷപ്പ് മാർ മാത്യു മൂലക്കാട്ട് വചന സന്ദേശം നൽകി. ദീർഘമായ പ്രാർത്ഥനകളും ഗീതങ്ങളും ശുശ്രൂഷയ്ക്കിടയിൽ നടന്നു. ശുശ്രൂഷാ മധ്യേ മുഖ്യകാർമ്മികൻ കാതോലിക്കാ ബാവ നവാഭിഷിക്തരുടെ ശിരസിൽ കുരിശടയാളം രേഖപ്പെടുത്തി മാർ ഒസ്താത്തിയോസ്, മാർ അലക്സിയോസ് എന്നീ പേരുകൾ നൽകി. തുടർന്ന് അജപാലന അധികാരത്തിന്റെ അടയാളമായ അംശവടി കാതോലിക്കാ ബാവായും മറ്റ് മെത്രാപ്പോലീത്താമാരും ചേർന്ന് നൽകി. തുടർന്ന് അഭിനവ മെത്രാന്മാർ അംശവടി ഉയർത്തി ജനത്തെ ആശീർവദിച്ചു. തുടർന്ന് അവർ സിംഹാസനത്തിൽ ഇരുന്ന് യോഹന്നാന്റെ സുവിശേഷത്തിൽ നിന്ന് നല്ല ഇടയന്റെ ഭാഗം വായിച്ചു. തുടർന്ന് കുർബാന പൂർത്തിയാക്കി. പങ്കെടുത്ത എല്ലാ മെത്രാപ്പോലീത്താമാരും പുതിയ മെത്രാന്മാർക്ക് സ്നേഹ ചുംബനം നൽകി.

ചടങ്ങുകളിൽ മാർത്തോമ്മാ സഭാധ്യക്ഷൻ തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത, ആർച്ചുബിഷപ്പുമാരായ തോമസ് മാർ കൂറിലോസ്, മാർ തോമസ് തറയിൽ, തോമസ് ജെ. നെറ്റോ, മാർ മാത്യു മൂലക്കാട്ട്, സൂസപാക്യം, ജോസഫ് മാർ ബെർണബാസ് സഫ്രഗൺ മെത്രാപ്പോലീത്ത, ബിഷപ്പുമാരായ ജോസഫ് മാർ തോമസ്, സാമുവേൽ മാർ ഐറേനിയോസ്, ഫിലിപ്പോസ് മാർ സ്തേഫാനോസ്, തോമസ് മാർ അന്തോണിയോസ്, വിൻസെന്റ് മാർ പൗലോസ്, തോമസ് മാർ യൗസേബിയോസ്, ഗീവർഗ്ഗീസ് മാർ മക്കാറിയോസ്, യൂഹാനോൻ മാർ തെയഡോഷ്യസ്, മാത്യൂസ് മാർ പോളികാർപ്പസ്, മാത്യൂസ് മാർ പക്കോമിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ആന്റണി മാർ സിൽവാനോസ്, മാർ ജോസഫ് കല്ലറങ്ങാട്ട്, ഐസക് മാർ പീലക്സിനോസ്, മാർ ജേക്കബ് മനത്തോടത്ത്, മാർ ബോസ്കോ പുത്തൂർ, മാത്യൂസ് മാർ തേവോദോസിയോസ്, ജെയിംസ് ആനാപ്പറമ്പിൽ, പോൾ ആന്റണി മുല്ലശ്ശേരി, ഡി. സെൽവരാജൻ, സ്റ്റാൻലി റോമൻ, സിൽവസ്റ്റർ പൊന്നുമുത്തൻ, ആന്റണി വാലുങ്കൽ, ഡെന്നീസ് കുറുപ്പശ്ശേരി, ഗീവർഗ്ഗീസ് മാർ അപ്രേം, ക്രിസ്തുദാസ് ആർ, ജോസ് ജോർജ്ജ്, മാത്യൂസ് മാർ സിൽവാനോസ് എന്നിവർ സംബന്ധിച്ചു. മന്ത്രിമാരായ കെ.എൻ. ബാലഗോപാൽ, വി. ശിവൻകുട്ടി, കടന്നപ്പള്ളി രാമചന്ദ്രൻ, കെപിസിസി പ്രസിഡന്റ് സണ്ണി ജോസഫ്, സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ, സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം, എംപി മാരായ രാജ്മോഹൻ ഉണ്ണിത്താൻ, ജോൺ ബ്രിട്ടാസ്, എ.എ. റഹീം, എംഎൽഎ മാരായ രമേശ് ചെന്നിത്തല, കടകംപള്ളി സുരേന്ദ്രൻ, ആന്റണി രാജു, വി.കെ. പ്രശാന്ത്, എം. വിൻസെന്റ്, ഡി.കെ. മുരളി, ജി. സ്റ്റീഫൻ, വി. ജോയി, ഐബി സതീഷ്, എ. ആൻസലൻ, മാത്യു റ്റി. തോമസ്, മാണി സി. കാപ്പൻ, ചാണ്ടി ഉമ്മൻ, ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി ഗുരുരത്നം ജ്ഞാനതപസ്വി, സ്വാമി അശ്വതി തിരുനാൾ, പാളയം ഇമാം സുഹൈബ് മൗലവി, ഇ.പി. ജയരാജൻ, കെ. മുരളീധരൻ, സി.പി. ജോൺ, കെ.എസ്. ശബരിനാഥൻ, വി.വി. രാജേഷ്, വി.എസ്. ശിവകുമാർ, സി. ദിവാകരൻ, ജോസഫ് എം പുതുശ്ശേരി, പാലോട് രവി, എൻ. ശക്തൻ, കെ. മോഹൻകുമാർ എന്നിവർ പരിപാടികളിൽ സംബന്ധിച്ചു. അനുമോദന യോഗത്തിൽ മാർ ക്ലീമീസ് ബാവ അധ്യക്ഷനായിരുന്നു. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത പ്രസംഗിച്ചു. വത്തിക്കാൻ സ്ഥാനപതി കാര്യാലയത്തിൽ നിന്നുള്ള സന്ദേശം ബിഷപ്പ് സ്റ്റീഫൻ ഫെർണാണ്ടസും, യുകെയിലെ ബെർമിംഗ്ഹാം ആർച്ചുബിഷപ്പിന്റെ സന്ദേശം മോൺ. കാനൻ ഡാനിയേലും വായിച്ചു. ബിഷപ്പ് യൂഹാനോൻ മാർ അലക്സിയോസ് മറുപടി പ്രസംഗം നടത്തി. പുതിയ മെത്രാന്മാർക്ക് മേജർ അതിഭദ്രാസന വികാരി ജനറൽ മോൺ. വർക്കി ആറ്റുപുറത്ത് കോർ എപ്പിസ്കോപ്പ, മോൺ, കുരിയാക്കോസ് ചെറുപുഴ തോട്ടത്തിൽ, യുകെ പാസ്റ്റർ കൗൺസിൽ വൈസ് പ്രസിഡന്റ് എബ്രഹാം, തിരുവനന്തപുരം പാസ്റ്റർ കൗൺസിൽ സെക്രട്ടറി അഡ്വ. ജോജോ കെ. എബ്രഹാം എന്നിവർ ബൊക്കെ സമർപ്പിച്ചു. മലങ്കര ഓർത്തഡോക്സ് സഭയ്ക്കുവേണ്ടി മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ ബിജു ഉമ്മൻ ബൊക്കെ നൽകി.

www.malankaralibrary.com















www.malankaralibrary.com
















www.malankaralibrary.com















www.malankaralibrary.com

















www.malankaralibrary.com















www.malankaralibrary.com










www.malankaralibrary.com









www.malankaralibrary.com















www.malankaralibrary.com
















www.malankaralibrary.com



www.malankaralibrary.com

RNI Licence No. 5675/1960
Registered-Postal Reg.No.KL/TV(N)/284/2024-2026
Date of Publication 29-11-2025

**Christavakahalam Monthly, DECEMBER 2025**
Annual Subscription Rs. 150/-
Single Copy Rs. 15/-

**മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ**
**പ്രഥമ പ്രസിദ്ധീകരണം.**
**ആകർഷകമായ രൂപകല്പനയിൽ**
**എല്ലാ കുടുംബങ്ങളിലേക്കും....**

# ക്രൈസ്തവ കാഹളം




**വായിക്കുക – പ്രചരിപ്പിക്കുക – വരിക്കാരാക്കുക**

Published by The Director, Communication Media, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum-4, Ph: 0091 471 2446116, 2443374,
e-mail:stmaryspresspattom@gmail.com